# സിഐടിയു സന്ദേശം


സിഐടിയു സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരണം

2022 ജനുവരി, വോള്യം: 10 ലക്കം: 5



**എഡിറ്റോറിയൽ ബോർഡ്**

ചെയർമാൻ
ആനത്തലവട്ടം ആനന്ദൻ

എഡിറ്റർ
എളമരം കരീം

കെ.ഒ. ഹബീബ്,
പി. നന്ദകുമാർ,
കെ ചന്ദ്രൻപിള്ള



**08**
## ദ്വിദിന ദേശീയ പണിമുടക്ക്
ഫെബ്രുവരി 23, 24





**0.1 ശതമാനം**
സമ്പന്നർക്കുവേണ്ടി
പ്രവർത്തിക്കുന്ന
ജനവിരുദ്ധ
ബിജെപി സർക്കാരിനെതിരെ ....

**99.9 ശതമാനം**
സാധാരണക്കാർക്ക്
ഉതകുന്ന
ഗുണകരമായ
നയങ്ങൾക്കുവേണ്ടി....

**"ജനങ്ങളെ സംരക്ഷിക്കുക
രാജ്യത്തെ രക്ഷിക്കുക"**

**ഒന്നിക്കൂ! പോരാടൂ ...** ട്രേഡ് യൂണിയൻ സംയുക്ത സമിതി


ഇന്ത്യൻ തൊഴിലാളിവർഗം ദ്വിദിന പണിമുടക്കിലേക്ക് ... **37** കെ.എൻ. ഗോപിനാഥ്

**41** വിലക്കയറ്റം നിയന്ത്രിക്കുക, ജനങ്ങൾക്ക് ആശ്വാസം എത്തിക്കുക

ലോകചരിത്രത്തിൽ തൊഴിലാളിപ്രസ്ഥാനം രൂപം കൊള്ളുന്നു **47** എൻ. പത്മലോചനൻ

**50** സംഘടനാ വാർത്തകൾ


കലാസാഹിത്യവുമായി ബന്ധപ്പെട്ട തെരഞ്ഞെടുക്കപ്പെട്ട രചനകൾ '**സർഗ്ഗത്താളുകൾ**'
എന്ന പംക്തിയിലൂടെ ഈ ലക്കം മുതൽ ആരംഭിക്കുന്നു.

## ഫെബ്രുവരി 23, 24
# ദേശീയ പണിമുടക്ക് ചരിത്രവിജയമാക്കുക

മോദി സർക്കാരിന്റെ തീവ്ര ഉദാരവൽക്കരണ നയങ്ങൾക്കെതിരെ, ഇന്ത്യൻ തൊഴിലാളിവർഗം 2022 ഫെബ്രുവരി 23, 24 തീയതികളിൽ പണിമുടക്കുകയാണ്. ദേശീയ ട്രേഡ് യൂണിയനുകളാണ് പണിമുടക്കിനാഹ്വാനം നൽകിയിരിക്കുന്നത്. തൊഴിലാളികളെയും കർഷകരെയും, രാജ്യത്തെയും ബാധിക്കുന്ന കേന്ദ്രസർക്കാർ നയങ്ങൾ ഉപേക്ഷിക്കണമെന്നതാണ് പണിമുടക്കിന്റെ ആവശ്യം. 1991 മുതൽ ആഗോളവൽക്കരണ നയങ്ങൾ ഇന്ത്യയിൽ നടപ്പാക്കാൻ ആരംഭിച്ചതിനുശേഷമുള്ള ഇരുപതാമത്തെ ദേശീയ പണിമുടക്ക്.

പൊതുമേഖലാ വ്യവസായങ്ങൾ സ്വകാര്യവൽക്കരിക്കുന്ന നടപടികൾ കേന്ദ്രസർക്കാർ നടപ്പാക്കിവരുന്നു. പല സ്ഥാപനങ്ങളിലും തൊഴിലാളി സംഘടനകൾ ശക്തമായ പ്രതിരോധം ഉയർത്തുന്നുണ്ട്. വിശാഖപട്ടണം സ്റ്റീൽ പ്ലാന്റ് സ്വകാര്യവൽക്കരിക്കുന്നതിനെതിരെ, തൊഴിലാളികളും, ജനങ്ങളും ഒരുമിച്ചാണ് പ്രക്ഷോഭം നടത്തുന്നത്. കൊച്ചിൻ റിഫൈനറി സ്വകാര്യവൽക്കരിക്കുന്നതിനെതിരെ, എറണാകുളം ജില്ലയിൽ, ജനകീയ പ്രക്ഷോഭം ശക്തിപ്പെട്ടു വരികയാണ്. ഹിന്ദുസ്ഥാൻ പേപ്പർ കോർപറേഷന്റെ കോട്ടയം (വെള്ളൂർ) യൂണിറ്റ് സ്വകാര്യവൽക്കരണത്തെ തൊഴിലാളികൾ ശക്തിയായി ചെറുത്തു. സംസ്ഥാനത്തെ എൽഡിഎഫ് സർക്കാരും, സ്വകാര്യവൽക്കരണത്തിനെതിരെ രംഗത്ത് വന്നപ്പോൾ, കമ്പനി വിൽക്കാൻ കഴിഞ്ഞില്ല. പ്രസ്തുത ഫാക്ടറി, കേരള സർക്കാരിന് നൽകാൻ കേന്ദ്രസർക്കാർ നിർബന്ധിതരായി. പ്രസ്തുത കമ്പനി, പുതിയ രൂപത്തിൽ പ്രവർത്തനം പുന:രാരംഭിച്ചു.

41 ഓർഡനൻസ് ഫാക്ടറികൾ, 7 കോർപറേഷനുകളാക്കി മാറ്റാനുള്ള നടപടിക്കെതിരെ, തൊഴിലാളികൾ പണിമുടക്കാൻ നോട്ടീസ് നൽകിയിരുന്നു. സ്വകാര്യവൽക്കരണമാണ് കേന്ദ്ര സർക്കാർ ലക്ഷ്യം. ഈ പണിമുടക്ക് നിരോധിക്കുന്ന നിയമം, പാർലമെന്റ് പാസാക്കി. സ്വകാര്യവൽക്കരണ ലക്ഷ്യം നേടാൻ ഏതറ്റം വരെയും മോദിസർക്കാർ പോകുമെന്നതിന്റെ സൂചനയാണിത്.

ജിഐസി സ്വകാര്യവൽക്കരണ ബില്ല്, പ്രതിപക്ഷ എതിർപ്പ് മാനിക്കാതെ, പാർലമെന്റ് പാസാക്കി. ഈ ബില്ല് പാസാക്കുന്ന ഘട്ടത്തിൽ രാജ്യസഭയിലുണ്ടായ ബഹളത്തിന്റെ പേരിലാണ്, 12 പ്രതിപക്ഷ എംപിമാരെ സസ്പെന്റ് ചെയ്തത്. എൽഐസി ഓഹരികൾ, മാർക്കറ്റിൽ വിൽപ്പന നടത്താൻ സർക്കാർ തീരുമാനിച്ചുകഴിഞ്ഞു. ബാങ്കുകൾ സ്വകാര്യവൽക്കരിക്കുന്നതിൽ പ്രതിഷേധിച്ച്, രാജ്യത്തെ ബാങ്ക് ജീവനക്കാർ, 48 മണിക്കൂർ പണിമുടക്ക് നടത്തി. ബാങ്ക് ജീവന

ക്കാരുടെ ശക്തമായ ചെറുത്തുനിൽപ്പ് കാരണം, ബാങ്കുകൾ സ്വകാര്യവൽക്കരിക്കാനുള്ള ബില്ല്, പാർലമെന്റിൽ അവതരിപ്പിക്കുന്നത് മാറ്റിവച്ചു.

പൊതുമേഖലാ സ്ഥാപനങ്ങൾ വിൽപ്പന നടത്തുന്നതിനെതിരെ, ചെറുത്തുനിൽപ്പ് ശക്തിപ്പെട്ടു വരുന്നതിനാൽ, സർക്കാർ ഉദ്ദേശിച്ച വേഗതയിൽ നടപടികൾ പൂർത്തീകരിക്കാൻ കഴിയുന്നില്ല. ഈ സാഹചര്യത്തിലാണ്, ദേശീയ ആസ്തികൾ ദീർഘകാലത്തേക്ക്, കുത്തകകൾക്ക് പാട്ടത്തിന് നൽകുന്ന നാഷണൽ മോണിട്ടൈസേഷൻ പൈപ്പ് ലൈൻ (NMP) പ്രഖ്യാപിച്ചത്. ദേശീയ പാതകൾ, റെയിൽവേ സ്റ്റേഷനുകൾ, സ്റ്റേഡിയങ്ങൾ, ബി.എസ്.എൻ.എൽ ടവറുകൾ, ഗെയിൽ പൈപ്പ് ലൈനുകൾ, പവർഗ്രിഡ് കോർപറേഷന്റെ വൈദ്യുതി പ്രസരണ ലൈനുകൾ തുടങ്ങിയവയെല്ലാമാണ്, 30 വർഷത്തേക്ക് പാട്ടത്തിന് നൽകാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിരിക്കുന്നത്.

സ്വാതന്ത്ര്യാനന്തര ഭാരതം അംഗീകരിച്ച വികസന നയത്തിന്റെ അടിസ്ഥാനത്തിൽ, ജനങ്ങളുടെ നികുതിപ്പണം ഉപയോഗിച്ച് വികസിപ്പിച്ച പദ്ധതികളാണിവ. ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്ത 'ക്ഷേമരാഷ്ട്രം' എന്ന സങ്കൽപത്തിന് വിധേയമായി രൂപം കൊണ്ട്, പഞ്ചവത്സര പദ്ധതികളിലൂടെയാണ്, രാജ്യത്തിന്റെ പശ്ചാത്തല വികസന മേഖലകൾ വികസിച്ചത്. ഇതൊന്നും സ്ഥാപിക്കാൻ മാത്രം മുതൽമുടക്കാൻ, അക്കാലത്ത്, ഇന്ത്യൻ കുത്തക മുതലാളിമാർക്ക് ശേഷിയുണ്ടായിരുന്നില്ല. എന്നാൽ സ്വതന്ത്രഭാരതത്തിൽ, കോൺഗ്രസ് നേതൃത്വത്തിൽ ഉണ്ടായിരുന്ന സർക്കാരുകൾ അംഗീകരിച്ച് നടപ്പാക്കിയ നയങ്ങളുടെ ഫലമായി, ഇന്ത്യൻ കുത്തക മുതലാളിവർഗം തടിച്ചുകൊഴുത്തു. ലോകത്തിലെ നാലാമനും ഏഷ്യയിലെ ഒന്നാമനുമാണ് മുകേഷ് അമ്പാനി എന്ന കുത്തക മുതലാളി ഇപ്പോൾ. കോവിഡ് മഹാമാരി കാലത്തും, അംബാനി–അദാനിമാർ വൻതോതിൽ സമ്പത്ത് വാരിക്കൂട്ടി. അവർക്ക്, ഏത് മേഖലയും കയ്യടക്കാനുള്ള ശേഷി ഇപ്പോഴുണ്ട്. അവരുടെ ഇംഗിതമാണ് ദേശീയതയുടെ പേരിൽ ഊറ്റം കൊള്ളുന്ന മോദി നടപ്പാക്കി കൊണ്ടിരിക്കുന്നത്.

വ്യവസായങ്ങൾ, ധാതുവിഭവങ്ങൾ, പശ്ചാത്തല വികസന പദ്ധതികൾ എന്നിവ മാത്രമല്ല, രാജ്യത്തെ കൃഷിഭൂമിയും കോർപറേറ്റുകളെ ഏൽപ്പിക്കാനാണ് മോദിസർക്കാർ ഭൂനിയമങ്ങൾ കൊണ്ടുവന്നത്. ഈ നിയമങ്ങൾ ഇന്ത്യൻ കാർഷിക മേഖലയിൽ സൃഷ്ടിക്കുന്ന ഗുരുതരമായ പ്രത്യാഘാതങ്ങൾ തിരിച്ചറിഞ്ഞ കർഷകർ, ഒറ്റക്കെട്ടായി സമരരംഗത്ത് വന്നു. ഒരു വർഷത്തിലേറെക്കാലം, കർഷകൻ നടത്തിയ ഉജ്വല പോരാട്ടത്തിന് മുമ്പിൽ മുട്ടുമടക്കി, മൂന്ന് വിവാദ കർഷക നിയമങ്ങളും മോദിക്ക് പിൻവലിക്കേണ്ടിവന്നു. വൈദ്യുതി സ്വകാര്യവൽക്കരണ ബില്ല്, പാർലമെന്റിൽ അവതരിപ്പിക്കാതെ മാറ്റിവെയ്ക്കാനും കേന്ദ്രസർക്കാർ നിർബന്ധിതരായി.

500 കർഷക സംഘടനകൾ ചേർന്ന് രൂപീകരിച്ച 'സംയുക്ത കിസാൻ മോർച്ച്' (SKM) ലോകചരിത്രത്തിലെ, ഏറ്റവും വലിയ സമരമാണ് നടത്തിയത്. സമരം

അടിച്ചമർത്താൻ മോദി സർക്കാർ നടത്തിയ എല്ലാ ശ്രമങ്ങളെയും കർഷകർ ചെറുത്തു. കർഷകസമരത്തിന് തൊഴിലാളികൾ വലിയ പിന്തുണ നൽകി. ഒരു ഘട്ടം കഴിഞ്ഞപ്പോൾ, തൊഴിലാളി–കർഷക ഐക്യസമരമായി ഇത് മാറി. 2021 സെപ്റ്റംബർ 27ന്റെ ഭാരതബന്ദ് വിജയിപ്പിക്കാൻ, ഇന്ത്യൻ തൊഴിലാളിവർഗം സജീവമായി രംഗത്തുണ്ടായിരുന്നു.

നവ ഉദാരവൽക്കരണ നയത്തിനെതിരെ ലോകത്ത് നടന്ന ഏറ്റവും ഉജ്വല സമരമായിരുന്നു ഇന്ത്യൻ കർഷകർ, തൊഴിലാളി പിന്തുണയോടെ നടത്തിയ സമരം. സാമ്രാജ്യത്വം അടിച്ചേൽപ്പിക്കുന്ന ഉദാരവൽക്കരണ നയങ്ങളെ പ്രതിരോധിക്കാനാവുമെന്ന് കർഷക സമര വിജയം തെളിയിച്ചു. ഇത് ഉദാരവൽക്കരണവിരുദ്ധ സമരം നടത്തുന്നവർക്ക് ആത്മവിശ്വാസം നൽകുന്ന സംഭവമാണ്. ലാറ്റിനമേരിക്കയിലും ഇതേ അനുഭവമുണ്ട്. ലോകത്ത്, ഉദാരവൽക്കരണ നയങ്ങൾക്ക് തുടക്കം കുറിച്ച 'ചിലി'യിൽ ഇടതുപക്ഷം തുടർച്ചയായി നടത്തിയ പോരാട്ടത്തിനൊടുവിൽ, വലതുപക്ഷക്കാരെ, തെരഞ്ഞെടുപ്പിൽ തോൽപ്പിക്കുകയും ചെയ്തു. നിക്കരാഗ്വാ, ബൊളീവിയ, ഹോണ്ടുറാസ് തുടങ്ങിയ രാജ്യങ്ങളിലും, നവ ഉദാരവൽക്കരണ നയങ്ങളെ ചെറുത്ത ഇടതുപക്ഷം തെരഞ്ഞെടുപ്പുകളിൽ ജയിച്ച് അധികാരത്തിൽ വന്നു. സോവിയറ്റാനന്തരം ലോകത്ത്, തേരോട്ടം നടത്തിയിരുന്ന സാമ്രാജ്യത്വ ശക്തികൾക്കേറ്റ കനത്ത പ്രഹരമാണീ സംഭവങ്ങൾ.

മോദിസർക്കാർ, കൂടുതൽ കൂടുതൽ, ജനാധിപത്യ വിരുദ്ധരായി കൊണ്ടിരിക്കുകയാണ് രാജ്യത്തിന്റെ ഫെഡറൽ തത്വം ദുർബലമാക്കുന്നു. സംസ്ഥാനങ്ങളുടെ അധികാരം കവരുന്നു. കേന്ദ്ര ഏജൻസികളെ ഉപയോഗിച്ച്, പ്രതിപക്ഷ പാർടികളുടെ നേതാക്കന്മാരെ വേട്ടയാടുന്നു. ഇലക്ഷൻ കമ്മീഷൻ, ഇ.ഡി., സിബിഐ, ചരിത്ര ഗവേഷണ കൗൺസിൽ തുടങ്ങിയ ഭരണഘടനാ സ്ഥാപനങ്ങൾ, ഭരണകക്ഷിയുടെ വരുതിയിലാക്കി. ആധാർ കാർഡ്, വോട്ടർ ഐഡി കാർഡുമായി ബന്ധിപ്പിക്കുന്ന നിയമം ഉണ്ടാക്കിയത്, ജനാധിപത്യന്മേലുള്ള മറ്റൊരു ആക്രമണമാണ്. ഒരു പൗരന്റെ രഹസ്യവോട്ട് എന്ന അവകാശമാണ് തകർക്കപ്പെട്ടത്.

ഇലക്ടറൽ ബോണ്ടുകൾ വഴി, കോർപറേറ്റ് ഫണ്ട്, ഭീമമായ തോതിൽ ബിജെപി അക്കൗണ്ടിലേക്ക് ഒഴുകുകയാണ്. രാഷ്ട്ര സമ്പത്ത് കോർപറേറ്റുകളെ ഏൽപ്പിക്കുന്നതിനുള്ള പ്രതിഫലമാണിത്. ഈ വൻസമ്പത്ത് ഉപയോഗിച്ചാണ്, ബിജെപി തെരഞ്ഞെടുപ്പിനെ നേരിടുന്നത്. ഇതിനുപുറമെ, കടുത്ത വർഗീയ വൽക്കരണവും.

സുപ്രീംകോടതി വിധിയിലൂടെ, വിശ്വഹിന്ദു പരിഷത്ത് കൈക്കലാക്കിയ, അയോദ്ധ്യയിൽ 'ബാബറി മസ്ജിദ്" 1992 വരെ നിലനിന്ന സ്ഥാനത്ത് ശ്രീരാമക്ഷേത്രം നിർമ്മിക്കുന്നത്, വർഗീയ വിഭജനം ലക്ഷ്യം വെച്ചാണ്. മതനിരപേക്ഷ ഇന്ത്യയുടെ പ്രധാനമന്ത്രി രാമക്ഷേത്രത്തിന് ശിലാസ്ഥാപനം നടത്തി. കാശി

ഗംഗ ഇടനാഴി ഉദ്ഘാടനം ചെയ്യാനെത്തിയ പ്രധാനമന്ത്രി മോദി, ഒരു ഹിന്ദു സന്യാസിയുടെ രൂപത്തിലായിരുന്നു. മതപരമായ ധ്രുവീകരണം സൃഷ്ടിക്കലാണ് ഇവരുടെ ലക്ഷ്യം.

രാജ്യമാസകലം വർഗീയ വിഭജനം സൃഷ്ടിച്ച്, ഭൂരിപക്ഷ വർഗീയതയുടെ പിന്തുണയോടെ രാഷ്ട്രീയാധികാരം നേടലും നിലനിർത്തലുമാണ് സംഘപരിവാറിന്റെ ലക്ഷ്യം. ഇന്ത്യാചരിത്രവും, വിദ്യാഭ്യാസ നയവും പൊളിച്ചെഴുതുന്നത് ഈ ലക്ഷ്യം വെച്ചാണ്. രാജ്യത്തെ പ്രധാന മതന്യൂപക്ഷങ്ങളായ മുസ്ലീം–ക്രൈസ്തവ ജനതക്ക് നേരെ, മനുഷ്യത്വരഹിതമായ അക്രമങ്ങളാണ് വടക്കേ ഇന്ത്യയിലുടനീളം നടക്കുന്നത്. ന്യൂനപക്ഷങ്ങളുടെ ആരാധനാലയങ്ങളും ആക്രമിക്കപ്പെടുന്നു. മഥുര, കാശി എന്നിവിടങ്ങളിൽ സ്ഥിതി ചെയ്യുന്ന മുസ്ലീം പള്ളികൾ ആക്രമണഭീഷണിയിലാണ്.

അതീവ ഗൗരവതരമായ ഈ സാഹചര്യത്തിലും, ബിജെപിയും സംഘപരിവാറും ഉയർത്തുന്ന വർഗീയ ധ്രുവീകരണത്തെ, ഉറച്ച് നിന്നെതിർക്കാൻ പ്രധാന പ്രതിപക്ഷ പാർടിയായ കോൺഗ്രസിന് കഴിയുന്നില്ല. തങ്ങളുടെ ലക്ഷ്യം 'ഹിന്ദുരാജ്യം' ഉണ്ടാക്കലാണെന്ന രാഹുൽഗാന്ധിയുടെ ജയ്പൂർ പ്രസംഗം, മതനിരപേക്ഷ ചിന്താഗതിക്കാരെ ലജ്ജിപ്പിക്കുന്നതാണ്. ബിജെപി സർക്കാർ നടപ്പാക്കുന്ന ജനവിരുദ്ധ, ഉദാരവൽക്കരണ നയങ്ങളെയും കോൺഗ്രസ് എതിർക്കുന്നില്ല. പൊതുമേഖലാ സ്വകാര്യവൽക്കരണത്തിനും കോൺഗ്രസ് എതിരല്ല. ബിജെപി സർക്കാരിന്റെ ജനവിരുദ്ധതൊഴിലാളി കർഷക വിരുദ്ധ നയങ്ങൾക്ക്, ബദലായ ഒരു നയം ഉയർത്തിപ്പിടിക്കാൻ കഴിയാത്ത കോൺഗ്രസിന്, ദേശീയ തലത്തിൽ ബിജെപിക്ക് ബദലാവാൻ സാധ്യമല്ല.

മതനിരപേക്ഷ ഉയർത്തിപ്പിടിച്ചുകൊണ്ട്, അധ്വാനിക്കുന്ന ജനത, തൊഴിലാളികൾ, കർഷകർ, ജീവനക്കാർ ഐക്യപ്പെടേണ്ട സന്ദർഭമാണിത്. തൊഴിലാളി–കർഷക സമരങ്ങളിൽ പ്രകടമാവുന്ന ഐക്യം പ്രതീക്ഷാനിർഭരമാണ്. അതോടൊപ്പം, ന്യൂനപക്ഷ മതവിഭാഗങ്ങൾക്കിടയിൽ, മതതീവ്ര ആശയങ്ങൾ പ്രചരിപ്പിച്ച്, ഭിന്നിപ്പിക്കുന്ന ജമാ അത്തെ ഇസ്ലാമി, പോപ്പുലർ ഫ്രണ്ട്, എസ്ഡിപിഐ തുടങ്ങിയ ശക്തികളെയും ഒറ്റപ്പെടുത്തണം. സംഘപരിവാറിന്റെ 'ഹിന്ദു രാഷ്ട്രം' എന്ന ലക്ഷ്യം പൂർത്തീകരിക്കാൻ സഹായകരമാണ് മുസ്ലീം തീവ്രവാദ ശക്തികളുടെ നിലപാട്, എല്ലാ തരത്തിലുമുള്ള വർഗീയതയേയും ചെറുക്കണം. വർഗ ഐക്യം ശക്തിപ്പെടുത്തണം.

ജനങ്ങളുടെ പോരാട്ടങ്ങൾ ഒരുനാൾ വിജയം കൈവരിക്കുമെന്ന ആത്മവിശ്വാസം ഹിമാലയത്തോളം ഉയർന്ന സമകാലീന ഇന്ത്യൻ സാഹചര്യത്തിൽ, തൊഴിലാളിവർഗത്തിന്റെ ദേശീയ പണിമുടക്കം ഉജ്വല വിജയമായി മാറ്റണം.



# ദ്വിദിന ദേശീയ പണിമുടക്ക്

## 2022 ഫെബ്രു. 23, 24




## "ജനങ്ങളെ സംരക്ഷിക്കുക രാജ്യത്തെ രക്ഷിക്കുക"

**ട്രേഡ് യൂണിയൻ സംയുക്ത സമിതി**

ആഗോളവൽക്കരണ നയം
നരസിംഹ റാവു-മൻമോഹൻസിങ്ങിന്റെ കൂട്ടുകെട്ടിൽ
1991-ൽ ഇന്ത്യയിൽ കെട്ടഴിച്ചുവിട്ടതിന് ശേഷം
നടക്കുന്ന 21-ാമത്തെ പണിമുടക്കാണ്
2022 ഫെബ്രുവരി 23, 24 തീയതികളിൽ നടക്കുന്നത്.
1991 നവംബർ 29-നായിരുന്നു
ആഗോളവൽക്കരണത്തിനെതിരെ
നടന്ന ആദ്യത്തെ ദേശീയ പണിമുടക്ക്.
1991-ൽ കോൺഗ്രസ് സർക്കാർ തുടങ്ങിവച്ച
സ്വകാര്യവൽക്കരണ-ഉദാരവൽക്കരണ നയങ്ങൾ
മോദിയുടെ നേതൃത്വത്തിലുള്ള ബിജെപി സർക്കാർ
അതിശക്തമായി നടപ്പാക്കുകയാണ്.
നഷ്ടത്തിലോടുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ
വിൽപ്പനയിൽ തുടങ്ങിയ സ്വകാര്യവൽക്കരണ പരിപാടി
ഇന്നിപ്പോൾ രാജ്യത്തിന്റെ തുറമുഖം,
വിമാനത്താവളങ്ങൾ, പ്രതിരോധ മേഖലയിലെ
സ്ഥാപനങ്ങൾ, റോഡുകൾ എന്നിവയിൽ വരെ
എത്തി നിൽക്കുകയാണ്.
കോവിഡ് കാലം പോലും സ്വകാര്യവൽക്കരണത്തിനും
തൊഴിലാളികളെ അടിച്ചമർത്താനുമുള്ള
അവസരമായാണ് ബിജെപി സർക്കാർ ഉപയോഗിച്ചത്.

2021-ലെ പണിമുടക്കിൽ 25 കോടിയോളം തൊഴിലാളികൾ
സംയുക്ത ദേശീയ പണിമുടക്കിൽ അണിനിരന്നു.
2022 ഫെബ്രു. 23, 24-ലെ പണിമുടക്കിൽ അതിലുമധികം
തൊഴിലാളികൾ പണിമുടക്കും.

# പണിമുടക്കിൽ സംയുക്തമായി ഉന്നയിക്കുന്ന 12 ആവശ്യങ്ങൾ

1. തൊഴിൽ കോഡുകളും ആവശ്യപ്രതിരോധ സേവന നിയമവും പുന:പരിശോധിക്കണം.
2. എല്ലാരൂപത്തിലുമുള്ള സ്വകാര്യവൽക്കരണവും അവസാനിപ്പിക്കണം.
3. സൗജന്യ ഭക്ഷ്യധാന്യവും വരുമാനനഷ്ടപരിഹാരമായി 7500 രൂപയും പ്രതിമാസം നൽകണം.
4. അസംഘടിത മേഖലയിലെ എല്ലാ തൊഴിലാളികൾക്കും സാർവത്രിക സാമൂഹ്യ സുരക്ഷാപദ്ധതി നടപ്പിലാക്കണം.
5. സകീംവർക്കർമാർക്ക്, തൊഴിലാളികൾക്ക് നൽകുന്ന എല്ലാ പരിരക്ഷയും അനുവദിക്കണം.
6. സമ്പദ് നികുതി വർദ്ധിപ്പിച്ച് കൃഷി, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ രംഗങ്ങളിൽ നിക്ഷേപം വർദ്ധിപ്പിക്കണം.
7. പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് മേലുള്ള കേന്ദ്രഎക്സൈസ് തീരുവ വെട്ടിക്കുറക്കണം. വിലക്കയറ്റം തടയണം.
8. കരാർ/പദ്ധതി തൊഴിലാളികളെ സ്ഥിരപ്പെടുത്തുക, തുല്യജോലിക്ക് തുല്യവേതനം നൽകണം.
9. പുത്തൻ പെൻഷൻ പദ്ധതി റദ്ദാക്കി , എല്ലാ തൊഴിലാളികളുടെയും പഴയ പെൻഷൻ പദ്ധതി പരിധിയിൽ കൊണ്ടുവരണം. ഇ.പി.എഫിന് കീഴിലെ കുറഞ്ഞ പെൻഷൻ വർദ്ധിപ്പിക്കണം.
10. കർഷകരുടെ അവകാശപത്രികയിലെ എല്ലാ ആവശ്യങ്ങളും അംഗീകരിക്കണം.
11. തൊഴിലുറപ്പ് പദ്ധതിക്ക് കൂടുതൽ തുക വകയിരുത്തണം.
12. കോവിഡ് പ്രതിരോധത്തിലെ മുൻനിര തൊഴിലാളികൾക്ക് ആരോഗ്യ സുരക്ഷ ഇൻഷുറൻസ് നടപ്പിലാക്കണം.

- 2019 ജൂലൈ മാസം പാർലമെന്റ് പാസാക്കിയ "ദി കോഡ് ഓൺ വേജസ് ആക്റ്റ്" തൊഴിലാളികൾക്ക് ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യങ്ങളും, സംരക്ഷണവും നഷ്ടപ്പെടുത്തുന്നതാണ്.
- തൊഴിൽ നിയമങ്ങൾ തൊഴിലുടമകൾക്കനുകൂലമായി ഭേദഗതി ചെയ്യുന്നതിനെതിരെ രാജ്യത്തെ മുഴുവൻ തൊഴിലാളി സംഘടനകളും ഒന്നിച്ചുയർത്തിയ പ്രക്ഷോഭങ്ങളെ തൃണവൽഗണിച്ചുകൊണ്ടാണ്, മോഡി സർക്കാർ പുതിയ നിയമം പാസാക്കിയത്.
- നവ ഉദാരവൽക്കരണ നയങ്ങളുടെ പശ്ചാത്തലത്തിൽ ലോകത്താകെ തൊഴിൽ ബന്ധങ്ങൾ "അയവേറിയതാക്കുക" എന്ന നയത്തിന്റെ ഭാഗമാണ് ഇന്ത്യൻ നിയമം.
- പാർലമെന്റ് അംഗീകരിച്ച പുതിയ നിയമത്തിന്റെ ചട്ടങ്ങളുടെ കരട് സർക്കാർ പ്രസിദ്ധീകരിച്ചിരിക്കുകയാണ്. ഇന്ത്യയിലെ തൊഴിലാളികൾ അനുഭവിച്ചിരുന്ന പല പല അവകാശങ്ങളും നഷ്ടപ്പെടുമെന്ന് നിർദേശിക്കപ്പെട്ട ചട്ടങ്ങൾ വ്യക്തമാക്കുന്നു.
- തൊഴിലാളികളുടെ ഒരു ദിവസത്തെ ജോലി സമയം 9 മണിക്കൂർ വരെ ആവാമെന്ന് ചട്ടങ്ങളിൽ പറയുന്നു. ജോലിക്കിടയിൽ ഇടവേളകൾ നൽകിക്കൊണ്ട്, ദിവസ ജോലി സമയത്തിന്റെ ദൈർഘ്യം 12 മണിക്കൂർ വരെ ആക്കാൻ ചട്ടം വ്യവസ്ഥ ചെയ്യുന്നു.

## 01 പുതിയ വേജ് കോഡ് തൊഴിലാളി വിരുദ്ധം, പുന:പരിശോധിക്കുക




- ഐഎൽഒ അംഗീകരിച്ച പ്രമാണമാണ് എട്ട് മണിക്കൂർ ജോലി എന്നത്. എട്ട് മണിക്കൂറിൽ കൂടുതൽ ഒരു തൊഴിലാളിയെ തൊഴിലുടമ ജോലി ചെയ്യിച്ചാൽ അങ്ങനെ ചെയ്യുന്ന തൊഴിലിന് ഇരട്ടി വേതനം നൽകണം.
- ഒരാഴ്ചയിൽ നിശ്ചയിക്കപ്പെട്ട കൂലി ലഭിക്കാൻ 48 മണിക്കൂർ ജോലി ചെയ്താൽ മതിയായിരുന്നു. അത് 54 മണിക്കൂറായി ഉയരും.
- മിനിമം വേതന നിയമപ്രകാരമാണ് നേരത്തെ തൊഴിലാളികളുടെ കുറഞ്ഞ കൂലി നിശ്ചയിച്ചിരുന്നത്.
- ഓരോ മേഖലക്കും മിനിമം വേതനം 5 വർഷത്തേക്കാണ് നിശ്ചയിക്കുക. 5 വർഷം കഴിഞ്ഞാൽ പുതുക്കി നിശ്ചയിക്കും.
- പുതിയ നിയമം ഈ വ്യവസ്ഥ മാറ്റിമറിച്ചു. മിനിമം വേതന അഡൈ്വസറി ബോർഡിന്റെ ശുപാർശ സ്വീകരിക്കാൻ സർക്കാരിന് ബാധ്യതയില്ല.
- സാധാരണ തൊഴിലാളികളുടെ താല്പര്യങ്ങളെ തീർത്തും ഹനിക്കുന്നതാണ് പുതിയ നിയമം.
- പത്ര പ്രവർത്തകരെയും സെയിൽസ് പ്രമോട്ടർമാരെയും ദോഷകരമായി ബാധിക്കും.
- 'വർക്കർ' എന്ന വിഭാഗത്തിൽ വരുന്നവർക്ക് മിനിമം വേതന വ്യവസ്ഥ ഉണ്ടാവില്ല.
- ഇന്ത്യയിലെ വ്യവസായങ്ങളിൽ ജോലി ചെയ്യുന്നവരിൽ ഭൂരിപക്ഷവും കരാർ തൊഴിലാളികളാണ്. കരാർ തൊഴിലാളി നിയമമനുസരിച്ച് അവർക്ക് നിശ്ചയിക്കപ്പെട്ട ശമ്പളം ഏതെങ്കിലും കോൺട്രാക്ടർ നൽകിയില്ലെങ്കിൽ ആയത് നൽകാൻ പ്രിൻസിപ്പൽ

എംപ്ലോയർക്ക് ബാധ്യത ഉണ്ടായിരുന്നു. പുതിയ നിയമം, ആ ബാധ്യതയിൽ നിന്ന് തൊഴിലുടമകളെ ഒഴിവാക്കി.

- ഏതെങ്കിലും തൊഴിലാളി പണിമുടക്കം, നിയമ വിരുദ്ധമായ പണിമുടക്കായി സർക്കാർ പ്രഖ്യാപിച്ചാൽ, ആ പണിമുടക്കിൽ പങ്കെടുത്ത തൊഴിലാളികളുടെ ശമ്പളത്തിൽ നിന്നും ഒരു ദിവസത്തെ പണിമുടക്കിന് 8 ദിവസത്തെ വേതനം പിടിച്ചുവെക്കാൻ മാനേജ്മെന്റുകൾക്ക് പുതിയ വേജ്കോഡ് അവകാശം നൽകുന്നു.

- പുതിയ വേജ്കോഡിലെ വ്യവസ്ഥ, മാനേജ്മെന്റുകൾക്ക് സമ്മതമുണ്ടെങ്കിൽ മാത്രമെ ബാലൻസ് ഷീറ്റ് ട്രേഡ് യൂണിയനുകളെ കാണിക്കേണ്ടതുള്ളൂ. ഇത് ന്യായമായ ബോണസ് നൽകാതിരിക്കാൻ മുതലാളിമാർക്ക് അവസരം നൽകും.

- ‘ലേബർ ഇൻസ്പെക്ടർ’ എന്ന പേരുമാറ്റി പകരം ‘ഫെസിലിറ്റേറ്റർ’ (സൗകര്യപ്പെടുത്തുന്ന ആൾ) എന്ന പേരിലുള്ള ഉദ്യോഗസ്ഥനായിരിക്കും ഇനി പരിശോധനാധികാരം. ഇവർ കമ്പനി പരിശോധിക്കാൻ എത്തുന്ന വിവരം മുൻകൂട്ടി മാനേജ്മെന്റിനെ അറിയിച്ചിരിക്കണം. തൊഴിൽ നിയമങ്ങൾ നടപ്പാക്കാത്ത മാനേജ്മെന്റുകൾക്ക് സൗകര്യം ഒരുക്കുന്നതാണ് പുതിയ നിയമം.



- “ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്” എന്ന തത്വത്തെ അടിസ്ഥാനപ്പെടുത്തിയാണ് പുതിയ നിയമം.

- ഇന്ത്യയിൽ തൊഴിൽ ചെയ്യുന്ന 56 കോടിയിൽപരം തൊഴിലാളികളിൽ 90 ശതമാനത്തിലധികം വരുന്ന, ചെറുകിട വ്യവസായങ്ങളിലും കരാറടിസ്ഥാനത്തിലും വരുന്ന അസംഘടിത പരമ്പരാഗത മേഖലകളിലും തൊഴിൽ ചെയ്യുന്ന കോടിക്കണക്കിന് തൊഴിലാളികളുടെ അവകാശങ്ങൾ കവർന്നെടുക്കുന്ന വേജ് കോഡ് നിയമത്തിനെതിരെ എല്ലാ വിഭാഗം തൊഴിലാളികളും ഒറ്റക്കെട്ടായി അണിനിരക്കണം.

- പല വ്യവസായങ്ങളെയും അവശ്യ സേവനസർവീസിൽപ്പെടുത്തി പണിമുടക്കുകളും സംഘടിക്കാനുള്ള അവകാശവും നിഷേധിക്കുന്ന സമീപനമാണ് കേന്ദ്ര സർക്കാരും ചില സംസ്ഥാന ഗവൺമെന്റുകളും സ്വീകരിച്ചുവരുന്നത്. •

**02**

# നഷ്ടത്തിന്റെ ദേശവൽക്കരണവും ലാഭത്തിന്റെ സ്വകാര്യവൽക്കരണവും

- ശതകോടികളുടെ കടബാധ്യതയിലകപ്പെട്ട സ്വകാര്യ മൊബൈൽ സേവനദാതാവ് വോഡാഫോൺ - ഐഡിയ ഓഹരി സ്വന്തമാക്കി കേന്ദ്ര സർക്കാർ. സ്പെക്ട്രം ലേലം ഇനത്തിൽ സർക്കാരിന് അടയ്ക്കാനുള്ള തുക പണമായി നൽകാനാകില്ലെന്ന കമ്പനിയുടെ വാദം കേന്ദ്ര അതേപടി അംഗീകരിച്ചു. 50,000 കോടി രൂപ ലേലത്തുകയായും 16000 കോടി രൂപ പലിശയിനത്തിലും വോഡോഫോൺ നൽകാനുണ്ട്. ഈ കോടികൾ വെട്ടിക്കിഴിച്ച് സ്വകാര്യ ടെലികോം കമ്പനിയുടെ 35.8 ശതമാനം ഓഹരി കേന്ദ്രസർക്കാർ സ്വന്തമാക്കി. ബി.എസ്എൻഎൽ ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കുന്ന നടപടികൾ വേഗത്തിലാക്കുമ്പോഴാണ് നഷ്ടത്തിലായ സ്വകാര്യ കമ്പനിയുടെ ഓഹരികൾ കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്.
- ലാഭകരമായി പ്രവർത്തിക്കുന്ന ഭാരത് പെട്രോളിയം - കൊച്ചി റിഫൈനറി, ഹിന്ദുസ്ഥാൻ ലൈഫ് കെയർ, ജിഐസി, എൽഐസി, പ്രതിരോധ മേഖലയിലെ ഓർഡനൻസ് ഫാക്ടറികൾ ഇവയോടെല്ലാം കേന്ദ്രം സ്വീകരിക്കുന്ന സമീപനം നേരെ വിപരീതവുമാണ്.
- നരേന്ദ്ര മോദി സർക്കാരിന്റെ ആദ്യത്തെ രണ്ട് സാമ്പത്തിക വർഷങ്ങളിൽ (2019, 2020) പൊതുമേഖലാ സ്ഥാപനങ്ങളുടെ വിറ്റഴിക്കൽ വഴി 3.85 ലക്ഷം കോടി രൂപ സമാഹരിക്കാനാണ് ലക്ഷ്യമിട്ടത്. എന്നാൽ വിറ്റഴിച്ചത് 83133 കോടി രൂപ മാത്രം.
- കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 2.1 ലക്ഷം കോടി രൂപ സമാഹരിക്കാൻ ലക്ഷ്യമിട്ടതിൽ 32835 കോടി രൂപ മാത്രമേ നേടാനായിട്ടുള്ളൂ. എന്നിട്ടും വില്പനകൾ അവസാനിക്കുന്നില്ല.
- ഡീമോണിറ്റൈസേഷൻ കാലാന്തരേണ മോണിറ്റൈസേഷനാക്കി തകിടം മറിച്ചു. 12 മന്ത്രാലയങ്ങളിലെ 20 നിർണായകമായ ആസ്തികൾ, 60 ലക്ഷം കോടി രൂപയുടെ ആസ്തി എൻഎംപിയിലൂടെ 6 ലക്ഷം കോടി രൂപയ്ക്ക് സ്വകാര്യമേഖലയ്ക്ക് പെരുമാറാൻ കൊടുക്കുകയാണ്. ഉടമസ്ഥർ സർക്കാർ തന്നെ ആയിരിക്കുമെന്നത് തട്ടിപ്പാണ്. കൈമാറ്റത്തിന് കാലപരിധിയില്ല. ഒരു കൊല്ലത്തേക്ക് മാത്രം ആരേയും പിരിച്ചുവിടില്ല എന്നതാണ് വ്യവസ്ഥ. ജനങ്ങളുടെ നികുതിപ്പണം ഉപയോഗിച്ച് നിർമ്മിച്ച, ദേശീയ പാതകൾ, തുറമുഖം, വ്യോമയാന മേഖല, സൗരോർജ് പ്ലാന്റുകൾ, ഗ്യാസ് പൈപ്പ് ലൈനുകൾ തുടങ്ങിയ മുതലുകൾ എൻഎംപി എന്ന അഴിമതിക്കുഴലിലൂടെ കൊള്ളയടിച്ച് കൊണ്ടുപോകുകയാണ്.




- 2021-2022ൽ 1.75 ലക്ഷം കോടിയാണ് വിറ്റഴിക്കൽ ലക്ഷ്യം. ബാങ്കിംഗ്, ഊർജം (പെട്രോളിയവും അണുശക്തിയും വൈദ്യുതിയും), ബഹിരാകാശ പദ്ധതികൾ ഉൾപ്പെടെ ഡിഫൻസ് എല്ലാം ഉൾപ്പെടുന്നു. എല്ലാ പൊതിമേഖലാ വ്യവസായങ്ങളും ഘട്ടം ഘട്ടമായി സ്വകാര്യവൽക്കരിക്കുകയാണ് ബിജെപി സർക്കാരിന്റെ നയം. പൊതുമേഖലാ വ്യവസായങ്ങൾ ജനിക്കുന്നതു തന്നെ മരിക്കാനാണ് - എന്ന ആശയം തലയിൽ സൂക്ഷിക്കുന്ന ഒരാൾ നമ്മുടെ പ്രധാനമന്ത്രിയായിരിക്കുന്നിടത്തോളം ഇന്ത്യൻ പൊതുമേഖലയുടെ ഗതി ഊഹിക്കാവുന്നതേയുള്ളു. പ്രധാനമന്ത്രിയുടെ ഓഫീസിലുള്ള നീതി ആയോഗ് പൊതുമേഖല

വിൽക്കാനുള്ള ആരാച്ചാരായി തീർന്നിരിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നാഷണൽ ടെക്സ്റ്റൈൽ കോർപറേഷന്റെ കീഴിലുള്ള 23 ഫാക്ടറികൾ കഴിഞ്ഞ രണ്ടു വർഷമായി അടച്ചിട്ടിരിക്കുകയാണ്.

- കേന്ദ്ര സർക്കാർ പൊതുമേഖലാ വ്യവസായങ്ങളെ സ്വകാര്യവൽക്കരിക്കാൻ ഇത്രയേറെ താല്പര്യം എടുക്കുന്ന പശ്ചാത്തലത്തിലും, ഇന്ത്യൻ വ്യവസായരംഗത്ത് മത്സരാധിഷ്ഠിതമായി മുന്നേറാൻ സ്വകാര്യമേഖലക്കാവുന്നില്ല എന്നതാണ് വസ്തുത.
- പൊതുമേഖല നൽകുന്ന സാമൂഹ്യ ബാധ്യതകളെല്ലാം ഒഴിവാക്കി, കഴിയുന്നതും തൊഴിലാളികളെയും കേവലം ബിസിനസ് യൂണിറ്റുകൾ മാത്രമാക്കി നൽകിയാൽ തങ്ങളേറ്റെടുക്കാം എന്നതാണ് സ്വകാര്യ വ്യവസായികളുടെ നിലപാട്. തന്നാണ്ടിലെ നാളിതുവരെയുള്ള വ്യവസായ വളർച്ചയുടെ സൂചിക 1.14 ശതമാനത്തിൽ തകർന്ന് കൊണ്ടിരിക്കുമ്പോഴും 2008-ലെ ആഗോള സാമ്പത്തിക തകർച്ചയുടെ കാലഘട്ടത്തിലും രാജ്യത്തെ കടുത്ത പ്രതിസന്ധിയിൽ പെടാതെ കാത്തുരക്ഷിച്ചത് ഭദ്രമായ പൊതുമേഖലയാണെന്നത് ആരുടെയും ഓർമയിലുണ്ടാവണം. അതുകൊണ്ടുതന്നെ പൊതുമേഖലയുടെ സംരക്ഷണം എന്നത് തൊഴിലാളികളാൽ മാത്രം സംരക്ഷിക്കപ്പെടേണ്ട കാര്യമല്ല. മറിച്ച ജനങ്ങളാൽ തന്നെ സംരക്ഷിക്കപ്പെടേണ്ടതുണ്ട്.

## പൊതുമേഖലാ- ഇടതുപക്ഷ മാതൃക

- ഇന്ത്യയിൽ ഏറ്റവും കൂടുതൽ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ ഉള്ളത് കേരളത്തിലാണ്. 1957-ലെ ഇഎംഎസ് സർക്കാരാണ് ഇതിന് തുടക്കം കുറിച്ചത്. പൊതുമേഖലാ സ്വകാര്യവൽക്കരണത്തിന് തുടക്കം കുറിക്കാൻ ആർ.സി. ചൗധരി കമ്മിറ്റിയെ നിയോഗിച്ചത് യുഡിഎഫ് സർക്കാരായിരുന്നു. കേന്ദ്ര സർക്കാർ കയ്യൊഴിയുന്ന കേന്ദ്ര പൊതുമേഖലാ വ്യവസായങ്ങളെ പൊതുമേഖലയിൽ നിലനിർത്തി സംരക്ഷിക്കുന്നതിന് ഇടതുപക്ഷ സർക്കാർ എടുത്ത നടപടികളും മാതൃകാപരമാണ്.
- പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ഫാക്ടറി സർക്കാർ ഏറ്റെടുത്തതും കോട്ടയത്തെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറി കേരള സർക്കാർ ഏറ്റെടുത്തതും പ്രത്യേകം കാണേണ്ടതാണ്. തിരുവനന്തപുരം എയർപോർട്ടും സംരക്ഷിക്കാൻ എൽഡിഎഫ് സർക്കാർ സന്നദ്ധമായിരുന്നു എന്നത് ഏവർക്കും അറിയാവുന്നതാണല്ലോ. ●



- സെന്റർ ഫോർ മോണിറ്ററിങ്ങ് ഇന്ത്യൻ ഇക്കോണമി (CMIE) കണക്കനുസരിച്ച് ഡിസംബർ മാസത്തിൽ ഇന്ത്യയിലെ തൊഴിലില്ലായ്മ നിരക്ക് 8% ആയിരുന്നു. 2020-21ലെ എല്ലാ മാസങ്ങളിലും ഇന്ത്യയിലും തൊഴിലില്ലായ്മ 7 ശതമാനത്തിന് മേലെയായിരുന്നു. കഴിഞ്ഞ മൂന്ന് പതിറ്റാണ്ടിലെ ഏറ്റവും ഉയർന്ന തൊഴിലില്ലായ്മാ നിരക്കാണിത്.
- കോവിഡ് കാലത്ത് എല്ലാ രാജ്യങ്ങളിലും തൊഴിലില്ലായ്മ രൂക്ഷമായി. എന്നാൽ ഇന്ത്യയിലെ പോലെ രൂക്ഷമായ മറ്റൊരു രാജ്യവുമില്ല. 2020-ൽ ബംഗ്ലാദേശിലെ തൊഴിലില്ലായ്മ - 5.3%, മെക്സിക്കോ - 4.7%, വിയറ്റ്നാം - 2.3% എന്നിങ്ങനെയായിരുന്നു.
- കോവിഡ് കാലത്ത് തൊഴിലും വരുമാനവും നഷ്ടപ്പെട്ട ജനങ്ങൾക്ക് മിക്ക രാജ്യങ്ങളും നല്ല രീതിയിൽ നേരിട്ട് സാമ്പത്തിക സഹായം നൽകി. അമേരിക്ക, ഇംഗ്ലണ്ട് തുടങ്ങിയ രാജ്യങ്ങൾ തൊഴിലില്ലാതായവർക്ക് അവരുടെ ശമ്പളം സർക്കാർ തന്നെ നേരിട്ട് നൽകുന്ന രീതിയുണ്ടായിരുന്നു. ഇന്ത്യയിൽ അത്തരത്തിൽ ഒരു നടപടിയും ഉണ്ടായില്ല.



## 03 സൗജന്യ ഭക്ഷണവും വരുമാന നഷ്ടപരിഹാരമായി 7500 രൂപയും നൽകണം. എന്തുകൊണ്ട് ?




- ഇന്ത്യയിൽ കുടിയേറ്റ തൊഴിലാളികൾ ജോലിയില്ലാതായി ഭക്ഷണം പോലും ഇല്ലാതെയാണ് ലോക് ഡൗൺ കാലത്ത് അവരുടെ നാടുകളിലെത്തിയത്. ആയിരക്കണക്കിന് കിലോമീറ്ററുകൾ നടന്നാണ് കൊച്ചുകുട്ടികളും കുടുംബവും ഉൾപ്പെടെയുള്ളവർ നാട്ടിലെത്തിയത്.
- മാസ ശമ്പളക്കാരായ അനേകം പേർക്കും ഇന്ത്യയിൽ കോവിഡ് കാലത്ത് ജോലി നഷ്ടമായി. ജോലി വെട്ടിക്കുറച്ച് തൊഴിലാളികളെ പിരിച്ചുവിടാനുള്ള ഒരവസരമായി പല മുതലാളിമാരും കോവിഡ് കാലം ഉപയോഗിച്ചു. പതിനഞ്ചിനും ഇരുപത്തിമൂന്നിനും വയസിനിടയിലുള്ളവരുടെ തൊഴിലാണ് കൂടുതലും നഷ്ടമായത്.
- പ്യൂ റിസർച്ച് സെന്ററിന്റെ കണക്കനുസരിച്ച് 7.5 കോടിയോളം ജനങ്ങൾ ഇന്ത്യയിൽ കോവിഡ് കാലത്ത് കടുത്ത ദാരിദ്ര്യത്തിലേക്ക് വഴുതിവീണു.
- കോവിഡ് കാലത്ത് ലോകത്ത് ദരിദ്രരായവരിൽ 60 ശതമാനവും ഇന്ത്യക്കാരാണ്. ലോകത്ത് ഏറ്റവും കൂടുതൽ കോവിഡ് ബാധിച്ച ഒരു രാജ്യവും ഇന്ത്യയാണ്.
- ജനങ്ങളിൽ ഒരു നല്ല ശതമാനത്തിന് തൊഴിലും വരുമാനവും നഷ്ടപ്പെട്ട് ഭക്ഷണത്തിന് പോലും വകയില്ലാത്ത സാഹചര്യത്തിലാണ് 7500 രൂപയും സൗജന്യഭക്ഷണവും നഷ്ടപരിഹാരമായി നൽകണമെന്ന് സംയുക്ത സമിതി ആവശ്യപ്പെടുന്നത്. •



04

# എല്ലാ തൊഴിലാളികൾക്കും സാർവത്രിക സാമൂഹ്യസുരക്ഷിതത്വം ഉറപ്പാക്കുക




- സമസ്ത തൊഴിലാളികൾക്കും സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കേണ്ടത് നമ്മുടെ ആവശ്യമാണ്.
- സമൂഹത്തിൽ വളരെ ചെറിയൊരു വിഭാഗം തൊഴിലാളികൾക്കു മാത്രമേ അവരുടെ തൊഴിലിലൂടെ പ്രൊവിഡന്റ്, ഇഎസ്ഐ, മെഡിക്കൽ ആനുകൂല്യങ്ങൾ, പ്രസവ ആനുകൂല്യങ്ങൾ, അപകടാനന്തര ആനുകൂല്യങ്ങൾ, ഗ്രാറ്റുവിറ്റി, പെൻഷൻ തുടങ്ങി ആനുകൂല്യങ്ങൾ ലഭ്യമാകുന്നുള്ളു.
- മാത്രമല്ല, രാജ്യത്തെ ആഭ്യന്തര ഉൽപാദനത്തിലധികം സംഭാവന ചെയ്യുന്നതു മൂലം, അസംഘടിത തൊഴിലാളികൾക്ക് സാമൂഹ്യ സുരക്ഷിതത്വം ലഭിക്കുന്നില്ല. ചില അസംഘടിത മേഖലകളിലെ, പ്രത്യേകിച്ച ബീഡി തൊഴിലാളികൾ, നിർമ്മാണ തൊഴിലാളികൾ, ഖനി തൊഴിലാളികൾ, സിനിമാ പ്രവർത്തകർ തുടങ്ങിയവർക്ക് ചില സാമൂഹ്യ സുരക്ഷാ ആനുകൂല്യങ്ങൾ ലഭ്യമാകുന്നുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാർ തലങ്ങളിൽ ഈ പദ്ധതികൾ ഫലപ്രദമായി നടപ്പാക്കാൻ സാധിക്കാത്തതിനാൽ ഇത്തരം തൊഴിലാളികളിൽ 30 % പ്രായോഗികമായി പരിരക്ഷിക്കപ്പെടുന്നില്ല.



- നവലിബറൽ നയങ്ങളനുസരിച്ച് തൊഴിലുടമകൾക്ക് 'ബിസിനസ് ചെയ്യാൻ എളുപ്പമുള്ള' നയങ്ങൾക്ക് മുൻഗണന നൽകാൻ തുടങ്ങി. മോദി നയിക്കുന്ന ബിജെപി സർക്കാരിന്റെ നയമാണിത്.പുതിയ തൊഴിൽ നിയമങ്ങൾ നടപ്പാക്കുന്നത് ഇതിന്റെ ഭാഗമാണ്. കഴിഞ്ഞ ഒന്നര പതിറ്റാണ്ടായി നിർമ്മാണ തൊഴിലാളി കളുടെ ക്ഷേമത്തിനായി സെസ്സിലൂടെ ശേഖരിച്ച ഫണ്ടി ന്റെ 25 % മാത്രമാണ് ഇവരുടെ ആവശ്യങ്ങൾക്കായി ചിലവഴിച്ചത്. ബീഡി തൊഴിലാളികളുടെ സ്ഥിതിയും വ്യത്യസ്തമല്ല.
- റിക്ഷാ തൊഴിലാളികൾക്കും വീട്ടു ജോലിക്കാർക്കുമുൾപ്പടെയു ള്ള അവഗണന അനുഭവിക്കുന്ന തൊഴിലാളി വിഭാഗങ്ങൾക്ക് സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കുമെന്ന് വലിയ വലിയ പരസ്യ ങ്ങളിലൂടെ വിളിച്ചു പറയുന്നതല്ലാതെ മറ്റൊന്നും സംഭവിക്കുന്നി ല്ല. പ്രത്യേകമായി സാമൂഹ്യക്ഷമ പദ്ധതികളൊന്നും നടപ്പിലാക്കി യിട്ടില്ല.
- ആരാണ് യഥാർത്ഥത്തിൽ സാമൂഹ്യ സുരക്ഷിതത്വ പദ്ധതിയിൽ ഉൾപ്പെടുന്നത്. തൊഴിലാളികൾ പദ്ധതിയിൽ ഉൾപ്പെടാൻ ആദ്യം സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യണം. എത്ര തൊഴിലാളി കൾ വേണമെന്ന് സർക്കാർ നിശ്ചയിക്കും. നിലവിലെ സ്ഥിതി എന്താണ്? ഫാക്ടറി നിയമപ്രകാരം ഫാക്ടറികളിലെ തൊഴിലാളി കളുടെ എണ്ണം 40 പേരിൽ താഴെയാണെങ്കിൽ ഇവർ സാമൂഹ്യക്ഷേമ പദ്ധതികളുടെ പുറത്തു പോകുന്നു. അങ്ങനെയെങ്കിൽ നിലവിലുള്ള ഫാക്ടറികളിൽ 72% ഫാക്ടറി തൊഴിലാളികളും പദ്ധതിയ്ക്കു പുറത്തു പോകുന്നു. എണ്ണം നാല്പതിനു താഴെയെങ്കിൽ അത്തരം ഫാക്ടറികളിലെ തൊഴി ലാളികൾ സാമൂഹ്യസുരക്ഷിതത്വ പദ്ധതികളിൽ ഉൾപ്പെടാൻ അർഹരാണോ? അല്ലെങ്കിൽ മറ്റെന്ത് ആനുകൂല്യങ്ങളാണ് ഇവർക്ക് നല്കാൻ ഉദ്ദേശിക്കുന്നത്. സർക്കാരിന് ഉത്തരമില്ല.
- നിലവിലെ സർക്കാർ തൊഴിലാളികളുടെ സാമൂഹ്യ ക്ഷേമത്തിനായി ഒരു പൈസ പോലും മാറ്റിവെക്കാൻ തയ്യാറാകുന്നില്ല. (എന്നാൽ അവരുടെ നിലനില്പിനും ഭാവിയ്ക്കുമായി ലക്ഷ ക്കണക്കിനു രൂപയുടെ പരസ്യങ്ങൾ കുത്തകമാധ്യമങ്ങൾക്കു നൽകുന്നു. ഇതവരുടെ ലാഭം മാത്രമായി മാറുന്നു). അസംഘടിത തൊഴിലാളികൾ അവരുടെ വരുമാനത്തിന്റെ 12.5%മാണ് സാമൂഹ്യ ക്ഷേമ പദ്ധതികൾക്കായി മാറ്റിവെക്കേണ്ടത്. എന്നാൽ തൊഴിൽദാ താക്കൾ തിരിച്ചറിയാത്തവരാണെങ്കിൽ, അവർ സ്വയംതൊഴിലാളികളായി വേർതിരിക്കുക യും അവരുടെ സാമൂഹ്യക്ഷേമത്തിനായി മാറ്റുകയും വേണം.

ഇവയെല്ലാം സാമൂഹ്യക്ഷേമ പദ്ധതികളിലേയ്ക്ക് സംയോജിപ്പിച്ചിരിക്കുന്നു

## "ജനങ്ങളെ സംരക്ഷിക്കുക രാജ്യത്തെ രക്ഷിക്കുക"

- ഇപിഎഫ്, ഇഎസ്ഐ, സിഎംപിഎഫ്, ബിൽഡിംഗ് മറ്റ് നിർമ്മാണ തൊഴിലാളി ക്ഷേമ നിധി തുടങ്ങി അസംഘടിത തൊഴിലാളികളിൽ നിന്നും സ്വയം തൊഴിൽ ചെയ്യുന്നവരിൽ നിന്നും ശേഖരിക്കപ്പെടുന്ന 12 കോടിയിലധികം വരുന്ന തുക പ്രധാനമന്ത്രി അധ്യക്ഷനായ സാമൂഹ്യക്ഷേമ പദ്ധതികളുടെ ദേശീയ കൗൺസിലാണ് വിതരണം ചെയ്യുന്നത്. സാമൂഹ്യ ക്ഷേമ പദ്ധതികളുടെ ദേശീയ കൗൺസിലിന് ഒരു ഉപദേശക സമിതിയുണ്ട്. പക്ഷെ ഇത് തൊഴിലാളി സംഘടനകളുടെ ഘടനയെ തകർക്കും. ധനമൂലധന ലോബിയെ തൃപ്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഓഹരി വിപണിയിലെ ഊഹക്കച്ചവടത്തിലേക്കും സാമൂഹ്യക്ഷേമ പദ്ധതികളിലെ പണം നിക്ഷേപിച്ചേക്കാം. മാത്രമല്ല സാമൂഹ്യ സുരക്ഷാ കോഡ് അനുസരിച്ച് സാമൂഹ്യ സുരക്ഷാ പദ്ധതികളിൽ നിക്ഷേപിച്ചിരിക്കുന്ന ഫണ്ടുകളുടെ സംരക്ഷണം സാമൂഹ്യ സുരക്ഷാ ആനുകൂല്യത്തിൽ ഒന്നും തന്നെ വ്യക്തമാക്കിയിട്ടില്ല.
- ഒരിക്കൽ പാസാക്കിയ സാമൂഹ്യ സുരക്ഷാ ബിൽ നിയമത്തിലായ ശേഷം അതെങ്ങനെ ഉപയോഗിക്കണമെന്ന് ഉദ്യോഗസ്ഥർക്ക് തീരുമാനിക്കാം. ഇപിഎഫ്, ഇഎസ്ഐ, നിർമ്മാണ തൊഴിലാളി ക്ഷേമനിധി. ബീഡി തൊഴിലാളി ക്ഷേമനിധി പോലെ ഉറപ്പുള്ള ക്ഷേമ പദ്ധതികൾ പോലും അട്ടിമറിക്കപ്പെടും. മാത്രമല്ല സർക്കാർ നടപ്പാക്കാനുദ്ദേശിച്ചിരിക്കുന്ന സാമൂഹ്യ ക്ഷേമ നിയമത്തിൽ നിലവിലുള്ള പദ്ധതികളുടെ ആനുകൂല്യങ്ങൾ തുടരുമോയെന്ന കാര്യത്തിലും സംശയമാണ്.



## സാമൂഹ്യ സുരക്ഷിതത്വമോ, മാന്യമായ വഞ്ചനയോ?

- ഓർക്കുന്നുണ്ടോ, 2009 ൽ യുപിഎ സർക്കാർ അസംഘടിത തൊഴിലാളികൾക്കു വേണ്ടി ഏർപ്പെടുത്തുയ സാമൂഹ്യ സുരക്ഷാ നിയമം. ആ നിയമത്തിൽ അന്നത്തെ സർക്കാരോ ഇന്നത്തെ സർക്കാരോ പുതുതായി ഒന്നും ഉൾപ്പെടുത്തിയില്ല. നിലവിലുള്ള ചില സാമൂഹ്യ സുരക്ഷാ പദ്ധതികൾ മാത്രമാണ് ആ നിയമത്തിൽ ഉൾപ്പെടുത്തിയിരുന്നത്.
- മാത്രമല്ല ആ പദ്ധതിയിൽ പെടുത്തിയിരിക്കുന്നത് ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള അസംഘടിത വിഭാഗങ്ങളിലെ തൊഴിലാളികളെ മാത്രമാണ്. നിലവിലെ സർക്കാർ രൂപീകരിച്ച ദേശീയ സാമൂഹ്യക്ഷേമ ബോർഡ് നിഷ്ക്രിയമായിരിക്കുകയും ചെയ്യുന്നു.

## എന്താണ് യഥാർത്ഥത്തിൽ വേണ്ടത്

- നിലവിലുള്ള സാമൂഹ്യ സുരക്ഷാ പദ്ധതികൾ ശക്തിപ്പെടുത്തുക; കർശനമായ നിർദ്ദേശങ്ങളിലൂടെ അവ നടപ്പാക്കുക
- സാമൂഹ്യസുരക്ഷാ പദ്ധതികളിൽ കൂടുതൽ തൊഴിലാളികളെ ഉൾപ്പെടുത്തുക; നിലവിൽ ഇപിഎഫ്, ഇഎസ്ഐ തുടങ്ങി 13 ആനുകൂല്യങ്ങളും 50 % ത്തിലധികം വരുന്ന തൊഴിലാളികൾക്കും ലഭ്യമാകുന്നില്ല
- ആരോഗ്യ സംരക്ഷണം, അപകട സംരക്ഷണം, പെൻഷൻ ആനുകൂല്യങ്ങൾ, കുട്ടികളുടെ വിദ്യാഭ്യാസം തുടങ്ങിയവയെല്ലാം ഉൾപ്പെടുത്തി സാമൂഹ്യ തലത്തിൽ സമഗ്രമായ ഒരു സാമൂഹ്യ സുരക്ഷാ പദ്ധതിയ്ക്ക് സർക്കാർ മുൻകൈ എടുക്കുക. കർഷകരും കൃഷിക്കാരുമുൾപ്പടെയുള്ള തൊഴിലാളി വർഗത്തെ മുഴുവൻ ഈ പദ്ധതിയുടെ ഭാഗമാക്കുക. ●

# 05 സ്കീം തൊഴിലാളികൾക്ക്, തൊഴിലാളികൾക്ക് നൽകുന്ന എല്ലാ പരിരക്ഷയും നൽകുക

- ഐസിഡിഎസ് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ദുർബലപ്പെടുത്താനും അട്ടിമറിക്കാനും നരേന്ദ്ര മോഡിയുടെ നേതൃത്വത്തിലുള്ള ബിജെപി സർക്കാർ ശ്രമിക്കുന്നതിന്റെ പശ്ചാത്തലത്തിൽ അവ സംരക്ഷിക്കേണ്ടതിന്റെയും ശക്തിപ്പെടുത്തേണ്ടതിന്റെ അനിവാര്യത ഇന്ന് സംജാതമായിരിക്കയാണ്. കേന്ദ്ര സർക്കാരിന്റെ ഇത്തരം നയങ്ങൾ അനുവദിച്ചു കൊടുത്താൽ വൻ ദുരന്തമായിരിക്കും സംഭവിക്കാൻ പോകുന്നത്.
- ആറു വയസ്സിന് താഴെയുള്ള ഏകദേശം എട്ടു കോടി കുട്ടികൾക്കും രണ്ടു കോടി സ്ത്രീകൾക്കും ഐസിഡിഎസ് വിഭാവനം ചെയ്യുന്ന അടിസ്ഥാന പ്രവർത്തനങ്ങളായ സമാന്തര പോഷകാഹാരം, ആരോഗ്യ പ്രവർത്തനങ്ങൾ, അംഗൻവാടി വിദ്യാഭ്യാസം എന്നിവ നഷ്ടപ്പെടും. മാത്രമല്ല; ഏകദേശം 27 ലക്ഷത്തോളം അംഗൻവാടി പ്രവർത്തകരുടെയും ആയമാരുടെയും തൊഴിൽ നഷ്ടപ്പെടുകയും ചെയ്യും.
- സ്ത്രീകളുടെയും കുട്ടികളുടെയും ഇടയിൽ രൂക്ഷമാകുന്ന പോഷകാഹാരക്കുറവ്, വിളർച്ച, നിരക്ഷരത, വിദ്യാലയങ്ങളിലെ കൊഴിഞ്ഞുപോക്ക് എന്നിവ ശിശുമരണ നിരക്ക്, ഗർഭസ്ഥ ശിശുമരണ നിരക്കും കുത്തനെ ഉയർത്താൻ കാരണമായി. ഈ വെല്ലുവിളികളെ നേരിടുന്നതിനാണ് ഐസിഡിഎസ് എന്ന സമഗ്രപദ്ധതി ആവിഷ്കരിക്കുന്നത്.
- ഐസിഡിഎസ് പദ്ധതി ആവിഷ്കരിക്കുന്നതിലെ വൈമന്യസവും പ്രവർത്തന ഫണ്ട്



അനുവദിക്കുന്നതിലെ അപര്യാപ്തതയും കാരണം രാജ്യത്തെ പകുതിയോളം കുട്ടികളും പോഷകാഹാരകുറവു മൂലം പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. രാജ്യത്തെ 79 ശതമാനം സ്ത്രീകളും കുട്ടികളും ഇക്കാരണത്താൽ വിളർച്ച നേരിടുന്നുണ്ട്.

- വനിത ശിശു ക്ഷേമമന്ത്രാലയത്തിന്റെ കണക്കനുസരിച്ച് പ്രതിവർഷം ജനിക്കുന്ന 1.75 കോടി കുട്ടികളിൽ 75 ലക്ഷം കുട്ടികളും ഒരു വയസ്സിനു മുമ്പേ മരണപ്പെടുന്നു. ലോകത്തിനു മുന്നിൽ ദ്രുതഗതിയിൽ വളർന്നുകൊണ്ടിരിക്കുന്ന രാജ്യമായി വീമ്പടിക്കുന്ന ഇന്ത്യയിൽ ഈ കണക്കുകൾ ഒരു വിരോധാഭാസം തന്നെയാണ്.
- പൗരന്മാരുടെ ക്ഷേമത്തിൽ പ്രതിബദ്ധതയുള്ള ഏതു സർക്കാരും രാജ്യത്തിന്റെ ഭാവി വാഗ്ദാനമായ കുട്ടികളുടെയും അവരുടെ അമ്മമാരുടെയും കാര്യത്തിൽ ഏറെ ശ്രദ്ധ ചെലുത്താറുണ്ട്. എന്നാൽ 1991ൽ രാജ്യത്ത് നടപ്പായ നവലിബറൽ നയങ്ങളുടെ സമ്മർദ്ദത്താൽ ഇത്തരം നടപടികൾ പിന്തള്ളപ്പെട്ടു.
- മാറിമാറി അധികാരത്തിലേറുന്ന കേന്ദ്രസർക്കാരുകൾ എല്ലാം തന്നെ ഭക്ഷണം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകൾക്കുള്ള ധനവിഹിതം വെട്ടിക്കുറയ്ക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്.
- സാധാരണക്കാരുടെ ചെലവിൽ വൻകിട കുത്തകകൾക്ക് ലാഭം നേടിക്കൊടുക്കുന്നതിനു വേണ്ടിയാണ് പായ്ക്കറ്റ് ഭക്ഷണ വിതരണമെന്ന പദ്ധതിയുമായി കേന്ദ്രം രംഗത്തെത്തിയിരിക്കുന്നു. നവലിബറൽ നയങ്ങൾ പിന്തുടരുന്ന ഈ സർക്കാർ രാജ്യത്തിന്റെ സകല മേഖലകളിലേക്കും കോർപറേറ്റുകൾക്ക് കടന്നു കയറുന്നതിനുള്ള നീക്കമാണ് നടത്തുന്നത്. ഇത് അവയിലൊന്നു മാത്രം. കേന്ദ്ര വാണിജ്യമന്ത്രിയാകട്ടെ പായ്ക്ക് ചെയ്ത ഭക്ഷണ വിതരണത്തിനായി പെപ്സി കമ്പനിയെയും പോഷകാഹാരക്കുറവ് നിയന്ത്രിക്കാൻ ഹോർലിക്സിനെയും സമീപിച്ചിരിക്കയാണ്.



## പ്രീ സ്കൂൾ വിദ്യാഭ്യാസം

- ശിശുക്ഷേമത്തിനുള്ള സമഗ്ര സമീപനമെന്ന നിലയിലാണ് ഐസിഡിഎസ് സ്ഥാപനങ്ങളിൽ പ്രീ സ്കൂൾ വിദ്യാഭ്യാസ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. എന്നാൽ ഇന്ന് ഈ പദ്ധതി അംഗൻവാടികളിൽനിന്നും എടുത്തു കളയാനുള്ള നീക്കമാണ് അണിയറയിൽ ഒരുങ്ങുന്നത്.
- ഇന്ത്യയിലെ ഒട്ടുമിക്ക സംസ്ഥാനങ്ങളിലും അംഗൻവാടികൾക്ക് അടുത്തായി തന്നെ നഴ്സറി സ്കൂൾ തുടങ്ങാനുള്ള അനുമതി സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നിർബന്ധമായും നൽകുകയാണ്. അശാസ്ത്രീയ അധ്യാപന രീതികളാണ് ഇത്തരം സ്കൂളുകളിൽ അവലംബിക്കുന്നത്. ഇത് കുട്ടികളുടെ ആകമാനമുള്ള വളർച്ചയെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യത്തിൽ സംശയമില്ല.
- അംഗൻവാടികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്ത മൂലം ഇത്തരം സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ മാതാപിതാക്കളെ അവരുടെ കുട്ടികളെ അവിടെ ചേർക്കുവാൻ പ്രേരിപ്പിക്കുന്നു. കുട്ടികളുടെ കുറവു മൂലം അടച്ചുപൂട്ടൽ ഭീഷണിയിലുള്ള അംഗൻവാടികൾ പല സംസ്ഥാനങ്ങളിലുമുണ്ട്.

- ഐസിഡിഎസ് സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുക, പൊതുസ്വകാര്യപങ്കാളിത്ത (പിപിപി) മാതൃക അവലംബിക്കുക, വിദ്യാർഥികളിൽനിന്ന് ഫീസ് ഈടാക്കുക, പോഷകാഹാര വിതരണ രംഗത്ത് ബഹുരാഷ്ട്ര കുത്തകകളെ അനുവദിക്കുക, പ്രീ സ്കൂൾ സംവിധാനം സ്വകാര്യവൽക്കരിക്കുക എന്നിവയാണ് കേന്ദ്രസർക്കാർ മുന്നോട്ടുവയ്ക്കുന്ന മാർഗനിർദേശങ്ങൾ.
- 25 ലക്ഷത്തോളം മിഡ് ഡേ മീൽ വർക്കർമാരുടെ ഉപജീവനത്തിനും ഈ നയങ്ങൾ ഭീഷണി സൃഷ്ടിക്കുന്നു. ഈ തൊഴിലാളികളിൽ ബഹു ഭൂരിപക്ഷവും സാമൂഹികമായി അടിച്ചമർത്തപ്പെടുന്ന വിഭാഗങ്ങളിൽനിന്നുള്ള സ്ത്രീകളാണ്.
- കേന്ദ്രാവിഷ്കൃത പദ്ധതികളായ സമഗ്ര ശിശുവികസന സേവന (ഐസിഡിഎസ്) പദ്ധതിക്കു കീഴിൽ ലക്ഷക്കണക്കിന് അംഗൻവാടി വർക്കേഴ്സും ഹെൽപ്പേഴ്സുമാണുള്ളത്. അതുപോലെ തന്നെ മറ്റൊരു കേന്ദ്രവിഷ്കൃത പദ്ധതിയായ നാഷണൽ ഹെൽത്ത് മിഷനു കീഴിൽ ആഷ എന്ന പേരിൽ പ്രവർത്തിക്കുന്ന അക്രഡിറ്റഡ് സോഷ്യൽ ഹെൽത്ത് ആക്റ്റിവിസ്റ്റ്സുകളും ലക്ഷക്കണക്കിനാണ്. ഇവരെ പോലെ മിഡ് ഡേ മീൽ പ്രോഗ്രാമിലെ തൊഴിലാളികളും പതിറ്റാണ്ടുകളായിട്ടും തൊഴിലാളികൾ എന്ന നിലയ്ക്ക് അംഗീകരിക്കപ്പെട്ടിട്ടില്ല.
- വർഷത്തിൽ പത്തു മാസം മാത്രം ലഭിക്കുന്ന ആയിരം രൂപ ഓണറേറിയമാണ് ഇവരുടെ പ്രതിഫലം. മറ്റൊരു സാമൂഹിക സുരക്ഷാ ആനുകൂല്യങ്ങളും അവർക്ക് ലഭിക്കുന്നില്ല.പ്രസവാവധിയോ, ആരോഗ്യ ആനുകൂല്യങ്ങളോ, അപകട ആശ്വാസമോ പെൻഷനോ ഇവർക്കന്യം. തുച്ഛമായ ഓണറേറിയം തുകപോലും പലപ്പോഴും മുടങ്ങും. ഏഴും എട്ടും മാസം കുടിശ്ശികയാകുന്നത് പതിവായിരിക്കുന്നു.



- സ്കീം വർക്കേഴ്സിനെ സംബന്ധിച്ച സുപ്രധാനമായ നിർദേശം മുന്നോട്ടുവച്ചു. അവ താഴെ പറയുന്നു:
  - **സ്കീം വർക്കേഴസിനെ തൊഴിലാളികളായി അംഗീകരിക്കണം.**
  - **അവർക്ക് മിനിമം വേതനം നൽകണം.**
  - **അവർക്ക് സാമൂഹിക സുരക്ഷാ ആനുകൂല്യങ്ങൾ അനുവദിക്കണം.**
  - **ഈ സ്കീമുകൾ സ്വകാര്യവൽക്കരിക്കരുത്.**
- മിഡ്ഡേ മീൽ പ്രോഗ്രാമിലേതുൾപ്പെടെയുള്ള സ്കീം വർക്കേഴ്സിന്റെ യഥാർഥ അവകാശങ്ങൾ ഇല്ലാതാക്കുന്ന നവലിബറൽ നയങ്ങൾക്കെതിരെയാണ് ഫെബ്രുവരി 23, 24 തീയതികളിൽ നടത്തുന്ന ദ്വിദിന പണിമുടക്ക്.
- എല്ലാ സ്കീം തൊഴിലാളികളെയും തൊഴിലാളികളായി അംഗീകരിക്കണമെന്നും അവർക്ക് മിനിമം വേതനം ഉറപ്പാക്കണമെന്നും ആവശ്യപ്പെടുന്നു. വിദ്യാഭ്യാസവും ആരോഗ്യവും ഉൾപ്പെടെയുള്ള അവശ്യ സേവനങ്ങളുടെ സ്വകാര്യവൽക്കരണം അവസാനിപ്പിക്കണമെന്നും ആവശ്യപ്പെടുന്നു. •

**"ജനങ്ങളെ സംരക്ഷിക്കുക
രാജ്യത്തെ രക്ഷിക്കുക"**

# 06 സമ്പത്ത് നികുതി വർധിപ്പിച്ച് കൃഷി, വിദ്യാഭ്യാസം, ആരോഗ്യ സുരക്ഷ- ഇൻഷുറൻസ് നടപ്പാക്കണം

- 2019 സെപ്റ്റംബർ മാസം കേന്ദ്ര സർക്കാർ കോർപറേറ്റ് നികുതി 30 ശതമാനത്തിൽ നിന്നും 22 ശതമാനമായി കുറച്ചു. മാത്രമല്ല, പുതുതായി രൂപം കൊള്ളുന്ന കോർപറേറ്റ് സ്ഥാപനങ്ങൾക്ക് നികുതി 15 ശതമാനം മാത്രം.
- കഴിഞ്ഞ വർഷങ്ങളിൽ കോർപറേറ്റിന് നൽകിയ നികുതിയിളവുകൾ :
  - **2017-2018 : 93642. 50 കോടി**
  - **2018-2019 : 1.08 ലക്ഷം കോടി**
  - **2019-2020 : 99842.06 കോടി.**
- കോർപറേറ്റുകളുടെ കിട്ടാക്കടം എഴുതിത്തള്ളിയും കേന്ദ്ര സർക്കാർ അവർക്ക് വലിയ സഹായം ചെയ്യുകയാണ്. 2001-2021 കാലയളവിൽ ബാങ്കുകൾ എഴുതിത്തള്ളിയ കോർപറേറ്റ് വായ്പ 988160 കോടി രൂപയാണ്.
- 1991 മുതൽ നമ്മുടെ രാജ്യത്ത് നടപ്പാക്കിയ ഉദാരവൽക്കരണ നയങ്ങൾ കർഷകരെയും കാർഷിക മേഖലയേയും കുത്തുപാളയെടുപ്പിച്ചു.
  - സബ്സിഡികൾ നിർത്തലാക്കി
  - വായ്പകൾ പരിമിതപ്പെടുത്തി
  - ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭിച്ചില്ല
  - കൃഷിച്ചെലവുകൾ വർധിച്ചു.

**കർഷകൻ എന്നും കടക്കെണിയിൽ**

- കഴിഞ്ഞ രണ്ടു വർഷങ്ങളിൽ കാർഷിക മേഖലയ്ക്ക് അനുവദിച്ച ബജറ്റ് വിഹിതം 3.9 ശതമാനം മാത്രം.
  - **2019-2020 : 105138 കോടി.**
  - **2020-2021 : 128076 കോടി**




**"ജനങ്ങളെ സംരക്ഷിക്കുക രാജ്യത്തെ രക്ഷിക്കുക"**





- വിദ്യാഭ്യാസ മേഖലയിൽ വർഗീയ വിഷം നിറയ്ക്കുകയും മറുഭാഗത്ത് കുട്ടികൾക്ക് പഠനസൗകര്യങ്ങൾ നിഷേധിക്കുകയുമാണ്.
- പ്രാഥമിക വിദ്യാഭ്യാസത്തിന് അനുവദിച്ച ബജറ്റ് വിഹിതം.
  - **2020-2021 : 59845 കോടി**
  - **2021-2022 : 54874 കോടി**

**വിദ്യാഭ്യാസ മേഖലയ്ക്കുള്ള ബജറ്റ് വിഹിതം 2021-22ൽ കുറഞ്ഞതായി കാണാം.**



- ആരോഗ്യമേഖലയിൽ മോദി സർക്കാർ സ്വകാര്യ മേഖലയ്ക്കാണ് ഊന്നൽ നൽകുന്നത്. പാവപ്പെട്ടവന് സൗജന്യ ചികിത്സ നിഷേധിക്കുന്ന നയങ്ങളാണ് കേന്ദ്ര സർക്കാർ തുടരുന്നത്. വർധിച്ച ചികിത്സാച്ചെലവുകൾ ജനങ്ങളെ പാപ്പരാക്കുന്നു.
- ആരോഗ്യമേഖലയിലെ ബജറ്റ് വിഹിതം
  - **2020-2021 : 85250 കോടി**
  - **2021-2022 : 76902 കോടി**

**മഹാമാരിയിൽ പ്രാണവായു കിട്ടാതെ ആളുകൾ മരിച്ചുവീഴുമ്പോഴും ബജറ്റ് വിഹിതത്തിൽ കാര്യമായ വർധനവ് വരുത്തിയിട്ടില്ല.**

- കൃഷി, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങി എല്ലാ മേഖലകളിലും നിക്ഷേപം കുറഞ്ഞു വരികയാണ്.
- ഇന്ത്യയിലെ ബഹുഭൂരിപക്ഷം ജനങ്ങളുടെ ജീവിതമാർഗമായ കൃഷിയിലും, ജനങ്ങളുടെ ഭാവി പുരോഗതിക്ക് ഏറ്റവും പ്രധാനപ്പെട്ട ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ കൂടുതൽ നിക്ഷേപം നടത്തണം. അതിനുള്ള പണം കണ്ടെത്താൻ കുത്തകകളുടെ നികുതി നിരക്ക് ഉയർത്തണം. •

07

# പെട്രോൾ-ഡീസൽ തീരുവ കുറയ്ക്കുക, വിലക്കയറ്റം തടയുക

**പെട്രോൾവില 50 രൂപയായി കുറയ്ക്കുമെന്ന് പറഞ്ഞ് ബിജെപി അധികാരത്തിൽ വന്നു. എന്നാൽ ഇന്ന് പെട്രോളിന്റെ വില 106 രൂപയിലധികമാണ്.**

- കോൺഗ്രസിന്റെ നേതൃത്വത്തിലുണ്ടായിരുന്ന യുപിഎയുടെ കാലത്ത് പെട്രോൾവില നിയന്ത്രണം കമ്പോളത്തിന് വിട്ടുകൊടുത്തു. ബിജെപി ഡീസലിന്റെ വിലയും കമ്പോളത്തിന് വിട്ടുകൊടുത്തു.
- ഡീസൽവില കമ്പോളത്തിന് വിട്ടതോടെ ഡീസലിന്റെ വിലയും കുതിച്ചുയരുകയാണ്. ഡീസലിന്റെ തിരുവനന്തപുരത്തെ വില 93 രൂപയ്ക്കും മേലേയാണ്.
- ബിജെപി മണ്ണെണ്ണയുടെ സബ്സിഡി എടുത്തുകളഞ്ഞു. പാചകവാതകത്തിന്റെ സബ്സിഡി ബാങ്കിലെത്തിക്കുന്ന പരിപാടിയും കഴിഞ്ഞ കുറെ മാസങ്ങളായി നിർത്തിവച്ചിരിക്കുകയാണ്. മോദി അധികാരത്തിൽ വന്ന 2014-ൽ പാചകവാതകവില 410 രൂപയായിരുന്നു. ഇപ്പോൾ പാചക വാതകവില 909 രൂപയാണ്.
- കമ്പോളത്തിലെ ക്രൂഡ് ഓയിലിന്റെ വിലനിലവാരം അനുസരിച്ച് പെട്രോളിനും ഡീസലിനും വില കൂടുകയും കുറയുകയും ചെയ്യുമെന്നായിരുന്നു പെട്രോൾ-ഡീസൽ വിലകൾ കമ്പോ






ളത്തിന് വിട്ടപ്പോൾ പറഞ്ഞിരുന്നത്. എന്നാൽ അന്തർദേശീയ മാർക്കറ്റിൽ ക്രൂഡ് വില കുറഞ്ഞപ്പോൾ അതിന്റെ ഗുണം ജനങ്ങൾക്ക് നൽകാതെ എക്സൈസ് ഡ്യൂട്ടിയും സെസ്സും വർധിപ്പിച്ച് കേന്ദ്ര സർക്കാർ അതിന്റെ ഗുണമാകെ അടിച്ചെടുത്തു. സംസ്ഥാനങ്ങൾക്ക് പോലും അതിന്റെ ഒരു ആനുകൂല്യവും നൽകിയില്ല.

- പെട്രോൾ, ഡീസൽ വിലകൾ കമ്പോളത്തിന് വിട്ട്, അതിന്റെ വില നിയന്ത്രിക്കാൻ സർക്കാരിന് കഴിയില്ല എന്നു പറയുമ്പോഴും തെരഞ്ഞെടുപ്പുകൾ വരുമ്പോൾ വില വർധിക്കുന്നില്ല എന്നതാണ് വസ്തുത. അതായത് ആവശ്യമുണ്ടെങ്കിൽ കേന്ദ്ര സർക്കാരിന് വില നിയന്ത്രിക്കാൻ കഴിയുമെന്ന് ചുരുക്കം.
- രണ്ടു വർഷമായി തുടരുന്ന കോവിഡ് ദുരിതകാലത്തും പെട്രോൾ, ഡീസൽ വിലകൾ അനുസ്യൂതം ഉയർന്നുകൊണ്ടിരുന്നു.
- കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ പെട്രോൾ ഡീസൽ നികുതിയിൽ വന്ന വർധനവ് 300 ശതമാനത്തോളമാണ്. നിലവിൽ ഇന്ധനനികുതിയുടെ 60 ശതമാനവും പിരിക്കുന്നത് കേന്ദ്ര സർക്കാരാണ്.
- എണ്ണവിപണന കമ്പനികളുടെ ബാലൻസ് ഷീറ്റുകൾ കാണിക്കുന്നത് അവയെല്ലാം വലിയ ലാഭത്തിലാണെന്നാണ്. ഇന്ത്യൻ ഓയിൽ കോർപറേഷന്റെ 2020-21-ലെ ലാഭം 21762 കോടി രൂപ, ഭാരത് പെട്രോളിയത്തിന്റെ ലാഭം 19042 കോടി രൂപ, ഹിന്ദുസ്ഥാൻ പെട്രോളിയം 14247 കോടി രൂപ, റിലയൻസ്, എസ്സാർ തുടങ്ങിയ സ്വകാര്യ കമ്പനികളും കോടിക്കണക്കിന് ലാഭമുണ്ടാക്കി.
- ഇന്ത്യൻ കുത്തകകൾക്ക് ലാഭമുണ്ടാക്കാനും കൊള്ള നടത്താനും പെട്രോളിയം മേഖലയാകെ തുറന്നിട്ടതിനും പുറമെ ഇപ്പോൾ എണ്ണമേഖലയിൽ 100 ശതമാനം വിദേശനിക്ഷേപത്തിന് അനുമതി നൽകാനും തീരുമാനിച്ചിരിക്കുകയാണ്.
- കുത്തകകളെ സേവിക്കുക എന്ന നയം പെട്രോളിയം മേഖലയിലും കോൺഗ്രസിന്റെ തുടർച്ചയായി ബിജെപിയും നടപ്പാക്കുന്നു. ●

കലാസാഹിത്യവുമായി ബന്ധപ്പെട്ട തെരഞ്ഞെടുക്കപ്പെട്ട രചനകൾ 'സർഗ്ഗത്താളുകൾ' എന്ന പംക്തിയിലൂടെ ഈ ലക്കം മുതൽ ആരംഭിക്കുന്നു.

# പുലർകാല ഭംഗികൾ



**വിപിൻ. പി.ആർ.**
9847110990
(ന്യൂജൻ ബാങ്ക് സ്റ്റാഫ് യൂണിയൻ
തൃശൂർ ജില്ലാ സെക്രട്ടറി)



പെരുച്ചാഴി കൊളാഷ്,
നാല്ലവലയിലെ പീടികയ്ക്ക്
മുന്നിൽ, അനുഗ്രഹീതനാണ്
ഈ കാലത്ത്
കിടപ്പു കണ്ടാലറിയാം.

വാർപ്പു തൂണുകൾ
നിരനിരയായി
ബസ് സ്റ്റോപ്പിൽ
ഇരുളുമ്പോൾ
കുരലും കല്ലാണിയും
മറുവശം ബസിറങ്ങും.
ഉമ്മറത്തെ പള്ള
വീർത്ത കിണ്ടികൾ
നടക്കാനിറങ്ങുന്നു
കാറ്റിനെ വീശിയോടിച്ച്
ഉന്മാദം കൊള്ളുന്നു.

പ്രഭാതഭേരി
മുഴക്കുന്നുണ്ടവർ
മാല കെട്ടാൻ വന്നവൻ
ഒരുപിടി പൂ വിതറുന്നു.

കടയിലെ ഗ്ലാസ്സിലെ
ചളി ശൂര്, നിലച്ച
ഘടികാരം, വയറു
സ്തംഭിച്ച ശീലക്കുട,
പരിച്ഛേദങ്ങൾക്ക് ഒരു പട.

പഞ്ചാര ഉറുമ്പുകൾ
സൈക്കിളിന്റെ കഴുത്ത്
വെട്ടിച്ച് ഓരം പറ്റി വരുന്നു.
ഒരു തുമ്പി വട്ടമിട്ട്
പറക്കുന്നുണ്ടൊരുവളുടെ
തലയ്ക്ക് മുകളിൽ ഏങ്ങുവലിഞ്ഞു
നോക്കുന്നുണ്ട്
പുൽച്ചാടികൾ

കഴുകിയ ചാണക
കൈകളാൽ പാൽ
പാത്രവുമേന്തി, വരുന്നുണ്ടൊരു,
കോട്ടവായപ്പെട്ടി.

അടുപ്പിനെ അഗ്നിയാക്കുന്നു
ണ്ടൊരാ കുറ്റി ബീഡി.
അവിടെ സ്പന്ദിക്കുന്ന
അസ്ഥികൂടങ്ങളുണ്ട്,
ചുടുകാട്ടിൽ കത്താത്ത
പച്ചവിറകു മനുഷ്യരുണ്ട്.

തുന്നൽവിട്ട ചാക്കിൽ
നിന്ന് പുറത്തുചാടിയ
ഒരു സവാള മാത്രം
ചാവേറായി,
പുഴുക്കുത്തേറ്റ ഒരില സാക്ഷി.

നാം ഉണരുന്നതും
ഉറങ്ങുന്നതും ചില കടകളിൽ
കൂടിയാണ്,
നമ്മെ അന്വേഷിക്കുന്നതും
ചില കടകളിൽ കൂടിയാണ്.

സ്വച്ഛന്ദ സുന്ദര
മുഹൂർത്തത്തിൽ
പാട്ടുവണ്ടി വന്നു നിന്നു.
ഭാഗ്യദേവത, നാളത്തെ.
ഭാസ്ക്കരൻ മാഷിന്റെ
ഗാനം പുലർക്കാല....

## സർഗ്ഗത്താളുകൾ



**എങ്ങാണ്ടിയൂർ ചന്ദ്രശേഖരൻ**
(കവിയും ഗാനരചയിതാവും)



ഇന്ത്യയെന്ന മണ്ണിൽ പിറന്നവർ ഞങ്ങൾ
നൊന്തുനീറും മാനസങ്ങളാലെ വന്നു ഒന്നായ്
കാരിരുമ്പുപോലെയുള്ള കരളുറപ്പുമായി
നാടിനെന്നും നന്മചെയ്യ കൈതഴമ്പുമായി
വരുന്നു ഞങ്ങൾ നേരുമായി നേർവഴികൾ താണ്ടി
(ഇന്ത്യയെന്ന. ....)

അവകാശ ബോധത്തിൽ ആർത്തിരമ്പി ഞങ്ങൾ
അവതാര നായകർക്ക് താക്കീതായ് വന്നേ
അധികാര മേലാള ചുക്ഷകൾക്ക് മുന്നിലായ്
അതിജീവനത്തിന്റെ ദുരിതങ്ങളെണ്ണി
(ഇന്ത്യയെന്ന. ....)

മഹാമാരി പെയ്തിറങ്ങി
നാടുഭീതിയിൽ നടുങ്ങി
പൊരുതി നിന്ന സേവകർക്ക്
കരുതലായ് എന്തുചെയ്യു കരുതലായ് എന്തുചെയ്യു
ഇന്ധനവിലയോ കുതിച്ചുയരുന്നു
വിലക്കയറ്റവുമൊപ്പം
നാടിനു നന്മയിൽ ഇളവുകൾ നൽകി
പാവങ്ങളെ സംരക്ഷിക്കൂ,
പാവങ്ങളെ സംരക്ഷിക്കൂ
(ഇന്ത്യയെന്ന. ....)

വിദ്യാഭ്യാസം കാർഷികം ആരോഗ്യം
പൊതുസേവനമാക്കൂ
അംഗന്വാടിക്കാർക്കോ നാളിൽ
അന്തസ്സുള്ള വേതനമേകൂ
സമ്പന്നരുടെ നികുതി പിടിക്കൂ
ഉന്നതമാംമൊരു നാടുപടുക്കാം
പൊതുമേഖലക്ക് പുതുജീവൻ നൽകൂ...
കാർഷിക ജനതക്കുയിർനൽകൂ
സുരക്ഷവേണം തൊഴിലാളികൾക്ക്
തൊഴിലുറപ്പിനായ് പുതുപദ്ധതിയും
ജനങ്ങളെ സംരക്ഷിക്കൂ
രാജ്യത്തെ സംരക്ഷിക്കൂ (ഇന്ത്യയെന്ന. ..... )

മണ്ണിന്റെ ചൂരറിഞ്ഞുള്ളോരെ ഏങ്ങള്
വിണ്ണിന്റെ ചൂടറിഞ്ഞുള്ളോരാ
കണ്ണായി കരളായി നാടിനെ കാത്തോരാ
ചേറിൽ കുഴഞ്ഞു വീണും നട്ടെല്ലനീർത്ത്യോരാ
(മണ്ണിന്റെ. .....)

പട്ടിണീം പരിവട്ടോം മറന്നേ ഏങ്ങള്
പാരിന് അന്നം കൊടുത്തു
പച്ചത്തഴപ്പുകൾ തീർത്തേ
നാടിനു ചന്തം തികച്ചേ
അതിരില്ലാ പാടത്ത് കതിർചൂടും കാലത്ത്
ഞങ്ങളെ നിങ്ങൾ മറന്നേ (2)
(മണ്ണിന്റെ. .....)

വിത്തെറിഞ്ഞ് വിളവെടുത്തു
ത്രമ്പാൻ കാഴ്ചകൊടുക്കും
ആകാലം മാറിമറിഞ്ഞതറിഞ്ഞീല്ലെ
നെഞ്ചിന്റെ ചോരകൊടുത്തും
പോരാട്ടം തുടരും എങ്ങടെ
നേരാട്ടം തുടരും
(മണ്ണിന്റെ. .....)

- നവലിബറൽ ഭരണകൂടത്തിന്റെ കീഴിൽ സ്വകാര്യ മേഖലയിൽ മാത്രമല്ല, കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കീഴിൽ പ്രവർത്തിയ്ക്കുന്ന പൊതുമേഖലയിലും കരാർ തൊഴിലുകളുടെ എണ്ണം അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു.
- കരാർ തൊഴിലാളികൾ, താൽക്കാലിക ജീവനക്കാർ, പാർട് ടൈം ജോലിക്കാർ, അപ്രന്റീസുകൾ, പരിശീലനത്തിനെത്തുന്ന ജീവനക്കാർ, നിശ്ചിതസമയ തൊഴിലാളികൾ എന്നിങ്ങനെ അവരെ തരം തിരിക്കാം. സ്ഥിരം തൊഴിലാളികളുടെ ഇരട്ടിയിലധികം വരും ഇത്തരം ജീവനക്കാരും തൊഴിലാളികളും.
- പൊതുമേഖലയിൽ ആകെ തൊഴിലാളികളുടെ 50 % വും സ്വകാര്യമേഖലയിൽ ആകെ തൊഴിലാളികളുടെ 70 % വും കരാർ ജീവനക്കാരാണ്.
- ഒരേ ജോലി ചെയ്യുന്ന കരാറുകാരനും സ്ഥിര ജോലിക്കാരനും നൽകുന്ന ശമ്പളത്തിലും വലിയ വ്യത്യാസമാണുള്ളത്. ഉദാഹരണമായി പറഞ്ഞാൽ കാർ നിർമ്മാതാക്കളായ ഹ്യുണ്ടായ് മോട്ടോഴ്സ് ഇൻഡ്യയുടെ ചെന്നൈയിലെ യൂണിറ്റിൽ 2300 സ്ഥിരം തൊഴിലാളികളും കരാർ വ്യവസ്ഥയിലും അപ്രന്റീസ്, അപ്രന്റീസ് ട്രയിനികളുമായി ജോലി ചെയ്യുന്ന 8000 ത്തോളം തൊഴിലാളികളുമാണുമുള്ളത്. ഇതിൽ സ്ഥിരം നിയമനക്കാർക്ക് ആനുകൂല്യങ്ങളെല്ലാം ഉൾപ്പടെ 35000 ത്തോളം രൂപ ശമ്പളമായി ലഭിക്കുമ്പോൾ 6000 മുതൽ 12000 രൂപ വരെ മാത്രമേ മറ്റ് കരാർ ജീവനക്കാർക്കും, അപ്രന്റീസുകൾക്കും ലഭിക്കൂ.

## 08

## സ്ഥിരവും സ്ഥിരസ്വഭാവമുള്ളതുമായ തൊഴിലുകൾ കരാർ തൊഴിലാക്കി മാറ്റാതിരിക്കുക, ഒരേ സ്വഭാവമുള്ള ജോലിയ്ക്ക് ഒരേ വേതനവും ആനുകൂല്യങ്ങളും നൽകുക

- നിയമപരമായി സ്ഥിരം ജീവനക്കാർക്ക് മിനിമം വേതനവും സാമൂഹ്യ സുരക്ഷിതത്വവും ഉൾപ്പടെയുള്ള എല്ലാ ആനുകൂല്യത്തിനും അർഹരായിരിക്കെ തന്നെ എല്ലാ ആനുകൂല്യവും കരാർ തൊഴിലാളികൾക്ക് നിഷേധിക്കപ്പെടുകയാണ്.
- രണ്ടു തരത്തിലുള്ള തൊഴിലാളികൾ ഒരേ കൂരയ്ക്കു കീഴിൽ ഒരേ ജോലി ചെയ്യുമ്പോൾ തന്നെ, ജോലിയുടെ കാര്യത്തിൽ വ്യത്യസ്തമായ സാഹചര്യങ്ങളുണ്ട്. ഇതുമൂലം ഇത്തരം തൊഴിലിടങ്ങളിൽ ഗുരുതരമായ പ്രശ്നങ്ങൾ ഉടലെടുക്കുന്നുണ്ട്.
- ഈ അവസ്ഥ ദീർഘകാലം തുടർന്നാൽ സേവനവ്യവസ്ഥകൾക്കും, സ്ഥിരം തൊഴിലാളികളുടെ വിലപേശൽ ശേഷിയ്ക്കും ഭീഷണിയാകും. സ്ഥിരം തൊഴിലാളികളുടെ വേതനവും ജോലിയുടെ അവസ്ഥയും പരിതാപകരമാകും.
- കരാർ നിയമനം വഴി തൊഴിലാളികളെ ചൂഷണം ചെയ്യുന്നതിനെതിരെ സിഐറ്റിയു നിരന്തരമായി സമരം ചെയ്യുകയാണ്.സ്ഥിരം ജീവനക്കാരുമായി ചേർന്ന് അവരവരുടെ തൊഴിലിടങ്ങളിലെ കരാർ ജീവനക്കാരെ ഏകോപിപ്പിക്കാനും അവരുടെ ആവശ്യങ്ങളെന്താണെന്നറിയാനും അതാത് ജോലിസ്ഥലങ്ങളിലെ ട്രേഡ് യൂണിയനുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്.




## തൊഴിൽ നിയമഭേദഗതിയിലൂടെ സംഭവിക്കുന്നത്

1. സ്ഥിരവും ശ്വാശതവുമായ തൊഴിൽ എന്ന ആശയം ഉപേക്ഷിക്കപ്പെടും. സ്ഥിരം തൊഴിലിലേയ്ക്ക് കരാർ തൊഴിലാളികളെ യാതൊരു തടസവും കൂടാതെ നിയമിക്കാനാവും
2. 50 തൊഴിലാളികളിൽ താഴെ മാത്രമുള്ള കരാറുകാരൻ ലൈസൻസ് എടുക്കണമെന്ന് നിർബന്ധമില്ല; ഇതു മൂലം ഭൂരിഭാഗം കോൺട്രാക്ടർമാർക്കുമുള്ള ലേബർ വകുപ്പിന്റെ നിയന്ത്രണവും പരിശോധനയും ഒഴിവാക്കിയിട്ടുണ്ട്. ഇതോടെ മിക്കവാറുമുള്ള കരാറുകാർ തൊഴിൽ നിയമത്തിന്റെ പരിധിയിൽ നിന്നു പുറത്താകും.
3. പ്രധാന തൊഴിൽദാതാവിന്റെ കൈവശമുള്ള കരാർ തൊഴിലാളികൾ പുറം പണിക്കാരായി മറ്റൊരു കരാറുകാരന്റെ തൊഴിലിൽ നിയമിക്കപ്പെടുമ്പോൾ പ്രധാന തൊഴിൽദാതാവ് ഇവർക്ക് വേണ്ട ഒരു നിയമപരിരക്ഷയും നൽകേണ്ടതില്ല. എന്നുമാത്രമല്ല ഒരേ തൊഴിലിന് ഒരേ കൂലി നൽകേണ്ടതുമില്ല.
4. മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാഭേദഗതികളും കണക്കാക്കുമ്പോൾ കരാർ തൊഴിലാളികളെ അടിമകളാക്കുന്ന നയമാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്

### എന്താണ് നമുക്ക് വേണ്ടത്?

1. സ്ഥിരവും ശ്വാശതവുമായ തൊഴിലിൽ കരാറുകാരെ നിയമിക്കാൻ പാടില്ല
2. ഒരേ തൊഴിൽ ചെയ്യുന്ന കരാർ തൊഴിലാളികൾക്ക് ഒരേ വേതനവും ആനുകൂല്യങ്ങളും നൽകുക
3. സ്ഥിരം ജോലികളിൽ നിയമിതരായിരിക്കുന്ന കരാറുകാരേ പ്രസ്തുത സ്ഥാപനം സ്ഥിരമാക്കുക

## ഒന്നിക്കൂ! പോരാടൂ !

**0.1 ശതമാനം സമ്പന്നർക്കുവേണ്ടി പ്രവർത്തിക്കുന്ന ജനവിരുദ്ധ ബിജെപി സർക്കാരിനെതിരെ ...........**

**99.9 ശതമാനം സാധാരണക്കാർക്ക് ഉതകുന്ന ഗുണകരമായ നയങ്ങൾക്കുവേണ്ടി....**



# 09 പെൻഷൻകാരും വഞ്ചിക്കപ്പെടുന്നു

- ജീവനക്കാർക്ക് നൽകി വരുന്ന പ്രൊവിഡന്റ് (ഇപിഎഫ്) പദ്ധതി രാജ്യത്തെ ഏറ്റവും വലിയ സാമൂഹ്യസുരക്ഷാ പദ്ധതിയായി വിലയിരുത്തപ്പെടുന്നു. സ്വാതന്ത്ര്യലബ്ധിയുടെ ആദ്യകാലത്തു തന്നെ ഈ പദ്ധതി നടപ്പാക്കിയിരുന്നു.
- സ്വാതന്ത്ര്യ സമരകാലത്ത് തൊഴിലാളികൾ നടത്തിയ സമരങ്ങളുടെ ഫലമാണ് ഇപിഎഫ് ഉൾപ്പടെയുള്ള പല സാമൂഹ്യസുരക്ഷാ പദ്ധതികളും. എന്നാൽ ക്ഷേമ രാജ്യത്തിനായി അക്കാലത്തെ സർക്കാർ നടപ്പാക്കിയതാണ് ഇത്തരം പദ്ധതികളെന്ന് അവർ അവകാശപ്പെടുന്നു
- നവഉദാരവൽക്കരണ നയങ്ങളുടെഭാഗമായി 2008 സെപ്റ്റംബർ മാസം 26 ന് പെൻഷനുമായി ബന്ധപ്പെട്ട് നടപ്പാക്കിയ മൂന്ന് പ്രധാന ആനുകൂല്യങ്ങളും നിർത്തലാക്കിക്കൊണ്ട് തൊഴിലാളികളെ സർക്കാർ വഞ്ചിച്ചു. പേരിനുപോലും ഇംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷന്റെ കേന്ദ്ര ബോർഡ് ട്രസ്റ്റികളുമായി സംഭവത്തെക്കുറിച്ച് ആലോചിച്ചില്ല.
- 2004 ൽ തന്നെ തൊഴിലാളികളുടെ പെൻഷൻ പദ്ധതി പങ്കാളിത്ത പെൻഷൻ പദ്ധതിയാക്കി മാറ്റി സർക്കാർ വിജ്ഞാപനം പുറത്തിറക്കിയിരുന്നു. ഇത് പിന്നീട് ദേശീയപെൻഷൻ പദ്ധതി അഥവാ എൻപിഎസ് ആയി മാറി.

**മിനിമം പെൻഷൻ തുക ഉയർത്തുക, ജീവിതച്ചിലവ് സൂചിക അടിസ്ഥാനപ്പെടുത്തി ലിങ്കേജ് പെൻഷൻ തുക ഉയർത്തുക, കമ്യൂട്ടേഷൻ പെൻഷനിൽ നിന്നും അധികമായി പിടിച്ചെടുത്ത പെൻഷൻ തുക തിരികെ നൽകി പെൻഷൻ പുനഃസ്ഥാപിക്കുക, പെൻഷൻ വർദ്ധിപ്പിക്കാനുള്ള സുപ്രീം കോടതി വിധി നടപ്പാക്കുക. ഈ അവശ്യങ്ങൾ അടിയന്തിരമായി പരിഗണിച്ച് ഇപ്പോൾ തന്നെ ദുരിതക്കയത്തിൽ വീണ ഇംപ്ലോയിമെന്റ് പ്രൊവിഡന്റ് ഫണ്ട് കോർപറേഷന് പുതുജീവൻ നൽകുക - ഇവയാണ് ഇടതു തൊഴിലാളി സംഘടനകളുടെ ആവശ്യം.**




- തൊഴിലാളികളുടെ പെൻഷൻ പദ്ധതിയിലേയ്ക്കായി അവരുടെ ഫണ്ട് കൊണ്ടുപോകുകയും, എന്നാൽ വെറും 100 രൂപ താഴെ മാത്രം പെൻഷൻ നൽകി ലക്ഷക്കണക്കിന് തൊഴിലാളികളെ പരിഹസിക്കുകയും ചെയ്തു.
- രണ്ടാം യുപിഎ സർക്കാർ 1000 രൂപ മിനിമം പെൻഷനായി ഉയർത്തിയെങ്കിലും പദ്ധതി പാളി. എന്നാൽ 2014 ലെ മോദി സർക്കാർ ചില നിബന്ധനകളോടെ പദ്ധതി നടപ്പാക്കി തുടങ്ങിയിരുന്നു. വലിയ വിഭാഗം തൊഴിലാളികൾക്കും 1000 രൂപയിൽ താഴെ മാത്രമാണ് മാസാമാസം പെൻഷൻ ലഭിക്കുന്നത്.

## "ജനങ്ങളെ സംരക്ഷിക്കുക രാജ്യത്തെ രക്ഷിക്കുക"




- 2008-നു മുൻപ് കമ്യൂട്ടേഷനായി പെൻഷൻ ലഭിച്ച ഭൂരിഭാഗം തൊഴിലാളികളും അത് തിരികെ 100 മാസത്തിനുള്ളിൽ തിരിച്ചടച്ചു കഴിഞ്ഞിട്ടും 180 മാസത്തിനു ശേഷവും തിരിച്ചുപിടിക്കുന്നത് തുടരുകയാണ്. മാത്രമല്ല റിട്ടേൺ ഓൺ ക്യാപിറ്റൽ സ്കീമിൽ നിന്നു പിൻവലിഞ്ഞു കഴിഞ്ഞാലും മൂലധന നിക്ഷേപം തിരിച്ചു പിടിയ്ക്കാൻ പത്തു ശതമാനം കിഴിവുനൽകിയാലും സാധിക്കില്ല. മാത്രമല്ല പെൻഷൻവേതനം കണക്കുകൂട്ടുന്ന രീതിയിൽ മാറ്റം വന്നു.അതായത് അവസാന 12 മാസങ്ങളുടെ ശരാശരി വേതനത്തിനനുസൃതമായായിരുന്നു നേരത്തെ പെൻഷൻ തുക കണക്കാക്കിയിരുന്നത്. എന്നാൽ പിന്നീടത് 36 മാസത്തെ ശരാശരിയായി വർദ്ധിപ്പിച്ചത്, ഇപ്പോൾ 60 മാസത്തേ ശരാശരിയായി മാറി.
- എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ടിന്റെ പലിശ നിലവിൽ 8.55 % പലിശ നിരക്ക്. എല്ലാ നിക്ഷേപങ്ങളുടെയും പലിശ നിരക്ക് കുറച്ചുകൊണ്ട് ഓഹരിവിപണിയിലേയ്ക്ക് നിക്ഷേപങ്ങളെ കൂടുതൽ കൊണ്ടുവരുന്നതിനാണ് സർക്കാർ ലക്ഷ്യം.
- ശമ്പളത്തിനു പുറമെയുള്ള എംപ്ലോയിമെന്റ് പ്രൊവിഡന്റ് ഫണ്ട് ആനുകൂല്യം ഇപിഎഫ്, ഇപിഎസ് എന്നീ രണ്ട് വിഭാഗങ്ങളുണ്ടായരുന്നു 2014 വരെ. എന്നാലിത് ഓഗസ്റ്റ് 2014 വരെ മാത്രമേ നീണ്ടുനിന്നുള്ളു. മുഴുവൻ വേതനത്തിനും വേണ്ടി ഇപിഎഫ് ൽ നിക്ഷേപിച്ചവർക്ക് കൂടുതലായി ഒന്നും കിട്ടിയില്ല. തുടർന്ന് സുപ്രീം കോടതി തൊഴിലാളികൾക്ക് അനുകൂലമായ ഒരു വിധി പുറപ്പെടുവിച്ചിരുന്നു. എന്നാൽ എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷന് പുറത്തുപോയ തൊഴിൽസ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് മുഴുവൻ പെൻഷനും ലഭിക്കാൻ അർഹതയില്ലെന്ന് ഇപിഎഫ്ഒ പറയുന്നു. ഈ വിഷയം ഇന്ന് വിവിധ കോടതികളിൽ പരിഗണനയിലാണ്.

## പങ്കാളിത്തപെൻഷൻ പദ്ധതി /പെൻഷൻകാർക്ക് മരണമണി

- മുതലാളിത്ത സമ്പദ് ഘടനയുടെ ഭാഗമായ വായ്പാ പ്രതിസന്ധിയും ഓഹരി തകർച്ചയും ഒഴിവാക്കാൻ കണ്ട കുറുക്കുവഴി.
- 2003 ഡിസംബർ 23 ന് വാജ്പേയ് സർക്കാർ ഉത്തരവിട്ടു.
- 2004 ജനുവരി 1 മുതൽ പ്രതിരോധ മേഖല ഒഴികെ കേന്ദ്ര ജീവനക്കാർക്ക് പങ്കാളിത്തപെൻഷൻ.
- 2013 സെപ്റ്റംബർ 5 ന് ലോക് സഭയിലും 6 ന് രാജ്യ സഭയിലും പി.എഫ്.ആർ.ഡി.എ ബില്ല് അവതരിപ്പിച്ച് പാസാക്കിയതോടെ പദ്ധതിക്ക് നിയമപരമായ പിന്തുണയായി.
- പശ്ചിമബംഗാൾ ഒഴികെയുള്ള മുഴുവൻ സംസ്ഥാനങ്ങളും പങ്കാളിത്തപെൻഷൻ പദ്ധതി നടപ്പാക്കി. പശ്ചിമബംഗാളിൽ പത്തുവർഷമായി സ്ഥിരം നിയമനമില്ല.



- കേരളത്തിൽ 2002 ജനുവരി 16 ലെ ഉത്തരവിലൂടെ പങ്കാളിത്തപെൻഷൻ പദ്ധതി പ്രഖ്യാപിച്ചു.
- 32 ദിവസത്തെ സമാനതകളില്ലാത്ത സമരത്തിന്റെ ഭാഗമായി സർക്കാർ പിൻവാങ്ങി.
- 01.04.2013 മുതൽ സർവ്വീസിൽ വരുന്നവർക്ക് പങ്കാളിത്തപെൻഷൻ ഏർപ്പെടുത്തിക്കൊണ്ട് 2012 ആഗസ്റ്റ് മാസം 8 ന് വീണ്ടും ഉത്തരവ്.
- രാജ്യത്താകെ 1.5 കോടി അംഗങ്ങൾ/ 80 ലക്ഷത്തോളം കേന്ദ്ര സംസ്ഥാന ജീവനക്കാർ.
- കേരളത്തിൽ നിലവിൽ 1,45,812 ജീവനക്കാർ അംഗങ്ങൾ.
- വിരമിച്ചവർ 1396 പേർ.
- വിരമിച്ചവരിൽ ഭൂരിഭാഗത്തിനും ആയിരത്തിൽ താഴെമാത്രം പെൻഷൻ.
- പങ്കാളിത്തപെൻഷൻ പദ്ധതി ശക്തിപ്പെടുത്താൻ കേന്ദ്രനീക്കം.
- സർക്കാർ വിഹിതം 14 ശതമാനമായി ഉയർത്തി.
- എൻ.പി.എസ്. ട്രസ്റ്റിനെ പി.എഫ്.ആർ.ഡി.എ. യിൽ നിന്നും വേർപെടുത്തി സ്വതന്ത്ര സംവിധാനമാക്കുന്നു.

## ദുർബലമാക്കപ്പെടുന്ന സിവിൽ സർവ്വീസ്

- സ്ഥിരം നിയമനമില്ല.
- ഉന്നത തസ്തികകളിൽപ്പോലും കരാർ നിയമനം - കാർഷിക, കർഷക ക്ഷേമം, വാണിജ്യം,വ്യവസായം,ധനകാര്യം എന്നീ മന്ത്രാലയങ്ങളിൽ 31പേരെ നിയമിക്കുന്നു.
- കേന്ദ്ര പദ്ധതികളെല്ലാം സ്കീമുകളാക്കി നടപ്പാക്കുന്നു.
- 11.91 ലക്ഷം തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു.
- ഗ്രൂപ്പ് ഡി തസ്തികകൾ ഇല്ലാതാക്കി.
- കേന്ദ്ര മാതൃക പിന്തുടർന്ന് മറ്റ് സംസ്ഥാനങ്ങളും
- ജമ്മുകാശ്മീരിൽ കരാർ നിയമനത്തിന് സ്വകാര്യ ഏജൻസി
- തമിഴ്നാട്ടിൽ 2.5 ലക്ഷം കരാർ ജീവനക്കാർ
- കർണ്ണാടകയിൽ 3 ലക്ഷം പേർ കരാർ തൊഴിലാളികൾ
- ആന്ധ്ര, തെലങ്കാന സംസ്ഥാനങ്ങളിൽ 30 % തസ്തികയിലേക്ക് നിയമനമില്ല.
- ഹരിയാന, ബീഹാർ സംസ്ഥാനങ്ങളിലും കരാർ നിയമനത്തിന് ഏജൻസി
- പശ്ചിമബംഗാളിൽ സ്ഥിരം ജീവനക്കാർ ഒന്നര ലക്ഷം മാത്രം.
- റയിൽവേയിൽ 3 ലക്ഷം തസ്തികകൾ നികത്തുന്നില്ല.
- റയിൽവേയെ 2 കമ്പനികളാക്കി സ്വകാര്യവത്ക്കരിക്കാൻ നിർദ്ദേശിക്കുന്ന സഞ്ജീവ് സന്യാൽ റിപ്പോർട്ട്.
- ജീവനക്കാരുടെ എണ്ണം 13.68 ലക്ഷത്തിൽ നിന്നും 8 ലക്ഷമായി കുറയ്ക്കും
- റയിൽവെ റിക്രൂട്ട്മെന്റ് ബോർഡിന്റെ പ്രവർത്തനം അവസാനിപ്പിക്കും. •

- സാമ്രാജ്യത്വ ആഗോളവൽക്കരണത്തിനു കീഴിൽ ഇന്ത്യയിൽ നടപ്പാക്കുന്ന സാമ്പത്തിക പരിഷ്കരണ പ്രക്രിയക്ക് ഏറ്റ കനത്ത തിരിച്ചടിയാണ് ഡൽഹി അതിർത്തിയിലെ കർഷകസമരത്തിന്റെ വിജയം.
- കർഷകരുടെ സംയുക്ത സമരം പെട്ടെന്ന് ഉയർന്നുവന്നതോ യാദൃച്ഛികമോ ആയിരുന്നില്ല. നവ ഉദാരവൽക്കരണ പരിഷ്കാരങ്ങൾക്കെതിരെ ഇന്ത്യയിലും ലോകമെമ്പാടുമുള്ള തൊഴിലാളി വർഗവും കർഷകപ്രസ്ഥാനവും സ്ഥിരവും ബോധപൂർവവുമായി നടത്തിക്കൊണ്ടിരുന്ന സമരങ്ങളുടെ തുടർച്ചയായിരുന്നു.
- വർധിച്ചുവരുന്ന തൊഴിലില്ലായ്മ, അനിയന്ത്രിതമായ വിലക്കയറ്റം, സാമൂഹ്യസുരക്ഷാ നടപടികളുടെ അഭാവം ഭക്ഷ്യസുരക്ഷ, സാർവത്രിക ആരോഗ്യം. വിദ്യാഭ്യാസം എന്നിവയെ അപകടപ്പെടുത്തുന്നു.
- കർഷക സമരത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഗുണഫലം ഇന്ത്യയിൽ ഉയർന്നുവരുന്ന തൊഴിലാളി- കർഷകസഖ്യമാണ്.

## 10 കർഷക സമരവും അവകാശ പത്രികയും



- ഇന്ത്യയിലെ കാർഷിക പ്രതിസന്ധി പ്രധാനമായും നിലനിൽക്കുന്നത് മുതലാളിത്ത വികസന ഘട്ടത്തിൽ പൂർത്തീകരിക്കാത്ത കാർഷിക പരിഷ്കാരങ്ങളുടെ മൂന്നു വശംമൂലമാണ്. ഒന്നാമതായി- അർഹതപ്പെട്ടവർക്ക് ഭൂമി വിതരണം ചെയ്ത് ഭൂപരിഷ്കരണം പൂർത്തീകരിക്കാത്തത്, രണ്ടാമത് -സംസ്കരണത്തിനും മൂല്യവർധനയ്ക്കുംവേണ്ടിയുള്ള കാർഷികാധിഷ്ഠിത വ്യവസായങ്ങൾ സ്ഥാപിക്കാത്തത്, മൂന്നാമത് - കാർഷികോൽപ്പന്നങ്ങൾക്ക് ആദായകരമായ വില, സുസ്ഥിരമായ തൊഴിൽ, കർഷകത്തൊഴിലാളികൾക്ക് മിനിമം വേതനം എന്നിവ ഉറപ്പാക്കി ആഭ്യന്തരവിപണി സൃഷ്ടിക്കുന്നതിൽ പരാജയപ്പെട്ടു.
- കർഷകസമരത്തിന്റെ പ്രഭവകേന്ദ്രമായ പഞ്ചാബിൽ, സമരത്തിന്റെ പ്രധാന നേട്ടങ്ങളിലൊന്ന്, അത് കോർപറേറ്റുവിരുദ്ധ ജനകീയ ഐക്യം രൂപപ്പെടുത്തിയെന്നതാണ്. അദാനി സൂപ്പർ മാർക്കറ്റുകൾ, റിലയൻസ് പെട്രോൾ പമ്പുകൾ, ജിയോ സിംകാർഡുകൾ ബഹിഷ്കരിക്കാനും ടോൾ പ്ലാസകൾ മോചിപ്പിക്കാനും ആഹ്വാനം ചെയ്തതുമാണ് സമരക്കാരെ കോർപറേറ്റുശക്തികളുമായി നേരിട്ടുള്ള ഏറ്റുമുട്ടലിൽ എത്തിച്ചത്.
- ബിജെപി---ആർഎസ്എസ് കൂട്ടുകെട്ടിന്റെ വർഗീയവും ഭിന്നിപ്പിക്കുന്നതുമായ രാഷ്ട്രീയത്തെ ചെറുക്കുന്നതിന് കർഷകരുടെ യോജിച്ച സമരത്തിലൂടെ സാധിച്ചെന്നതും പ്രധാന നേട്ടമാണ്. യഥാർഥ വർഗ, ഉപജീവന പ്രശ്നങ്ങൾ മുഖ്യധാരാ ദേശീയ രാഷ്ട്രീയത്തിലേക്ക് ഉയർത്തിക്കൊണ്ടുവരാൻ കർഷകരുടെയും തൊഴിലാളികളുടെയും യോജിച്ച സമരത്തിലൂടെ സാധിച്ചു.

## കർഷകരുടെ അവകാശപത്രിക അംഗീകരിക്കുക

- ഒരു വർഷത്തിലേറെ നീണ്ടുനിന്ന കർഷക പ്രക്ഷോഭത്തിന്റെ ഫലമായി കേന്ദ്ര സർക്കാർ മൂന്ന് കർഷക നിയമങ്ങൾ റദ്ദാക്കിയെങ്കിലും കർഷകർ അവരുടെ ആറ് ആവശ്യങ്ങൾ ഉന്നയിച്ച് മറ്റു പല രീതിയിലും പ്രക്ഷോഭം തുടരാനാണ് സംയുക്ത കിസാൻ മോർച്ചയുടെ തീരുമാനം.

## കർഷകർ ഉയർത്തുന്ന ആവശ്യങ്ങൾ

1. മിനിമം താങ്ങുവില (MSP) തീരുമാനിക്കാൻ നിയോഗിച്ച സമിതിയിലേക്ക് സംയുക്ത കിസാൻ മോർച്ച (SKM) നൽകുന്ന പേരുകൾ ഉൾപ്പെടുത്തി എത്രയും വേഗം താങ്ങുവില വിഷയത്തിൽ തീരുമാനമെടുക്കുക.
2. ഇപ്പോൾ നിലവിലുള്ള താങ്ങുവില സംബന്ധിച്ച നയവും അതനുസരിച്ചുള്ള വിളശേഖരണവും അതേപോലെ തുടരണം.
3. പരിഷ്കരിച്ച വൈദ്യുതി ബിൽ സംബന്ധിച്ച് SKM മായും, കർഷക യൂണിയനുകളുമായി ചർച്ച നടത്തിയ ശേഷം മാത്രം പാർലമെന്റിൽ അവതരിപ്പിക്കുക.
4. കച്ചിയും മറ്റും കത്തിക്കുന്നത് ക്രിമിനൽ കുറ്റമാക്കാൻ പാടില്ല.
5. കർഷകസമരവുമായി ബന്ധപ്പെട്ട് മരണമടഞ്ഞവർക്ക് മതിയായ നഷ്ടപരിഹാരം നൽകുക.
6. കർഷകസമരവുമായി ബന്ധപ്പെട്ട് സംസ്ഥാനം, യൂണിയൻ, ടെറിറ്ററി, കേന്ദ്ര സർക്കാർ ഏജൻസികൾ ചാർജ് ചെയ്ത എല്ലാ കേസുകളും പിൻവലിക്കുക.



11

# തൊഴിലുറപ്പ് പദ്ധതിക്ക് കൂടുതൽ തുക വകയിരുത്തണം







- കോവിഡ്19 മൂലം കോടിക്കണക്കിന് പേർക്ക് തൊഴിലും വരുമാനവും നഷ്ടപ്പെട്ടു. കോടിക്കണക്കിന് കുടിയേറ്റ തൊഴിലാളികൾ അവരുടെ ഗ്രാമങ്ങളിലേക്ക് മടങ്ങാൻ നിർബന്ധിതരായി. ഈ സാഹചര്യത്തിലും 2021-22 ബജറ്റിൽ കഴിഞ്ഞ വർഷം ചെലവായതിനേക്കാൾ 30 ശതമാനം കുറവ് തുകയാണ് മഹാത്മാഗാന്ധി ഗ്രാമീൺ തൊഴിലുറപ്പ് പദ്ധതിക്കായി (MNREGA) വകയിരുത്തിയത്.
- 20202l1ൽ തൊഴിലുറപ്പ് പദ്ധതിക്കായി ചെലവായത് 1.11 ലക്ഷം കോടി രൂപയാണ്. എന്നാൽ 2021 22 ബജറ്റിൽ ഇതിനായി വകയിരുത്തിയത് 73,000 കോടി രൂപ മാത്രമാണ്.
- 2021 ഒക്ടോബർ അവസാനത്തോടെ തന്നെ വകയിരുത്തിയിരുന്ന 73,000 കോടി രൂപ മറികടന്ന് 79,810 കോടി രൂപ തൊഴിലുറപ്പ് വേതനച്ചെലവ് എത്തി. 24 സംസ്ഥാനങ്ങളുടെയും യൂണിയൻ ഭരണ പ്രദേശങ്ങളുടെയും തൊഴിലുറപ്പ് അക്കൗണ്ട് മൈനസിലായി. അതായത് ഈ പദ്ധതി മുന്നോട്ടു കൊണ്ടുപോകാൻ പറ്റാത്ത സ്ഥിതിയിലായി പല സംസ്ഥാനങ്ങളും. ഗത്യന്തരമില്ലാതെ 10,000 കോടി രൂപ നവംബർ അവസാനത്തോടെ അധികമായി അനുവദിക്കാൻ കേന്ദ്ര സർക്കാർ നിർബന്ധിതരായി.
- ആവശ്യമുള്ളവർക്കെല്ലാം കുറഞ്ഞത് 100 ദിനത്തെ തൊഴിൽ ഉറപ്പാക്കുമെന്നാണ് തൊഴിലുറപ്പ് പദ്ധതി നിയമം. എന്നാൽ ഈ വർഷം 51 ശതമാനം പേർക്കും നൽകിയത് 30 ദിവസമോ അതിൽ കുറവോ ആണ്. 10 ശതമാനത്തിന് മാത്രമാണ് 80 ദിവസത്തിൽ കൂടുതൽ തൊഴിൽ ലഭിച്ചത്.
- ഫണ്ടിന്റെ കുറവ് മൂലം തൊഴിൽ നൽകിയവർക്ക് തന്നെ കൃത്യസമയത്ത് വേതനവും നൽകിയില്ല.
- കോവിഡിന്റെ പശ്ചാത്തലത്തിൽ 41 ശതമാനം ഗ്രാമീണ കുടുംബങ്ങളിൽ നിന്ന് തൊഴിലിനായി മുൻവർഷത്തേക്കാൾ അധികമായി 2020ൽ ആവശ്യമുയർന്നിരുന്നു. 2021ലും കോവിഡ് രൂക്ഷമായി തുടർന്നത് മൂലം തൊഴിലില്ലായ്മ വലിയ തോതിൽ ഉയർന്ന് 9 ശതമാനം വരെയെത്തി. യുവാക്കളുടെ ഇടയിലെ തൊഴിലില്ലായ്മ 20 ശതമാനത്തിനും മേലെയാണ്.
- ഫണ്ടില്ലായ്മയും വേതനം നൽകുന്നതിലെ താമസവും മൂലം അനേകർ ഈ പദ്ധതിയിൽ തൊഴിൽ തേടുന്നതും ഒഴിവാക്കുന്ന സ്ഥിതിയുണ്ട്. ഈ സാഹചര്യത്തിലാണ് ഫെബ്രുവരി 23, 24 തീയതികളിലെ സമരം നടക്കുന്നത്. •

12

# കോവിഡ് പ്രതിരോധത്തിലെ മുൻനിര തൊഴിലാളികൾക്ക് ആരോഗ്യ സുരക്ഷ ഇൻഷുറൻസ് നടപ്പിലാക്കണം.



- കോവിഡ് കാലത്ത് ആരോഗ്യ പ്രവർത്തകരുടെ സുരക്ഷ അതിപ്രധാനമാണെന്ന് ലോകാരോഗ്യ സംഘടന (WHO) തന്നെ പറഞ്ഞിട്ടുണ്ട്.
- ആരോഗ്യ പ്രവർത്തകരുടെ സുരക്ഷ അവരുടെ മാത്രം പ്രശ്നമല്ല. സമൂഹത്തിന്റെ ആകെയും, ആരോഗ്യ സംവിധാനത്തിന്റെ സുഗമമായ പ്രവർത്തനത്തിന്റെയും വിഷയമാണ്.
- കോവിഡ് ബാധിച്ചവരുടെയും, ഇതര രോഗികളുടെയും സുരക്ഷയും ജീവനും ആരോഗ്യപ്രവർത്തകരുടെ കൈകളിലാണ്. അതിനാൽ തന്നെ അവരുടെ സുരക്ഷ അതി പ്രധാനമാണ്.
- കോവിഡ് കാലത്തെ പ്രവർത്തനങ്ങൾ ആരോഗ്യപ്രവർത്തകരുടെ മാനസികവും ശാരീകവുമായ ആരോഗ്യത്തിന് വലിയ ഭീഷണിയും ഉയർത്തി. നിരന്തരമായ വിശ്രമമില്ലാതെ ജോലി പലരുടെയും ആരോഗ്യത്തെ തകർത്തു. അനേകം പേർക്ക് കോവിഡ് പിടിപെട്ടു. പലരും മരണത്തിന് തന്നെ കീഴടങ്ങി.
- ആരോഗ്യ പ്രവർത്തകരുടെ കുടുംബങ്ങളും ഈ കാലത്ത് വലിയ രോഗഭീഷണിയിലും ബുദ്ധിമുട്ടിലും പെട്ടു.
- കോവിഡിനു മുമ്പുതന്നെ ആരോഗ്യ പ്രവർത്തകരുടെ ഇടയിൽ, ഡിപ്രഷനും ആകാംക്ഷ രോഗവും ഉയർന്ന നിലയിലായിരുന്നു. അത് കോവിഡ് രൂക്ഷമാക്കി.
- കോവിഡ് കാലത്ത് ആരോഗ്യപ്രവർത്തകർക്ക് നേരെയുള്ള അതിക്രമങ്ങളും വർധിച്ചിട്ടുണ്ട്.
- WHO തന്നെ സർക്കാരുകളോട് ആവശ്യപ്പെടുന്നത് ആരോഗ്യ പ്രവർത്തകരുടെ സുരക്ഷയ്ക്കും സംരക്ഷണത്തിനും സർക്കാരുകൾ തന്നെ മുൻകൈ എടുക്കണമെന്നാണ്. •


## ഒന്നിക്കൂ! പോരാടൂ !

**“ജനങ്ങളെ സംരക്ഷിക്കുക രാജ്യത്തെ രക്ഷിക്കുക”**

**ട്രേഡ് യൂണിയൻ സംയുക്ത സമിതി**




1982 ജനുവരി 19 മുതൽ നാൽപ്പത് വർഷം പിന്നിട്ട് 2022 ഫെബ്രുവരി 23, 24 ന്

# ഇന്ത്യൻ തൊഴിലാളിവർഗ്ഗം ദ്വിദിന പണിമുടക്കിലേക്ക്



കെ.എൻ.ഗോപിനാഥ്

**12 ആവശ്യങ്ങളാണ് ട്രേഡ് യൂണിയൻ സംയുക്ത സമിതി ദേശീയ പണിമുടക്കിലൂടെ മുന്നോട്ടുവയ്ക്കുന്നത്. പണിമുടക്കിന് 52 ഫെഡറേഷനുകളുടെ പിന്തുണ അനിതരസാധാരണമാണ്. 11 കേന്ദ്രട്രേഡ് യൂണിയനുകളും 12-ഓളം സംസ്ഥാന ട്രേഡ് യൂണിയനുകളും ചേർന്ന സമിതി ഇന്ത്യയിൽ ആകെയുമായ തൊഴിൽ ശക്തിയായി 1982 മുതൽ പണിമുടക്കുകളിലൂടെ അനുപമമായ ഐക്യത്തോടെ വളർന്ന് വിപുലപ്പെടുകയാണ്. ഈ പ്രസ്ഥാനം വിദൂരമല്ലാത്ത ഭാവിയിൽ "വർഗഐക്യത്തിനെതിരെ നീങ്ങുന്ന വർഗീയതയെ" പ്രതിരോധിച്ച് തൊഴിലാളി വർഗ രാഷ്ട്രീയ ധ്രുവീകരണത്തിന് വഴിയൊരുക്കുമെന്നത് തീർച്ചയാണ്.**

**സ്വതന്ത്രഭാരതത്തിലെ** ആദ്യത്തെ ദേശീയ പൊതുപണിമുടക്കായിരുന്നു 1982 ജനുവരി 19. നാൽപ്പതു വർഷം മുമ്പ് നഗരഗ്രാമ വ്യത്യാസമില്ലാതെ തൊഴിലാളികൾ ഒറ്റക്കെട്ടായി നടത്തിയ പണിമുടക്ക് ചരിത്രത്തിന് ഇന്ത്യൻ തൊഴിലാളി വർഗം തുടക്കം കുറിച്ചു. ദേശീയ പണിമുടക്കിന് കർഷകരും തൊഴിലാളികളും കൈകോർത്തു പുതിയൊരു സമരയുഗത്തിന്റെയും തുടക്കമായി. കേന്ദ്രതൊഴിലാളി സംഘടനകളുടെ അഖിലേന്ത്യാ കോഓർഡിനേഷൻ കമ്മിറ്റിയായിരുന്നു പണിമുടക്ക് ആഹ്വാനം ചെയ്തത്. ട്രേഡ് യൂണിയനുകളുടെ ദേശീയ ഫെഡറേഷനുകൾ പിന്തുണയും പ്രഖ്യാപിച്ചു. "തൊഴിലില്ലായ്മ പരിഹരിക്കുക, തൊഴിലില്ലായ്മ വേതനം നൽകുക, കർഷകതൊഴിലാളികൾക്ക് കുറഞ്ഞ വേതനം ഉറപ്പാക്കുക, കർഷകോൽപ്പന്നങ്ങൾക്ക് താങ്ങുവില നിശ്ചയിക്കുക തുടങ്ങിയ ആവശ്യങ്ങളാണ് ഉയർത്തിയത്.

"തൊഴിലാളി കർഷക ഐക്യം വളരണം" എന്ന ആവശ്യം അതിവിപുലമായ തലങ്ങളിൽ ചർച്ചയായി. ഇന്ത്യയിലെ അന്നത്തെ പ്രതിപക്ഷപാർട്ടികളായ "ജനാധിപത്യ സോഷ്യലിസ്റ്റ് പാർട്ടി, ആർ.എസ്.പി, ഫാർവേഡ് ബ്ലോക്ക്, സി.പി.ഐ, ജനതാപാർട്ടി, ബി.ജെ.പി, സി.പി.ഐ(എം), ലോക്ദൾ, ജൻവാദി പാർട്ടി എന്നിവർ പണിമുടക്കിനെ പിന്തുണച്ച് പ്രഖ്യാപനം നടത്തി, ജനങ്ങളുടെ അടിസ്ഥാന സാമൂഹ്യപ്രശ്നങ്ങൾ ഉയർത്തിക്കൊണ്ടുള്ള പണിമുടക്ക് ശ്രദ്ധേയമാകണമെന്നായിരുന്നു പ്രഖ്യാപനം. കർഷകരുടെയും തൊഴിലാളികളുടെയും ജീവിൽ പ്രശ്നങ്ങൾ ഉയർത്തുകവഴി, ബൂർഷ്വാപ്രഭുഭരണകൂടത്തിനെതിരെ എല്ലാവിഭാഗം ജനങ്ങളെയും ഐക്യത്തോടെ അണിനിരത്താനുള്ള

**ഭാരതബന്ദടക്കം കഴിഞ്ഞ ഒരു വർഷമായി കർഷകർ സംയുക്തമായി സംഘടിപ്പിച്ച പ്രക്ഷോഭം ബി.ജെ.പി സർക്കാരിനെ മുട്ടുകുത്തിച്ചു. ഉന്നയിച്ച എല്ലാ ആവശ്യങ്ങളിലും ഒത്തുതീർപ്പ് നിർദ്ദേശങ്ങൾക്ക് സർക്കാർ തയ്യാറാവുകയും മൂന്ന് കർഷകദ്രോഹ ബില്ലുകളും പിൻവലിക്കുകയും ചെയ്തു. ലോകത്തിലെ തന്നെ പ്രക്ഷോഭ സമരചരിത്രത്തിൽ ഈ സംഭവം ഇടം പിടിച്ചു.**




സന്നദ്ധതയാണ് ഇന്ത്യയിലെ തൊഴിലാളിസംഘടനകൾ പ്രകടിപ്പിച്ചത് എന്ന് സഖാവ് ബി.ടി. രണദിവെ വ്യക്തമാക്കി. ഈ ചുമതല തൊഴിലാളി സംഘടനകൾ മുന്നോട്ട് കൊണ്ടുപോകണമെന്ന് ബി.ടി.ആർ ഓർമ്മിപ്പിച്ചു.

1982 ജനുവരി 19 ന് ഭരണവർഗം അഴിച്ചുവിട്ട കടന്നാക്രമണത്തിൽ പത്ത് സാധാരണക്കാരായ തൊഴിലാളികൾ രക്തസാക്ഷികളായി. തമിഴ്നാട്ടിലെ അന്നത്തെ അകഉണ്ടഗ സർക്കാർ പണിമുടക്കിന്റെ മുന്നോടിയായി ആയിരക്കണക്കിന് തൊഴിലാളികളെ അറസ്റ്റ് ചെയ്ത് ജയിലിലടച്ചു. അൻജൻ, നഗൂരാൻ, ഗണശേഖരൻ എന്നീ കർഷകതൊഴിലാളികളെ തമിഴ്നാട്ടിലെ നാഗപട്ടണം ജില്ലയിൽ കരിങ്കാലികൾ കൊന്നൊടുക്കി. രക്തസാക്ഷി സ്മരണയ്ക്കായി തിരുമെയ്ഗിനാം വില്ലേജിൽ സ്മാരകം പണിതു.

കേരളത്തിൽ വ്യവസായ തലസ്ഥാനമായ എറണാകുളം ജില്ലയിലെ പി.കെ.അബ്ദുൽ റസാക്കിനെ പണിമുടക്ക് ദിവസം കോൺഗ്രസ് കാപാലികൾ അരുംകൊല ചെയ്തു. ഉദ്യോഗമണ്ഡൽ കൺസ്ട്രക്ഷൻ ആന്റ് കോൺട്രാക്റ്റ് വർക്കേഴ്സ് യൂണിയന്റെ ഭാരവാഹിയായിരുന്നു റസാക്. രാവിലെ എഫ്എസിറ്റി ഗേറ്റിൽ പണിമുടക്ക് പ്രകടനം നടത്തി മടങ്ങി പോകുന്ന വഴിയിലാണ് റസാക്കിനെ കുത്തിക്കൊന്നത്. ഏലൂരിലെ റസാക് രക്തസാക്ഷിമണ്ഡപവും റസാക്ക് മന്ദിരവും ദീപ്തമായ രക്തസാക്ഷിസ്മരണയും 1982 ജനുവരി 19 ലെ ആദ്യ ദേശീയപണിമുടക്കിന്റെ ആവേശവും തൊഴിലാളിവർഗത്തിന് ഇന്നും ഒരു വികാരമാണ്.

കൊല്ലം ജില്ലയിൽ പത്തനാപുരത്ത് ഷാഹുൽ ഹമീദിന്റെ ജീവൻ കോൺഗ്രസ്സ് ഗുണ്ടകൾ കവർന്നെടുത്തു. പൈശാചികത്വം അരങ്ങു തകർത്തു.

ഉത്തർപ്രദേശിലെ ബാസുരി മാർക്കറ്റിൽ 1982 ജനുവരി 19 ന് പോലീസ് വെടിവയ്പിൽ കിസാൻ സഭയുടെ പ്രാദേശിക സെക്രട്ടറി സഖാവ് ഭോല കൊല്ലപ്പെട്ടു. അദ്ദേഹത്തിന്റെ സഹോദരനും എസ്.എഫ്.ഐ നേതാവുമായ ലാൽചന്ദ്രിനെയും പോലീസ് വെടിവച്ചുകൊന്നു. 1982 മുതൽ ഇന്നും എല്ലാ ജനുവരി 19നും ബാസുരി മാർക്കറ്റിൽ കൃഷിക്കാരും, തൊഴിലാളികളും, വിദ്യാർത്ഥികളും ഒരുമിച്ച് അനുസ്മരണ പരിപാടികൾ സംഘടിപ്പിക്കുന്നു.

1982 ജനുവരി 19–ലെ ദേശീയപണിമുടക്കിന് ശേഷം ഇന്ത്യിൽ വരാൻപോകുന്ന 2022 ഫെബ്രുവരി 23, 24 ലെ പണിമുടക്കടക്കം 21 പൊതുപണിമുടക്കുകളിലൂടെയും തൊഴിലാളി വർഗം അനുസ്യൂതം ചെറുത്തുനിൽപ്പ് ഉയർത്തിക്കൊണ്ടിരിക്കുന്നു. 1982 ജനുവരി 19, 1991 ഡിസംബർ 29, 1992 ജൂൺ 16, 1993 സെപ്റ്റംബർ 9, 1994 സെപ്റ്റംബർ 29, 1998 ഡിസംബർ 11, 2000 മെയ് 11, 2001 മാർച്ച് 12, 2002 ഏപ്രിൽ 16, 2004 ഫെബ്രുവരി 24, 2005 ഫെബ്രുവരി 28, 2013 ഫെബ്രുവരി 2021, 2015 സെപ്റ്റംബർ 2, 2016 സെപ്റ്റംബർ 2, 2019 ജനുവരി 8,9, 2020 ജനുവരി 8, 2021 നവംബർ 26, 2022 ഫെബ്രുവരി 2324 എന്നിങ്ങനെയാണ് സ്വതന്ത്രഭാരതത്തിലെ ദേശീയപണിമുടക്കുകളുടെ നാൾവഴി. കർഷകമോർച്ച ആഹ്വാനം ചെയ്ത ഭാരതബന്ദിൽ 32 കോടിയോളം വരുന്ന തൊഴിലാളികളും കർഷകരും അടങ്ങുന്ന ജനങ്ങളാണ് ഇന്ത്യ നിശ്ചലമാക്കിയത്. 2021 നവംബർ 26

## ദേശീയ പണിമുടക്കുകൾ

1. 1982 ജനുവരി........................ 19
2. 1991 നവംബർ...................... 29
3. 1992 ജൂൺ............................. 16
4. 1993 സെപ്റ്റംബർ................ 09
5. 1994 സെപ്റ്റംബർ................ 29
6. 1998 ഡിസംബർ................... 11
7. 2000 മേയ് ............................. 11
8. 2001 മാർച്ച്............................ 12
9. 2002 ഏപ്രിൽ ......................... 16
10. 2004 ഫെബ്രുവരി ................. 24
11. 2005 സെപ്റ്റംബർ................ 29
12. 2006 ഡിസംബർ................... 14
13. 2008 ആഗസ്റ്റ്......................... 20
14. 2010 സെപ്റ്റംബർ................ 07
15. 2012 ഫെബ്രുവരി ................. 28
16. 2013 ഫെബ്രുവരി ................. 20, 21
17. 2015 സെപ്റ്റംബർ................ 02
18. 2016 സെപ്റ്റംബർ................ 02
19. 2019 ജനുവരി........................ 08, 09
20. 2020 ജനുവരി........................ 08



ലെ പൊതുപണിമുടക്കിൽ 25 കോടി തൊഴിലാളികൾ അണിനിരന്നു.

ഭാരതബന്ദടക്കം കഴിഞ്ഞ ഒരു വർഷമായി കർഷകർ സംയുക്തമായി സംഘടിപ്പിച്ച പ്രക്ഷോഭം ബി.ജെ.പി സർക്കാരിനെ മുട്ടുകുത്തിച്ചു. ഉന്നയിച്ച എല്ലാ ആവശ്യങ്ങളിലും ഒത്തുതീർപ്പ് നിർദ്ദേശങ്ങൾക്ക് സർക്കാർ തയ്യാറാവുകയും മൂന്ന് കർഷകദ്രോഹബില്ലുകളും പിൻവലിക്കുകയും ചെയ്തു. ലോകത്തിലെ തന്നെ പ്രക്ഷോഭ സമരചരിത്രത്തിൽ ഈ സംഭവം ഇടം പിടിച്ചു. കർഷകപ്രക്ഷോഭം സർക്കാരും അനുചരന്മാരും, ജാതിവർഗീയതയും ഉയർത്തിയ കടന്നാക്രമണങ്ങളെ ചെറുത്തുപരാജയപ്പെടുത്തുകയായിരുന്നു. തൊഴിലാളിവർഗവും കർഷകജനസാമാന്യം കൈകോർത്താൽ അധികാരകേന്ദ്രങ്ങൾ തന്നെ ഇളകിത്തെറിക്കും എന്ന് ഉറപ്പായിരുന്നു. മൂലധനശക്തികളുടെ താൽപ്പര്യാർത്ഥം അധികാരത്തിൽ വന്ന "നരേന്ദ്രമോദി സർക്കാരിനെ തുടച്ചുനീക്കുകയാണ് ലക്ഷ്യമെന്ന്" മുസാഫർ നഗറിലെ പ്രഖ്യാപനം അധികാരദന്തഗോപുരത്തിൽ ഇടിമിന്നലായി പതിച്ചു. ബി.ജെ.പിയുടെ ചുവടുമാറ്റം തൽക്കാലം പിടിച്ചു നിന്ന് വീണ്ടും ആഞ്ഞടിക്കാനാണ് എന്ന തിരിച്ചറിവില്ലെങ്കിൽ മുന്നോട്ട് പോകാനാവില്ല. കൂടുതൽ തീർച്ചയും മൂർച്ചയുമുള്ള പണിമുടക്കുകൾ ആവശ്യമാവും.

2021 നവംബർ 11 ന് ന്യൂഡൽഹിയിൽ നിന്നുയർന്ന സംയുക്ത ട്രേഡ് യൂണിയൻ പ്രഖ്യാപനം തൊഴിലാളിവർഗം പ്രകടിപ്പിക്കുന്ന നിശ്ചയദാർഢ്യവും പോരാട്ട വീര്യവുമാണ് വിളംബരം ചെയ്തത്. ഫെബ്രുവരി 23, 24 ന് 48 മണിക്കൂർ പണിമുടക്കും ഇന്ത്യയിൽ വ്യാവസായിക ഉൽപ്പാദനമേഖലയെ സ്തംഭിപ്പിക്കാൻ പോന്നതാകും. "ജനങ്ങളെ സംരക്ഷിക്കുക, രാജ്യത്തെ സംരക്ഷിക്കുക" എന്നതാണ് പണിമുടക്കിന്റെ പ്രധാനമുദ്രാവാക്യം. മിഷൻ ഉത്തർപ്രദേശ്, മിഷൻ ഉത്തരാഖണ്ഡ് എന്നീ എസ്.കെ.എം ലക്ഷ്യം പൂർത്തിയാക്കുവാൻ തൊഴിലാളി സംഘടനകൾ കൈകോർക്കുകയാണ്. വൈദ്യുതി മേഖലയിൽ സ്വകാര്യവൽക്കരണ നീക്കത്തിനെതി

രെ ഫെബ്രുവരി 1 ന് പണിമുടക്ക് പ്രഖ്യാപിച്ചിട്ടുണ്ട്.

ഈ പണിമുടക്ക് തൊഴിലാളികളുടെ അവകാശങ്ങൾ നേടുന്നതിന് വേണ്ടിമാത്രമല്ല ഭരണകൂടത്തിലെ ഏകാധിപത്യശക്തികളായ ബി.ജെ.പിയും കൂട്ടരും സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന ദുരന്തങ്ങളിലും, തകർച്ചകളിലും നിന്ന് രാജ്യത്തിന്റെ സമ്പദ്ഘടനയെയും ജനാധിപത്യസംവിധാനങ്ങളെയും സമൂഹത്തെയാകെയും രക്ഷിക്കുന്നതിന് വേണ്ടികൂടിയാണ്. എൻഎംപി എന്ന പേരിൽ 60 ലക്ഷം കോടിയോളം രൂപയുടെ നിർണായക ആസ്തികളാണ് കേവലം 6 ലക്ഷം കോടി രൂപയുടെ വാടക കിട്ടും എന്ന വ്യാഖേന സ്വകാര്യകുത്തകകൾക്ക് "കൈമാറുക പൊതുമുതൽ കൊള്ളയടിക്കാൻ ഇതിൽപ്പരം മറ്റൊരവസരം ഉണ്ടാകുമോ? നൽകുന്നത്.

* തൊഴിൽ കോഡുകളും ആവശ്യപ്രതിരോധ സേവന നിയമവും പുന:പരിശോധിക്കണം.
* എല്ലാരൂപത്തിലുമുള്ള സ്വകാര്യവൽക്കരണവും അവസാനിപ്പിക്കണം.
* സൗജന്യ ഭക്ഷ്യധാന്യവും വരുമാനനഷ്ട പരിഹാരമായി 7500 രൂപയും പ്രതിമാസം നൽകണം.
* തൊഴിലുറപ്പ് പദ്ധതിക്ക് കൂടുതൽ തുക വകയിരുത്തണം.
* അസംഘടിത മേഖലയിലെ എല്ലാ തൊഴിലാളികൾക്കും സാർവത്രിക സാമൂഹ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കണം.
* സകീംവർക്കർമാർക്ക്, തൊഴിലാളികൾക്ക് നൽകുന്ന എല്ലാ പരിരക്ഷയും അനുവദിക്കണം.
* കോവിഡ് പ്രതിരോധത്തിലെ മുൻനിര തൊഴിലാളികൾക്ക് ആരോഗ്യ സുരക്ഷ ഇൻഷുറൻസ് നടപ്പിലാക്കണം.
* സമ്പദ് നികുതി വർദ്ധിപ്പിച്ച് കൃഷി, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ രംഗങ്ങളിൽ നിക്ഷേപം വർദ്ധിപ്പിക്കണം.
* പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് മേലുള്ള കേന്ദ്രഎക്സൈസ് തീരുവ വെട്ടിക്കുറക്കണം. വിലക്കയറ്റം തടയണം.
* കരാർ/പദ്ധതി തൊഴിലാളികളെ സ്ഥിരപ്പെടുത്തുക, തുല്യജോലിക്ക് തുല്യവേതനം നൽകണം.
* പുത്തൻ പെൻഷൻ പദ്ധതി റദ്ദാക്കി , എല്ലാ തൊഴിലാളികളുടെയും പഴയപെൻഷൻ പദ്ധതി പരിധിയിൽ കൊണ്ടുവരണം. ഇ.പി.എഫിന് കീഴിലെ കുറഞ്ഞ പെൻഷൻ വർദ്ധിപ്പിക്കണം.
* കർഷകരുടെ അവകാശപത്രികയിലെ എല്ലാ ആവശ്യങ്ങളും അംഗീകരിക്കണം.

ഈ 12 ആവശ്യങ്ങൾ തെരുവുകളിലും, ഓഫീസുകളിലും, ഫാക്ടറികളിലും ചർച്ചയാകണം. 52 ഫെഡറേഷനുകളുടെ പിന്തുണ അനിതരസാധാരണമാണ്. 11 കേന്ദ്രട്രേഡ് യൂണിയനുകളും 12 ഓളം സംസ്ഥാന ട്രേഡ് യൂണിയനുകളും ചേർന്ന സമിതി ഇന്ത്യയിൽ ആകെയുമായ തൊഴിൽ ശക്തിയായി 1982 മുതൽ പണിമുടക്കുകളിലൂടെ അനുപമമായ ഐക്യത്തോടെ വളർന്ന് വിപുലപ്പെടുകയാണ്. ഈ പ്രസ്ഥാനം വിദൂരമല്ലാത്ത ഭാവിയിൽ "വർഗഐക്യത്തിനെതിരെ നീങ്ങുന്ന വർഗീയതയെ" പ്രതിരോധിച്ച് തൊഴിലാളി വർഗ രാഷ്ട്രീയ ധ്രുവീകരണത്തിന് വഴിയൊരുക്കുമെന്നത് തീർച്ചയാണ്.

ലോകത്ത് ചിലിയിലും, നിക്കരാഗ്വയിലും..... യൂറോപ്പിലെ ഓസ്ട്രിയയിലെ ഗ്രാസിലും ഹോണ്ടുറാസിലും, വെനിൻസുലായിലും, അർജന്റീനയിലും, ബൊളീവിയായിലും സോഷ്യലിസ്റ്റ് മുന്നേറ്റം സംഭവിച്ചത് അവിടങ്ങളിലെ ജനാധിപത്യക്ഷേമ ആവശ്യങ്ങൾക്കായി നടന്ന പോരാട്ടങ്ങളുടെ പരിസമാപ്തിയിലാണ്. ബ്രസീലിലും, കൊളിമ്പിയയിലും ഈ മാറ്റങ്ങൾ അലയടിക്കുകയാണ്. ജർമ്മനിയിൽ 12 വർഷത്തിനു ശേഷം ഉണ്ടായ ഭരണമാറ്റം ജനവികാരം തിളച്ചുമറിയുന്ന സമാനരാജ്യങ്ങളിലെ ഭരണകൂടങ്ങൾക്കെതിരാക്കിയതാണ്. ഇത് ഇന്ത്യയിലും സംഭവിക്കാതിരിക്കാൻ നിർവാഹമില്ല. കൃഷിക്കാരുടെയും തൊഴിലാളികളുടെയും പ്രശ്നങ്ങളോട് മുഖം തിരിച്ചു നിൽക്കുന്നവർ രാഷ്ട്രീയമായി ഒറ്റപ്പെടുമെന്ന് വന്നപ്പോൾ പല രാഷ്ട്രീയ പാർട്ടികളും നിലപാടുകൾ മാറ്റിത്തുടങ്ങി. ശക്തമായ പ്രതിപക്ഷ ബദലിലേക്കുള്ള വഴിയായി പണമുടക്കുൾപ്പെടെയുള്ള സമരപോരാട്ടങ്ങളെ വഴിതിരിച്ചുവിടാൻ ഇന്ത്യയിലെ ഇടതുപക്ഷ പാർട്ടികൾക്ക് കഴിയുമെന്നത് കൂടുതൽ ആത്മവിശ്വാസം വളർത്തുന്നതും, പണിമുടക്കുകൾക്ക് ഫലമുണ്ടാകുമെന്നതും കൂടുതൽ പേരെ ചൂഷണത്തിനെതിരായ പോരാട്ടങ്ങളിൽ അണിനിരത്തുവാൻ സഹായിക്കും. ●

# വിലക്കയറ്റം നിയന്ത്രിക്കുക ജനങ്ങൾക്ക് ആശ്വാസം എത്തിക്കുക

**കുത്തക ബിസിനസ്സ് ധനിക ഭൂഉടമ വർഗ്ഗത്തിന്റെ ലാഭക്കൊതിയെ തൃപ്തിപ്പെടുത്തുന്നതിനുവേണ്ടി സർക്കാരാണ് വിലകൾ വർദ്ധിപ്പിക്കുന്നത്. അതിന് പിഴമൂളേണ്ടി വരുന്നതാകട്ടെ സാധാരണക്കാരും. കോർപ്പറേറ്റ് അനുകൂല നയങ്ങൾ തിരുത്തുന്നതിനും അവശ്യ വസ്തുക്കളുടെ വില ഫലപ്രദമായി നിയന്ത്രിക്കുന്നതിനും ജനങ്ങൾക്ക് ആശ്വാസമെത്തിക്കുന്നതിനും മോദി സർക്കാരിനെ പ്രേരിപ്പിക്കുന്നതിനു വേണ്ടിയിട്ടുള്ള പ്രക്ഷോഭത്തിന്റെ ഭാഗമാണ് 2022 ഫെബ്രുവരി 22 23 തീയതികളിലെ പൊതുപണിമുടക്ക്.**

മഹാമാരിയും, മോദി സർക്കാർ മുന്നൊരുക്കങ്ങളില്ലാതെ അടിച്ചേൽപ്പിച്ച അടച്ചുപൂട്ടലും ബഹുമുഖമായ ദുരിതങ്ങളാണ് ജനങ്ങളുടെ മേൽ ചുമത്തിയത്. ദശലക്ഷക്കണക്കിന് തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെട്ടു. അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ വരുമാനം ഗണ്യമായി ശോഷിച്ചു. രാജ്യത്തെ സമ്പത്തിന്റെ ഉല്പാദകരായ കോടിക്കണക്കിന് തൊഴിലാളികൾ വിശപ്പിലേക്ക് എടുത്തെറിയപ്പെട്ടു. ഇതിനെല്ലാം പുറമെ, അവശ്യ സാധനങ്ങളുടെ വില കുതിച്ചുകയറി ആകാശം തൊടുന്ന അവസ്ഥയെത്തി. സർക്കാർ പിന്തുടരുന്ന നയങ്ങളുടെ പ്രത്യാഘാതമാണ് ഇതെല്ലാം.

മൊത്ത വിലസൂചിക മുപ്പത് വർഷത്തെ റിക്കാർഡ് ഭേദിച്ച് 2021 നവംബറിൽ 14.23 ശതമാനമായി ഉയർന്നു. അരി, ഭക്ഷ്യഎണ്ണ, ധാന്യങ്ങൾ, പച്ചക്കറികൾ, മുട്ട എന്നീ അവശ്യ ഭക്ഷ്യവസ്തുക്കളുടെ വില ആകാശം മുട്ടെ ഉയർന്നിരിക്കുന്നു. ഭക്ഷ്യഎണ്ണയുടെ വിലയിലാണ് ഏറ്റവും വലിയ വർദ്ധനവ് - 60 ശതമാനം. പമ്പ് സെറ്റുകളിലും ട്രാക്ടറുകളിലും ഉപയോഗിക്കുന്ന ഡീസലിന്റെ വിലക്കയറ്റമാകട്ടെ കർഷകരെ രൂക്ഷമായി ബാധിച്ചിരിക്കുന്നു. പാചകവാതകത്തിന്റെ വില ഉയരാനുള്ള കാരണം സബ്സിഡിയിൽ കുത്തനെ വരുത്തിയ കുറവാണ്. വിലക്കയറ്റത്തിന്റെ ഭാരം മുഴുവൻ ഉപഭോക്താവിന്റെ മേൽ പതിച്ചിരിക്കുന്നു.

പെട്രോളിയം ഉൽപ്പന്നങ്ങളുടെ ഭീമമായ എക്സൈസ് നികുതിയും ഇതര നികുതികളുമാണ് ഈ വിലക്കയറ്റത്തിന്റെ മുഖ്യകാരണം. എക്സൈസ് നികുതി വർദ്ധിപ്പിച്ചുകൊണ്ട് ജനങ്ങളെ ഊറ്റിപ്പിഴിയുന്ന മോദി സർക്കാരിന്റെ ക്രൂരതയുടെ കഥ ധനമന്ത്രി രാജ്യസഭയിൽ രേഖാമൂല



**ഒരു വശത്ത് ധാന്യങ്ങളുടേയും മറ്റ് കാർഷികോൽപ്പന്നങ്ങളുടെയും ഉല്പാദകരായ കൃഷിക്കാർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് പര്യാപ്തമായ വില ലഭിക്കുന്നില്ല. മറുവശത്താകട്ടെ ഇതേ കൃഷിക്കാരിൽ വലിയൊരു വിഭാഗവും തൊഴിലാളികളും ഈ ഉല്പന്നങ്ങൾ വിപണിയിൽ നിന്ന് അമിതമായ വില കൊടുത്ത് വാങ്ങേണ്ടി വരുന്നു. ഇത് വലിയൊരു വിരോധാഭാസമാണ്. ഉയർന്ന വില ഈടാക്കുന്നതിലൂടെ സമാഹരിക്കുന്ന പണം എവിടെ പോകുന്നു?**

നൽകിയ മറുപടിയിൽ വെളിപ്പെടുന്നുണ്ട്. ഇന്ധന നികുതിയിലൂടെ മാത്രം 2018-നു ശേഷമുള്ള മൂന്ന് വർഷക്കാലത്ത് സർക്കാർ സമാഹരിച്ചത് 8 ലക്ഷം കോടി രൂപയാണ്. ജനങ്ങളുടെ തൊഴിലും വരുമാനവും ഭീമമായ തോതിൽ നഷ്ടപ്പെട്ട 2020-21 കാലത്താണ് അതിൽ 3.71 ലക്ഷം കോടി രൂപയും സർക്കാർ നേടിയത്.

പെട്രോളിന്റെയും ഡീസലിന്റെയും കുതിക്കുന്ന വിലകൾ കടത്തുകൂലിയിൽ വർദ്ധനവുണ്ടാക്കുകയും സർവ്വാശ്ലേഷിയായ പ്രത്യാഘാതം സമസ്ത മേഖലകളിലും സൃഷ്ടിക്കുകയും ചെയ്യുന്നു. പെട്രോളിന്റെയും ഡീസലിന്റെയും കേന്ദ്ര എക്സൈസ് നികുതിമാത്രം യഥാക്രമം ലിറ്ററിന് 33 ഉം 32 ഉം രൂപ വീതമാണ്. നിയമസഭാ തെരഞ്ഞെടുപ്പുകളിൽ ബി.ജെ.പി നേരിട്ട പരാജയത്തിന്റെയും നിരന്തരമായ വിലക്കയറ്റത്തിനെതിരെ ഉയർന്നുവരുന്ന ജനരോഷത്തിന്റെയും പശ്ചാത്തലത്തിൽ പെട്രോളിന്റെയും-ഡീസലിന്റെയും എക്സൈസ് ഡ്യൂട്ടി നിരക്കിൽ യഥാക്രമം 5 രൂപയുടേയും 10 രൂപയുടേയും നാമമാത്രമായ കുറവ് മോദി സർക്കാർ പ്രഖ്യാപിക്കുകയുണ്ടായി. എന്നാൽ പേരിന് മാത്രമുള്ള ഈ കുറക്കൽ ജനങ്ങൾക്ക് കാര്യമായ ആശ്വാസം നൽകുന്നില്ല.

ക്ഷേമ പദ്ധതികൾക്കും വാക്സിനേഷൻ പരിപാടിക്കും വേണ്ടി സർക്കാരിന് പണം ആവശ്യമുണ്ടെന്നും, അതുകൊണ്ടാണ് പെട്രോളിന്റെയും ഡീസലിന്റെയും നികുതി കുറക്കാൻ കഴിയാത്തതെന്നും ഉള്ള കേന്ദ്ര പെട്രോളിയം മന്ത്രിയുടെ വാദം വ്യാജവും അധാർമികവുമാണ്.. മോദി സർക്കാർ തന്നെ കോർപ്പറേറ്റ് നികുതിയിൽ ഇളവു വരുത്തുക വഴിയും മറ്റ് ഇളവുകളും ആനുകൂല്യങ്ങൾ വഴിയും ഉണ്ടാക്കിയിട്ടുള്ള നഷ്ടം 1.45 ലക്ഷം കോടി രൂപയുടേതാണ്. 2019 നു മുമ്പുള്ള കോർപ്പറേറ്റ് നികുതി പുന:സ്ഥാപിക്കുന്നതുവഴി, എക്സൈസ് ഡ്യൂട്ടി കുറക്കുന്നതുമൂലമുണ്ടാകുന്ന നഷ്ടം പരിഹരിക്കാൻ കഴിയും. കൂടാതെ, അതിസമ്പന്നന്മാരുടെ മേൽ ചെറിയൊരു സ്വത്ത് നികുതി ഏർപ്പെടുത്തുന്നതിലൂടെ ആവശ്യത്തിനുള്ള വരുമാനം നേടാൻ കഴിയും. എന്നാൽ അത്തരം ഒരു നടപടി, വിരലിലെണ്ണാവുന്ന സ്വദേശിയും വിദേശിയുമായ വമ്പൻ കോർപ്പറേറ്റുകളുടെ അപ്രീതി ക്ഷണിച്ചു വരുത്തും എന്നുള്ളതുകൊണ്ട് മോദി സർക്കാർ അതിനു തയ്യാറാകുന്നില്ല.

വിലക്കയറ്റം നിയന്ത്രിക്കുന്നതിനു വേണ്ടി ഇടപെടാനും ഗവൺമെണ്ട് സന്നദ്ധമല്ല. പകരം അവശ്യ വസ്തു നിയമത്തിൽ വെള്ളം ചേർത്തുകൊണ്ട് ഭക്ഷ്യ എണ്ണ ഉൾപ്പെടെയുള്ള ഉല്പന്നങ്ങളുടെ മേലുള്ള നിയന്ത്രണം നീക്കുന്നതിനുള്ള നടപടിയാണ് സർക്കാർ സ്വീകരിച്ചത്. അതുവഴി അവശ്യ ഉല്പന്നങ്ങളുടെ പൂഴ്ത്തിവെപ്പും ഊഹവ്യാപാരവും പ്രോത്സാഹിപ്പിക്കുകയാണ് സർക്കാർ. തൽഫലമായി കോർപ്പറേറ്റ് സ്ഥാപനങ്ങൾ വമ്പൻ ലാഭം കൊയ്യുകയും മറുവശത്ത് താങ്ങാനാവാത്ത വില അടിച്ചേല്പിച്ച് സാധാരണക്കാരെ പിഴിയുകയും ചെയ്യുന്നു. നമ്മുടെ കർഷകർ ഒരു വർഷത്തിലേറെ നീണ്ട ഐതിഹാസികമായ സമരത്തിലൂടെ എതിർത്ത മൂന്ന് നിയമങ്ങളിൽ ഒന്ന് അവശ്യ വസ്തു (ഭേദഗതി) നിയമമായിരുന്നു..

സർക്കാർ ഒരു വശത്ത് വിലക്കയറ്റത്തിനിടയാക്കുന്ന നയങ്ങൾ നടപ്പാക്കുന്നു. മറുവശത്ത് മഹാമാരി നിമിത്തം തൊഴിലും വരുമാനവും നഷ്ടപ്പെട്ട തൊഴിലാളികളടക്കമുള്ള ജനവിഭാഗങ്ങൾക്ക് ആശ്വാസം എത്തിക്കാൻ വിസമ്മതിക്കുകയും ചെയ്യുന്നു. അടച്ചുപൂട്ടൽ നിമിത്തം കോടി കണക്കിന് തൊഴിലാളികൾക്കാണ് തൊഴിൽ നഷ്ടപ്പെട്ടത്. തൊഴിൽ ഉള്ളവരാകട്ടെ കുറഞ്ഞ വേതനത്തിന് ജോലി ചെയ്യാൻ നിർബ്ബന്ധിതരാകുന്നു. മഹാമാരിയെ തുടർന്ന് മഹാഭൂരിപക്ഷം തൊഴിലാളികളുടെയും യഥാർത്ഥ വരുമാനം കുത്തനെ ഇടിഞ്ഞിരിക്കുന്നു.

ആഗോള വിശപ്പ് സൂചികയിൽ ഇന്ത്യയുടെ സ്ഥാനം 2020 ലെ 94 നിന്നും 101 ആയി നിലംപ

തിച്ചിരിക്കുന്നു. അയൽപക്കകാരായ പാക്കിസ്ഥാന്റെയും നേപ്പാളിന്റെയും ബംഗ്ലാദേശിന്റെയും താഴെയാണ് നമ്മുടെ സ്ഥാനം. രാജ്യത്തിന് ആവശ്യമായ ഭക്ഷണം ഇല്ലാത്തതുകൊണ്ടല്ല ജനതയുടെ വിശപ്പ് വർദ്ധിച്ചിരിക്കുന്നത്. ആഗോള വിശപ്പ് സൂചികയിൽ ഇന്ത്യയുടെ സ്ഥാനം താഴേക്കു പോയ അതേ സമയത്ത് രാജ്യത്ത് ആവശ്യത്തിൽ കവിഞ്ഞ ധാന്യ ശേഖരം ഉണ്ടായിരുന്നു. 2021 സെപ്തംബർ 1-ന് ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ പക്കൽ ഉണ്ടായിരുന്നത് 50.2 ദശലക്ഷം ടൺ ധാന്യശേഖരമാണ്. നമുക്ക് ആവശ്യം ഉണ്ടായിരുന്നതാവട്ടെ 26.2 ദശലക്ഷം ടൺ മാത്രം. പ്രതിമാസം ഒരാൾക്ക് 10 കിലോ കണക്കിൽ ഈ ശേഖരം സൗജന്യമായി വിതരണം ചെയ്തിരുന്നെങ്കിൽ ജനങ്ങളുടെ ഭക്ഷ്യാവശ്യം നിറവേറു മാത്രമല്ല, വിലകൾ കുത്തനെ കുറയുകയും ചെയ്യുമായിരുന്നു. എന്നാൽ, ട്രേഡ് യൂണിയൻ പ്രസ്ഥാനം തുടർച്ചയായി ആവശ്യം ഉന്നയിച്ചിട്ടും പ്രഗൽഭരായ സാമ്പത്തിക വിദഗ്ധർ ശക്തമായി ശുപാർശ ചെയ്തിട്ടും, സർക്കാർ ഇതു ചെയ്യാൻ വിസമ്മതിച്ചു.

ഒരു വശത്ത് ധാന്യങ്ങളുടേയും മറ്റ് കാർഷികോൽപ്പന്നങ്ങളുടെയും ഉല്പാദകരായ കൃഷിക്കാർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് പര്യാപ്തമായ വില ലഭിക്കുന്നില്ല. മറുവശത്താകട്ടെ ഇതേ കൃഷിക്കാരിൽ വലിയൊരു വിഭാഗവും തൊഴിലാളികളും ഈ ഉല്പന്നങ്ങൾ വിപണിയിൽ നിന്ന് അമിതമായ വിലകൊടുത്ത് വാങ്ങേണ്ടി വരുന്നു. ഇത് വലിയൊരു വിരോധാഭാസമാണ്. ഉയർന്ന വില ഈടാക്കുന്നതിലൂടെ സമാഹരിക്കുന്ന പണം എവിടെ പോകുന്നു?. യഥാർത്ഥ ഉല്പാദകരായ കൃഷിക്കാരിലേക്ക് അത് എത്തുന്നില്ല. ആ പണം പോകുന്നത് കോർപ്പറേറ്റുകളും ധനിക ഭൂവുടമ വർഗ്ഗവും ആധിപത്യം പുലർത്തുന്ന, വ്യാപാരികളും പണമിടപാടുകാരും അടങ്ങുന്ന ഒരു ദൂഷിത വലയത്തിലേക്കാണ്.

വിലക്കയറ്റത്തിലൂടെ ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുന്ന ദുർവ്വഹമായ ഈ ഭാരം ഇനിയും നമുക്ക് സഹിക്കാൻ കഴിയില്ല. അവശ്യ വസ്തുക്കളുടെ വില താനേ ഉയരുന്നതല്ല. കുത്തക ബിസിനസ്സ് - ധനിക ഭൂഉടമ വർഗ്ഗത്തിന്റെ ലാഭക്കൊതിയെ തൃപ്തിപ്പെടുത്തുന്നതിനുവേണ്ടി സർക്കാരാണ് വിലകൾ വർദ്ധിപ്പിക്കുന്നത്. അതിന് പിഴമൂളേണ്ടി വരുന്നതാകട്ടെ സാധാരണക്കാരും. നവ ഉദാരവൽക്കരണ മുതലാളിത്തത്തിന്റെയും, ഭരണം നടത്തുന്ന അതിന്റെ സേവകരുടെയും യഥാർത്ഥ മുഖമാണ് ഇവിടെ തെളിഞ്ഞു കാണുന്നത്. സി.ഐ.ടി.യു വും ഇതര കേന്ദ്ര ട്രേഡ് യൂണിയനുകളും വിലകൾ കുറക്കുന്നതിനു വേണ്ടിയും ജനങ്ങൾക്ക് ആശ്വാസം എത്തിക്കുന്നതിനു വേണ്ടിയും നിരന്തരമായ പോരാട്ടത്തിലാണ്. താഴെ പറയുന്ന ആവശ്യങ്ങളാണ് നമ്മൾ ഉന്നയിച്ചുകൊണ്ടേയിരിക്കുന്നത്.

@ പൊതുവിതരണ സമ്പ്രദായം സാർവത്രികമാക്കുക. നിത്യ ജീവിതത്തിന് ആവശ്യമായ 14 അവശ്യ ഉല്പന്നങ്ങൾ പൊതുവിതരണ സംവിധാനത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുക.

@ ഭക്ഷ്യധാന്യങ്ങളുടെ ഊഹ-അവധി വ്യാപാരം നിരോധിക്കുക.

@ പെട്രോൾ - ഡീസൽ - പാചക വാതകം എന്നിവയുടെ വില ഉടൻ ഗണ്യമായി കുറക്കുക. പെട്രോളിയം ഉല്പന്നങ്ങളുടെ നികുതി കുറക്കുകയും ഇറക്കുമതി വിലയുടെ അടിസ്ഥാനത്തിൽ വിലനിർണ്ണയിക്കുന്ന നയം ഉപേക്ഷിക്കുകയും ചെയ്യുക. പകരം യഥാർത്ഥ വിലയുടെയും ന്യായമായ ലാഭത്തിന്റെയും അടിസ്ഥാനത്തിൽ വില നിരക്കുകൾ പുനർ നിർണ്ണയിക്കുക.

@ വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനുമുള്ള സർക്കാർ ചിലവ് വർദ്ധിപ്പിക്കുക. ആവശ്യക്കാരായ എല്ലാവർക്കും സർക്കാർ സ്ഥാപനങ്ങളിലൂടെ സൗജന്യ വിദ്യാഭ്യാസവും ആരോഗ്യ സേവനവും ഉറപ്പുവരുത്തുക.

@ ആദായനികുതിദായകരല്ലാത്ത എല്ലാ കുടുംബങ്ങൾക്കും 7500 രൂപ നിരക്കിൽ ഭക്ഷ്യ-വരുമാന പിന്തുണ നൽകുക.

എന്നാൽ നവഉദാരവൽക്കരണ നയങ്ങളോട് പ്രതിബദ്ധത പുലർത്തുന്ന മോദി സർക്കാർ ഈ ആവശ്യങ്ങളൊന്നും നടപ്പാക്കാൻ തയ്യാറല്ല. ഈ ജനകീയ ആവശ്യങ്ങൾ അംഗീകരിക്കുന്നതിന് സർക്കാരിനെ നിർബന്ധിതരാക്കാൻ ജനങ്ങളുടെ കൂട്ടായ പോരാട്ടങ്ങൾക്ക് മാത്രമേ കഴിയൂ. മൂന്ന് കർഷക വിരുദ്ധ നിയമങ്ങൾ പിൻവലിക്കാൻ സർക്കാരിനെ നിർബ്ബന്ധിതരാക്കിയ ഐതിഹാസികമായ കർഷക സമരം നമ്മെ പഠിപ്പിക്കുന്നത് ഈ പാഠമാണ്.

കോർപ്പറേറ്റ് അനുകൂല നയങ്ങൾ തിരുത്തുന്നതിനും അവശ്യ വസ്തുക്കളുടെ വില ഫലപ്രദമായി നിയന്ത്രിക്കുന്നതിനും ജനങ്ങൾക്ക് ആശ്വാസമെത്തിക്കുന്നതിനും മോദി സർക്കാരിനെ പ്രേരിപ്പിക്കുന്നതിനു വേണ്ടിയിട്ടുള്ള പ്രക്ഷോഭത്തിന്റെ ഭാഗമാണ് 2022 ഫെബ്രുവരി 22 - 23 തീയതികളിലെ പൊതുപണിമുടക്ക്. •

# ലോകത്തെ 10 ധനികർ അവരുടെ സമ്പത്ത് 2021ൽ 500 ബില്യൻ വർദ്ധിപ്പിച്ചു



2020-നെ തുടർന്ന് 2021- ഉം ലോകത്തെ മഹാ ഭൂരിപക്ഷത്തിന് ദുരിതവും പട്ടിണിയും സമ്മാനിച്ചാണ് കടന്നുപോയത്. 2022- ലും സ്ഥിതി മെച്ചപ്പെടും എന്ന് പ്രതീക്ഷയില്ല.

ഔദ്യോഗിക കണക്കുകളനുസരിച്ചുതന്നെ 29 കോടിയോളം പേർക്ക് കോവിഡ് ബാധിക്കുകയും 550 ലക്ഷത്തോളം പേർ കോവിഡ് മൂലം മരണപ്പെടുകയും ചെയ്തു. അനൗദ്യോഗിക കണക്കനുസരിച്ച് കോവിഡ് ബാധിച്ച് മരിച്ചവരുടെ എണ്ണം 8 കോടിയിലധികമാണ്. കോവിഡ് മൂലം 2020 ൽ 9 കോടി 70 ലക്ഷം പേർ പരമദരിദ്രരായി മാറി. 2021 ൽ അതിലും അധികം പേർ ദരിദ്രരായി മാറും എന്നാണ് കണക്കാക്കപ്പെടുന്നത്.

2021 അനേകം പേർക്ക് അവരുടെ കിടപ്പാടം നഷ്ടപ്പെട്ട വർഷമാണ്. അവർക്ക് വാടക കൊടുക്കാൻ കഴിയാതെ തെരുവിലിറങ്ങാൻ നിർബന്ധിതമായ വർഷമാണ്. അനേകർക്ക് തൊഴിലും വരുമാനവും നഷ്ടപ്പെട്ടകാലമാണ്. അനേകർ ഒരു നേരത്തെ ഭക്ഷണത്തിനായി അലഞ്ഞ വർഷമാണ്. എന്നാൽ ലോകത്തിന്റെ ധനികവർഗ്ഗത്തിന്റെ സമ്പത്ത് കുതിച്ചുയർന്ന കാലമാണ് 2021.

1990 മുതൽ തന്നെ ധനാഢ്യരുടെ സമ്പത്ത് ഓരോ വർഷവും കുതിച്ചുയരുകയായിരുന്നു. 2750 സമ്പന്നരാണ്, ലോകസമ്പത്തിന്റെ 3.5% നിയന്ത്രിക്കുന്നത്. 1995- ൽ ഇത് 1% ആയിരുന്നു. എന്നാൽ ലോകത്തെ 50% വരുന്ന താഴെക്കിടയിലുള്ള 50% പേരുടെ സമ്പത്ത് ലോകസമ്പത്തിന്റെ 2% മാത്രമാണ്.

ലോകത്തെ 10 ധനാഢ്യരുടെ സമ്പത്ത് 2021 ൽ 500 ബില്യൺ ഡോളർ ഉയർന്നു. ടെസ്‌ല സിഇഒ എലോൺ മസ്കിന്റെ സമ്പത്ത് 2021 ൽ ഉയർന്നത് 121 ബില്യൺ ഡോളറാണ്. മറ്റൊരു ആഢംബര വസ്തുക്കളുടെ ഉല്പാദന വിതരണക്കാരൻ കോടീശ്വരനായ ബെർനാർഡ് അർനോൾട്ടിന്റെ സമ്പത്ത് 2021 ൽ വർദ്ധിച്ചത് 61 ബില്യൺ ഡോളറാണ്. ഗൂഗിളിന്റെ സഹഉടമയായിരുന്ന ലാറിപേജ് അദ്ദേഹത്തിന്റെ സമ്പത്ത് വർദ്ധിപ്പിച്ചത് 47 ബില്യൺ ഡോളറാണ്. മൈക്രോ സോഫ്റ്റ് ചീഫ് എക്സിക്യൂട്ടീവ് സ്റ്റീവ് ബാമർ തന്റെ സ്വത്ത് 2021- ൽ 41 ബില്യൺ വർദ്ധിപ്പിച്ചു.

**കാറൽ മാർക്സ് "മൂലധനത്തിന്റെ" ഒന്നാം വോള്യത്തിൽ പറഞ്ഞത് ഈ ഘട്ടത്തിൽ സ്മരണീയമാണ്. "ഒരു വശത്ത് സമ്പത്ത് കുന്നുകൂടുമ്പോൾ മറുവശത്ത് ദുരിതങ്ങളും വിദ്യാഭ്യാസമില്ലായ്മയും, മാനസിക തകർച്ചയും അടിമസമാനമായ അധ്വാനത്തിന്റെ ദു:ഖങ്ങളും കുമിഞ്ഞു കൂടും." ഇതെഴുതിയ 150 വർഷം മുൻപത്തേക്കാൾ ഇന്ന് ഈ വാക്കുകൾക്ക് പ്രസക്തി കൂടുതലാണ്.**

2022-ലേക്ക് കടക്കുമ്പോൾ കോവിഡിന്റെ പുതിയ വകഭേദം ഒമൈക്രോൺ പടർന്നു പിടിച്ചു കൊണ്ടിരിക്കുകയാണ്. അത് വീണ്ടും സാധാരണക്കാരുടെ ജീവിതം ദുരിതത്തിലാക്കും. 2021- ൽ ലോകത്തെ ധനികരായ 10 പേർ നേടിയ സമ്പത്ത് ഉപയോഗിച്ച് അമേരിക്കയിലെ മൂന്നിലൊന്ന് വിദ്യാഭ്യാസലോണുകളും അടച്ചു തീർക്കാൻ കഴിയുമെന്നാണ് ഒരു കണക്ക്.

കാറൽ മാർക്സ് "മൂലധനത്തിന്റെ" ഒന്നാം വോള്യത്തിൽ പറഞ്ഞത് ഈ ഘട്ടത്തിൽ സ്മരണീയമാണ്. "ഒരു വശത്ത് സമ്പത്ത് കുന്നുകൂടുമ്പോൾ മറുവശത്ത് ദുരിതങ്ങളും വിദ്യാഭ്യാസമില്ലായ്മയും, മാനസിക തകർച്ചയും അടിമസമാനമായ അധ്വാനത്തിന്റെ ദു:ഖങ്ങളും കുമിഞ്ഞു കൂടും." ഇതെഴുതിയ 150 വർഷം മുൻപത്തേക്കാൾ ഇന്ന് ഈ വാക്കുകൾക്ക് പ്രസക്തി കൂടുതലാണ്.

# അഞ്ചുവർഷം ബാങ്കുകൾ എഴുതിത്തള്ളിയത് തിരിച്ചുപിടിച്ചതിന്റെ ഇരട്ടി

കഴിഞ്ഞ അഞ്ചുവർഷത്തിനിടെ രാജ്യത്തെ വാണിജ്യ ബാങ്കുകൾ എഴുതിത്തള്ളതിയത് 9.54 ലക്ഷം കോടി രൂപയുടെ കിട്ടാക്കടം. ഇക്കാലത്ത് തിരിച്ചുപിടിച്ച കിട്ടാക്കട വായ്പയുടെ ഇരട്ടിയോളമാണിത്. അഞ്ചുവർഷത്തിനിടെ ലോക് അദാലത്ത്, ഡെറ്റ് റിക്കവറി ട്രിബ്യൂണൽ, സർഫാസി നിയമം, പാപ്പരത്ത നടപടി എന്നിവ വഴി തിരിച്ചുപിടിക്കാനായത 4.14 ലക്ഷം കോടി രൂപ മാത്രമാണ്. എഴുതിത്തള്ളിയതിൽ ഏഴുലക്ഷം കോടിയും പൊതുമേഖലാ ബാങ്കുകളുടേതാണെന്നും ആർ.ബി.ഐയുടെ കണക്കുകൾ സൂചിപ്പിക്കുന്നു. 2021 മാർച്ച് 31 ലെ കണക്കനുസരിച്ച് ബാങ്കുകളുടെ മൊത്തം ആസ്തിയായ 195 ലക്ഷം കോടി രൂപയുടെ അഞ്ചുശതമാനത്തിനടുത്ത തുകയാണ് എഴുതിത്തള്ളിയത്. ബാങ്കുകളിലെ നിഷ്ക്രിയ ആസ്തി കുറഞ്ഞിരക്കാൻ പ്രധാന കാരണവും എഴുതിത്തള്ളലാണ്. 2018 മാർച്ചിൽ ബാങ്കുകളിലെ മൊത്തം നിഷ്ക്രിയ ആസ്തി ആകെ വായ്പകളുടെ 11.8 ശതമാനം വരെ എത്തിയിരുന്നു. 2021 മാർച്ചിലത് 7.3 ശതമാനമായി കുറഞ്ഞു. പ്രാഥമിക കണക്കുകളനുസരിച്ച് 2021 സെപ്റ്റംബറിലത് 6.9 ശതമാനത്തിലേക്ക് താഴ്ന്നതായി ആർ.ബി.ഐ പറയുന്നു. അഞ്ചുവർഷത്തിനിടയിലെ ഏറ്റവും കുറഞ്ഞ നിരക്കാണിത്.

2020-21 സാമ്പത്തികവർഷം ഷെഡ്യൂൾഡ് വാണിജ്യബാങ്കുകൾ 2.08 ലക്ഷം കോടി രൂപയുടെ വായ്പകൾ എഴുതിത്തള്ളി. ഇതിൽ 1.34 ലക്ഷം കോടി രൂപയാണ് പൊതുമേഖലാ ബാങ്കുകളുടേത്. ഇക്കാലത്ത് ബാങ്കുകൾ തിരിച്ചുപിടിച്ചതാകട്ടെ വിവിധ മാർഗങ്ങളിൽ തിരിച്ചുപിടിക്കാനായി നിർദ്ദേശിച്ച തുകയുടെ 14.1 ശതമാനമായ 64,228 കോടി രൂപ മാത്രം. നാലുവർഷത്തിനിടയിൽ കിട്ടാക്കടം തിരിച്ചുപിടിക്കൽ ഏറ്റവും കുറഞ്ഞതും കഴിഞ്ഞ സാമ്പത്തികവർഷമാണ്. കോവിഡ് മഹാമാരിക്കാലത്ത് സർക്കാർ പ്രഖ്യാപിച്ച ഇളവുകളും തിരിച്ചുപിടിക്കൽ കുറയാൻ കാരണമായിട്ടുണ്ട്.




2014 മുതൽ ഇതുവരെ കേന്ദ്രസർക്കാർ 3.43 ലക്ഷം കോടി രൂപ മൂലധനമായി പൊതുമേഖലാ ബാങ്കുകൾക്ക് നൽകി. ഇതിന്റെ ഇരട്ടിക്കടുത്ത തുകയാണ് അഞ്ചുവർഷം കൊണ്ട് അവയ്ക്ക് എഴുതിത്തള്ളേണ്ടി വന്നത്. വായ്പ തിരിച്ചുപിടിക്കാനുള്ള പാപ്പരത്ത നടപടിയും അത്ര ഫലപ്രദമല്ല. കടബാധ്യതയിൽ വളരെ കുറഞ്ഞ തുകമാത്രമാണ് മിക്ക കേസുകളിലും ബാങ്കുകൾക്ക് ലഭിക്കുന്നത്. നടപടികൾ വൈകുന്നതിനാൽ പല കമ്പനികളെയും ഏറ്റെടുക്കാൻ ആളില്ലാതെ വരുന്നു. വീഡിയോകോൺ ഇൻഡസ്ട്രീസിനും കീഴിലുള്ള 12 കമ്പനികൾക്കുമായി 64,838 കോടി രൂപയുടെ കടബാധ്യതയുണ്ട്. ഇതിനു പാപ്പരത്ത നടപടിയിൽ പുനരുജ്ജീവന പാക്കേജായെത്തിയത് ലിക്വിഡേഷൻ തുകയ്ക്കടുത്തുള്ള 2962 കോടി രൂപ മാത്രമായിരുന്നു. പദ്ധതിക്കുള്ള എൻ.സി.എൽ.ടി അംഗീകാരം കഴിഞ്ഞദിവസം എൻ.സി.എൽ.എ.ടി റദ്ദാക്കിയിട്ടുണ്ട്.

### എഴുതിത്തള്ളൽ

90 ദിവസം തിരിച്ചടവു മുടങ്ങിയ വായ്പകളാണ് കിട്ടാക്കടമായി മാറുന്നത്. നാലുവർഷം വരെ സംശയകരമായി ആസ്തിയായി നിലനിറുത്തിയശേഷം ഇത് ബാലൻസ് ഷീറ്റിൽ നിന്ന് നീക്കും. ഇതാണ് സാങ്കേതികമായി വായ്പ എഴുതിത്തള്ളൽ എന്നു വിളിക്കുന്നത്. ഇതിനു മുമ്പായി കിട്ടാക്കടത്തിന്റെ നിശ്ചിത ശതമാനം തുക ബാങ്കുകൾ പ്രൊവിഷനായി നീക്കിവെച്ചിരിക്കണം. വായ്പ തിരിച്ചുപിടിക്കാൻ കഴിയില്ലെന്നു ബോധ്യപ്പെട്ടാൽ നാലുവർഷത്തിനുമുമ്പും എഴുതിത്തള്ളുന്നതിൽ തടസ്സമില്ല.

# ദ്വിദിന ദേശീയ പണിമുടക്ക് വിജയിപ്പിക്കാൻ കേരളത്തിൽ സംയുക്ത പ്രവർത്തനം

സംസ്ഥാനത്തെ ട്രേഡ് യൂണിയനുകളുടെ സംയുക്ത യോഗം 2022 ജനുവരി 3 ന് തിരുവനന്തപുരത്ത് സിഐടിയു സെന്ററിൽ ചേർന്നു. ഐ.എൻ.ടി.യു.സി. സംസ്ഥാന പ്രസിഡന്റ് ആർ. ചന്ദ്രശേഖരൻ അദ്ധ്യക്ഷത വഹിച്ചു. 2022 ഫെബ്രുവരി 23, 24 തീയ്യതികളിൽ ട്രേഡ് യൂണിയനുകൾ ആഹ്വാനം ചെയ്ത ദേശീയ പണിമുടക്കിനെ സംബന്ധിച്ച് എളമരം കരീം (സിഐടിയു) വിശദീകരിച്ചു. ആനത്തലവട്ടം ആനന്ദൻ, കെ.എസ്. സുനിൽകുമാർ (സിഐടിയു), കെ.പി. രാജേന്ദ്രൻ, ജെ. ഉദയഭാനു (എ.ഐ.ടി.യു.സി.), തോമസ് ജോസഫ് (യു.ടി.യു.സി), അഡ്വ: റഹ്മത്തുള്ള, ജി. മാഹിൻ അബൂബക്കർ (എസ്.ടി.യു.), അഡ്വ: ഗോപി കൊച്ചുരാമൻ (എച്ച്.എം.കെ.പി.), കെ. ചന്ദ്രശേഖരൻ (എൻ.എൽ.സി.), എം. ഉണ്ണികൃഷ്ണൻ (ഐ.എൻ.എൽ.സി.), വി.കെ. സദാനന്ദൻ (എ.ഐ.യു.ടി.യു.സി.), കവടിയാർ ധർമൻ (കെ.ടി.യു.സി.), വി.ആർ. പ്രതാപൻ (ഐ.എൻ.ടി.യു.സി.), സീതാദാസൻ (സേവ), എം.കെ. തങ്കപ്പൻ (ടി.യു.സി .ഐ.), സുനിൽഖാൻ (ജനതാ ലേബർ യൂണിയൻ), ആനയറ രമേശ് (ടി.യു.സി.സി.),ടോമി മാത്യു (എച്ച്.എം.എസ്.), സി. മോഹനൻപിള്ള (കെ.ടി.യു.സി.) എന്നിവർ പങ്കെടുത്തു.




## പ്രചരണ പ്രവർത്തനങ്ങൾ

* സംസ്ഥാന ട്രേഡ് യൂണിയൻ സംയുക്ത കൺവൻഷൻ ജനുവരി 19ന്
* എല്ലാ ജില്ലകളിലും ജില്ലാതല ട്രേഡ് യൂണിയൻ സംയുക്ത യോഗം.
* ജില്ലാ കൺവൻഷനുകൾ ജനുവരി 25-നകം.
* പഞ്ചായത്ത് കൺവൻഷനുകൾ ഫെബ്രുവരി 10നകം.
* ജില്ലാ പ്രചരണ ജാഥകൾ ഫെബ്രുവരി 11-15 തീയ്യതികളിൽ.
* വ്യവസായ സ്ഥാപനങ്ങളിൽ സംയുക്തമായി പണിമുടക്ക് നോട്ടീസ് നൽകും.
* പോസ്റ്ററുകൾ. എല്ലാ പ്രധാന കേന്ദ്രങ്ങളിലും ആകർഷകമായ ബോർഡുകൾ സ്ഥാപിക്കും.
* ലഘുലേഖ അച്ചടിച്ച് വിതരണം ചെയ്യും
* ഫാക്ടറികളിൽ സംയുക്ത ജനറൽബോഡി യോഗങ്ങൾ ഫെബ്രുവരി 10-നകം.
* തൊഴിലാളികൾക്കിടയിൽ ഫെബ്രുവരി 18, 19 20 തീയ്യതികളിൽ സ്ക്വാഡ് പ്രവർത്തനം.
* അങ്ങാടികൾ, വ്യാപാരസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഫെബ്രുവരി 20, 21, 22 തീയ്യതികളിൽ സ്ക്വാഡ് വർക്ക് . മൂന്ന് ദിവസവും വൈകിട്ട് അങ്ങാടികളിൽ പന്തം കൊളുത്തി പ്രകടനം.
* പണിമുടക്ക് ദിവസങ്ങളിൽ ജില്ലാകേന്ദ്രങ്ങളിലും, പഞ്ചായത്ത് കേന്ദ്രങ്ങളിലും പന്തലുകൾ നിർമിച്ച് തൊഴിലാളി കൂട്ടായ്മകൾ, കലാപരിപാടികൾ.
* സോഷ്യൽ മീഡിയ വഴി നല്ല പ്രചരണം.
* പഞ്ചായത്തടിസ്ഥാനത്തിൽ ട്രേഡ് യൂണിയൻ സംയുക്ത പ്രചരണ ജാഥകൾ

# ലോക ചരിത്രത്തിൽ തൊഴിലാളി പ്രസ്ഥാനം രൂപം കൊള്ളുന്നു

### ഡബ്ല്യുഎഫ്ടിയു 12-ാം കോൺഗ്രസ് (1990 നവംബർ 13)

മോസ്കോയിൽ വച്ചാണ് പന്ത്രണ്ടാം ലോക കോൺഗ്രസ് ചേർന്നത്. 132 രാജ്യങ്ങളിൽ നിന്നായി 1079 പ്രതിനിധികൾ പ്രസ്തുത കോൺഗ്രസിൽ പങ്കെടുത്തു. അതിൽ 103 പേർ വനിതകളായിരുന്നു. പന്ത്രണ്ടാം ലോക കോൺഗ്രസിൽ ചർച്ചകൾക്കും സംവാദങ്ങൾക്കും വിധേയമായ പ്രധാനപ്പെട്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിലാളികളുടെ സമകാലീന അവസ്ഥ - സാമ്പത്തിക സ്ഥിതിയുടെ വികാസം, തൊഴിലും സാങ്കേതികവിദ്യയും, തൊഴിൽ സാഹചര്യം,
2. സാമ്പത്തിക മണ്ഡലങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ - കൂലി, തൊഴിൽ, സാങ്കേതിക വിദ്യ, സാമൂഹിക ക്ഷേമം, വിദ്യാഭ്യാസം, പരിസ്ഥിതി, വാർത്താവിനിമയം, സ്ത്രീ, യുവജനങ്ങൾ, കുടിയേറ്റ തൊഴിലാളികൾ, മറ്റ് വിഭാഗങ്ങൾ.

ലോകത്ത് ഉദയം ചെയ്തിരിക്കുന്ന പുതിയ സാമ്രാജ്യത്വ വർഗത്തേയും തൊഴിലാളി വർഗത്തിന് മേലുള്ള അതിന്റെ കടന്നാക്രമണങ്ങളെ കുറിച്ച് അതിസമർഥമായി കോൺഗ്രസ് വിശകലനം നടത്തി. WFTU-വിന്റെ വർഗാധിഷ്ഠിത സ്വഭാവത്തിന്റെ മൂർച്ച കൂട്ടേണ്ടതിന്റെ അനിവാര്യതയെ കുറിച്ച് സമ്മേളനം അടിവരയിട്ട് ഓർമ്മിപ്പിച്ചു.

പുതിയ ജനറൽ സെക്രട്ടറി സമാപന പ്രസംഗം അവസാനിപ്പിച്ചത് ഇങ്ങനെയായിരുന്നു ’ പ്രിയപ്പെട്ട സുഹൃത്തുക്കളെ, പോരാളികളെ, കഴിഞ്ഞ നാല് ദിനങ്ങളിലായി അതിരൂക്ഷമായ സംവാദങ്ങളിൽ നമ്മൾ ഏർപ്പെട്ടിരുന്നു. നമ്മുടെ സംവാദങ്ങളെ മുഴുവൻ ജനാധിപത്യത്തിന്റെ ഉദാത്തതയെ അടിസ്ഥാനപ്പെടുത്തി ഉള്ളതായിരുന്നു. ആ സംവാദങ്ങൾ അറിവിന്റെയും അനുഭവത്തിന്റെയും പുതിയ ആശയങ്ങൾ നമുക്ക് മുന്നിൽ തുറന്നിട്ടു.

പ്രസ്തുത സമ്മേളനം പാസാക്കിയ പ്രഖ്യാപനത്തിലൂടെ തൊഴിലാളിവർഗം അതിന്റെ വർഗ സമരത്തിന്റെ തീഷ്ണതയ്ക്കും പ്രത്യയശാസ്ത്രപരമായ ബോധത്തിനും മൂർച്ച കൂട്ടേണ്ടതിന്റെ അനിവാര്യത അടിവരയിട്ടു പറഞ്ഞു.



എൻ.പത്മലോചനൻ

**ട്രേഡ് യൂണിയൻ സംഘാടനം വർഗാടിസ്ഥാനത്തിൽ തൊഴിലാളികളുടെ ഏറ്റവും താഴെ തട്ടുമുതലുള്ള ഐക്യമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. WFTU, TUISഉമായി ലോകത്തിലെ എല്ലാ രാജ്യങ്ങളിൽ നിന്നുമുള്ള അവരുടെ വ്യാവസായിക ബ്രാഞ്ച് കമ്മീഷനുകളുമായി സഹകരിക്കുന്നു. അങ്ങനെ പ്രവർത്തനത്തിലെ ഐക്യം തൊഴിലാളികളുടെ ഉശിരൻമാരായ പോരാളികളുടെ, ട്രേഡ് യൂണിയൻ സംഘടനകളുടെ പോരാട്ടങ്ങളുടെ സവിശേഷതയായി മാറുന്നു. സംഘടനാപരമായ ഐക്യമാണ് വിജയത്തിലേക്കുള്ള വഴി.**

## പതിനഞ്ചാം ലോക കോൺഗ്രസ് ഒരു വഴിത്തിരിവ് 2005 ഡിസംബർ 14

പതിനഞ്ചാം ലോക കോൺഗ്രസ് ക്യൂബയിലെ ഹവാനയിലാണ് ചേർന്നത്. 87 രാജ്യങ്ങളിൽ നിന്നും 870 പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു. ആധുനിക ലോകത്ത് സംഭവിച്ചു കൊണ്ടിരിക്കുന്ന സകലവിധ മാറ്റങ്ങളെ കുറിച്ചും പ്രധാനപ്പെട്ട രേഖകളും തീരുമാനങ്ങളും കോൺഗ്രസ് കൈക്കൊണ്ടു.

സോവിയറ്റ് യൂണിയന്റെ തകർച്ചയെ തുടർന്ന് അവിടെയുണ്ടായിരുന്ന ട്രേഡ് യൂണിയനുകൾ ഛിന്നഭിന്നമാകുകയും അത് WFTU-വിൽ വലിയ തോതിലുള്ള സാമ്പത്തിക പ്രതിസന്ധിക്ക് ഇടയാക്കുകയും ചെയ്തു. എങ്കിലും പതിനഞ്ചാം കോൺഗ്രസിൽ 84 രാജ്യങ്ങളിൽ നിന്നായി 80 കോടി തൊഴിലാളികളെ പ്രതിനിധീകരിച്ച് 418 പ്രതിനിധികൾ പ്രസ്തുത കോൺഗ്രസിൽ പങ്കെടുത്തു. പതിമൂന്നാം കോൺഗ്രസിൽ ചർച്ചക്ക് വിധേയമാക്കപ്പെട്ട പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു.

1. സോവിയറ്റ് യൂണിയന്റെ രൂപീകരണത്തേയും വികാസത്തേയും കുറിച്ചുള്ള ഒരു ഹ്രസ്വ വിശദീകരണം.
2. പെരിസ്ട്രോയിക്കയുടെ തെറ്റുകളും പാഠങ്ങളും
3. ICFTU-വുമായുള്ള പോരാട്ടവും ഇപ്പോഴത്തെ അവസ്ഥയും
4. ട്രേഡ് യൂണിയനുകളും കമ്പോള സമ്പദ് ഘടനയും
5. അട്ടിമറിക്കപ്പെടുന്ന സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ
6. ട്രേഡ് യൂണിയൻ അവകാശങ്ങൾക്ക് മേലുള്ള കടന്നാക്രമണങ്ങൾ

## ട്രേഡ് യൂണിയനുകളുടെ പങ്ക്

ഗോർബച്ചേവിന്റെ നേതൃത്വത്തിലുള്ള സോവിയറ്റ് സോഷ്യലിസ്റ്റ് വ്യവസ്ഥിതി തകർച്ച നേരിട്ടുകൊണ്ടിരുന്ന അവസാന ഘട്ടത്തിലാണ് WFTUവിന്റെ പന്ത്രണ്ടാം ലോക കോൺഗ്രസ് മോസ്കോയിൽ വച്ച് ചേർന്നത്. സോവിയറ്റ് തിരുത്തൽവാദം ഗോർബച്ചേവിന്റെ നേതൃത്വത്തിൻ കീഴിൽ അതിന്റെ പരകോടിയിൽ എത്തുകയും ലോകത്താകമാനമുള്ള സോഷ്യലിസ്റ്റ് പോരാട്ടങ്ങൾക്ക് പ്രത്യയശാസ്ത്ര പരമായ തലത്തിൽ വലിയ മുറിവ് അത് ഉണ്ടാക്കിത്തീർക്കുകയും ചെയ്തു. ഈ അവസ്ഥ WFTU-വിലും പ്രത്യാഘാതമേൽപ്പിച്ചു. വർഗസമര സിദ്ധാന്തത്തെ എടുത്തുമാറ്റുകയും മുതലാളിത്തത്തോട് സംവാദം നടത്തി പ്രശ്നങ്ങൾ പരിഹരിക്കാമെന്ന നിഗമനത്തിൽ എത്തിച്ചേരുകയും ചെയ്തു.

സാംസ്കാരിക വിപ്ലവത്തിന്റെ കാലഘട്ടത്തിൽ തന്നെ ചൈനയിൽ ട്രേഡ് യൂണിയൻ ഫെഡറേഷൻ WFTU-വിൽ നിന്ന് വിട്ടുപോയിരുന്നു. പോരാടുന്ന ജനങ്ങൾക്കുള്ളതാണ് ഭാവിലോകം എന്നാണ് ഈ സംവാദങ്ങളെല്ലാം നമ്മോട് ഉറക്കെ പറഞ്ഞത്. പ്രതിസന്ധി ഘട്ടങ്ങളെ ധീരമായി മുറിച്ചുകടക്കുന്ന പ്രസ്ഥാനങ്ങൾക്ക് മാത്രമേ ഭാവിയുള്ളൂ എന്ന് അത് നമ്മോട് പറഞ്ഞു.

ഇനി വരുന്ന തലമുറകൾ ചൂഷണവിമുക്തമായ ഉദാത്തമായൊരു ലോകത്ത് ജീവിക്കുക തന്നെ ചെയ്യും.

WFTU-വിന്റെ സ്വതന്ത്രമായ വർഗാധിഷ്ഠിതമായ പ്രവർത്തനങ്ങൾ - 2001ൽ WFTU-ICFTU ഐക്യപ്പെടാനുള്ള സംവാദങ്ങൾ പരാജയപ്പെട്ടു. ഐക്യശ്രമത്തിലുണ്ടായ പരാജയം കൂട്ടാക്കാതെ WFTU വർഗാധിഷ്ഠിത പ്രവർത്തനങ്ങളുമായി സ്വതന്ത്രമായി മുന്നോട്ടുപോയി.

ട്രേഡ് യൂണിയൻ സംഘാടനം വർഗാടിസ്ഥാനത്തിൽ തൊഴിലാളികളുടെ ഏറ്റവും താഴെ തട്ടുമുതലുള്ള ഐക്യമാണ് ലക്ഷ്യമിട്ടുള്ളത്. WFTU, TUIS-ഉമായി ലോകത്തിലെ എല്ലാ രാജ്യങ്ങളിൽ നിന്നുമുള്ള അവരുടെ വ്യാവസായിക ബ്രാഞ്ച് കമ്മീഷനുകളുമായി സഹകരിക്കുന്നു.

അങ്ങനെ പ്രവർത്തനത്തിലെ ഐക്യം തൊഴിലാളികളുടെ ഉശിരൻമാരായ പോരാളികളുടെ, ട്രേഡ് യൂണിയൻ സംഘടനകളുടെ പോരാട്ടങ്ങളുടെ സവിശേഷതയായി മാറുന്നു. സംഘടനാപരമായ ഐക്യമാണ് വിജയത്തിലേക്കുള്ള വഴി. അതോടൊപ്പം സാർവദേശീയ ട്രേഡ് യൂണിയൻ ഐക്യത്തിന്റെ പുനസംഘാടനം പരിഗണനാർഹമായ സംഗതിയുമായി തീരുന്നു.

WFTU-വിന്റെ പതിനഞ്ചാം പ്രസിഡൻഷ്യൽ കൗൺസിലിന്റെ പതിനഞ്ചാം സമ്മേളനം 2002 മാർച്ച് 4 മുതൽ 6 വരെ ബ്രസീലിൽ വച്ച് നടന്നു.

2003 ഒക്ടോബർ 15-16 തീയതികളിൽ ഹാനോയിൽ വച്ച് വിയറ്റ് നാം ജനറൽ കോൺഫെഡറേഷൻ ഓഫ് ലേബർ ആതിഥേയത്വം വഹിച്ച് WFTUവിന്റെ പതിനാലാം സമ്മേളനം നടന്നു. 2002 മാർച്ചിൽ ബ്രസീലിൽ വച്ച് നടന്ന

കഴിഞ്ഞ സമ്മേളനം മുതലുള്ള പുരോഗതി കൗൺസിൽ വിലയിരുത്തി.

ലോകത്തെ കാൽക്കീഴിലാക്കാൻ അമേരിക്ക നടത്തുന്ന അന്യായമായ കയ്യേറ്റത്തിനെതിരെ ഇറാക്കി ജനതയുടെ പോരാട്ടം ശക്തിപ്പെടുകയാണെന്നും ഇസ്രായേൽ കയ്യേറ്റത്തിനെതിരെ പലസ്തീന്റെ വമ്പിച്ച ചെറുത്തുനിൽപ്പിന് ലോകമൊട്ടുക്കുമുള്ള ജനങ്ങളുടെയും തൊഴിലാളികളുടെയും വമ്പിച്ച ഐക്യം ശ്രദ്ധേയമാണ്.

രാഷ്ട്രാന്തരീയ എണ്ണ ഉൽപ്പാദന കോർപറേറ്റുകളെ അനുകൂലിക്കുന്ന അമേരിക്കൻ നയം ഇതിനകം മുമ്പെങ്ങുമില്ലാത്ത വിധം എണ്ണവില കുതിച്ചുകയറുന്നതിന് ഇടയാക്കുകയും അത് ലോകത്തിലെ കൂടുതൽ രാജ്യങ്ങളുടെയും സാമ്പത്തിക സ്ഥിതിയുടെ അടിത്തറ തോണ്ടുകയും ചെയ്യുന്നു. ഹാനോയിൽ നടന്ന പ്രസിഡൻഷ്യൽ കൗൺസിൽ സമ്മേളനത്തിൽ ഇറാക്കിലെ വിദേശ കയ്യേറ്റം അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ടു.

പലസ്തീനിലെ ജനങ്ങളോടും തൊഴിലാളികളോടുമുള്ള ഐക്യദാർഢ്യ WFTU-വും അതിന്റെ അംഗരാജ്യ സംഘടനകളും പ്രകടിപ്പിച്ചു. ഐക്യദാർഢ്യത്തിനായുള്ള ഇന്റർനാഷണൽ ട്രേഡ് യൂണിയൻ കമ്മിറ്റിയുമായി സഹകരിച്ചു. ഇസ്രായേൽ നടത്തുന്ന കടന്നുകയറ്റങ്ങൾക്കെതിരെയുള്ള പലസ്തീന്റെ തൊഴിലാളികളുടെയും ജനങ്ങളുടെയും പോരാട്ടങ്ങൾക്ക് ശക്തമായ പിന്തുണ നൽകി.

## ഇറാക്കിലെ അമേരിക്കൻ കടന്നുകയറ്റത്തിനെതിരെ

അന്തർദേശീയ നിയമങ്ങളും യുഎൻ ചാർട്ടറും മൊത്തത്തിൽ ലംഘിച്ച് ഇറാക്കിൽ സൈനിക ആക്രമണം നടത്തിയ അമേരിക്കൻ ഭരണകൂടത്തിന്റെ കയ്യേറ്റനയങ്ങൾക്കെതിരെ WFTU-വും മറ്റ് ട്രേഡ് യൂണിയനുകളും സമാധാനശക്തികളും എതിർപ്പ് ശക്തമാക്കി.

ആഗോളവൽക്കരണവുമായി ബന്ധപ്പെട്ട് ഐഎൽഒ കമ്മീഷൻ ശുപാർശകൾ നടപ്പിലാക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് പ്രക്ഷോഭങ്ങൾ നടത്താൻ കൗൺസിൽ ആവശ്യപ്പെട്ടു.

WFTU-വിന്റെ യൂറോപ്യൻ മേഖലാ ബ്യൂറോ 2004 ഏപ്രിലിൽ ഏതൻസിൽ വച്ച് നടന്നു. 7.5 ദശലക്ഷം പ്രാതിനിധ്യമുള്ള സംഘടനകൾ സമ്മേളനത്തിൽ പങ്കെടുത്തു.

ആഗോളവൽക്കരണത്തിന്റെയും നവഉദാരവൽക്കരണങ്ങളുടെയും പ്രതിലോമ സാമ്പത്തിക സാമൂഹിക അനന്തരഫലങ്ങളാൽ യൂറോപ്പിലെമ്പാടും മറ്റ് വൻകരകളിലും ആകുലതകൾ വർധിക്കുന്നു. ഇപ്പോൾ വർധിച്ചുവരുന്ന വ്യാവസായിക സാങ്കേതിക വികസനങ്ങൾക്ക് യൂറോപ്പിലെ എല്ലാ പൗരന്മാർക്കും മാന്യമായ ജീവിതം ഉറപ്പുവരുത്താൻ കഴിയുന്നില്ലെന്ന് കൗൺസിൽ വിലയിരുത്തി. സമ്മേളനത്തിൽ പങ്കെടുത്തവർ ബൊളീവിയയിലെയും വെനിസ്വേലയിലെയും സൈപ്രസിലേയും ജനങ്ങളോടും ഇന്ത്യയിൽ തമിഴ്നാട് സംസ്ഥാനത്തിൽ ഒരു സമരത്തിൽ പങ്കെടുത്തതിന്റെ പേരിൽ പക പോക്കലിന് ഇരയാക്കപ്പെട്ട 1,75,000-ന് മേൽ സർക്കാർ ജീവനക്കാരോടും അധ്യാപകരോടും ഐക്യദാർഢ്യം പ്രകടിപ്പിക്കുകയും ചെയ്തു.

രണ്ടായിരമാണ്ടിൽ ട്രേഡ് യൂണിയൻ സ്വാതന്ത്ര്യത്തിനും ജനാധിപത്യ അവകാശങ്ങൾക്കുമായി സാൻഫ്രാൻസിസ്കോയിൽ ഒരുകൂട്ടം അമേരിക്കൻ ട്രേഡ് യൂണിയനുകൾ സംഘടിപ്പിച്ച ഓപ്പൺ വേൾഡ് കോൺഫറൻസിലും WFTU ഭാഗഭാക്കായി. ഈ സമ്മേളനം സംഘടിപ്പിച്ച കമ്മിറ്റി അമേരിക്കൻ സേനകളുടെ ഇറാക്കിൽ നിന്നുള്ള പിൻവാങ്ങലിനായി സജീവമായ പ്രചരണം നടത്തിയിട്ടുണ്ട്.

ക്യൂബക്കെതിരായ ഉപരോധത്തിനെതിരെയാ സമരത്തിൽ പിന്തുണ നൽകാനും WFTU ലോകമൊട്ടുമുള്ള അതിന്റെ അംഗസംഘടനകളോട് ആവശ്യപ്പെട്ടു. അമേരിക്കൻ ഭരണകൂടത്തിന്റെ സാമ്രാജ്യത്വ നയത്തിന്റെ അനന്തരഫലമായി ക്യൂബക്കുണ്ടായ സാമ്പത്തിക നഷ്ടം 8200 കോടി ഡോളറിന് മുകളിലാണ്. ക്യൂബയിലെ അഞ്ച് പൗരന്മാരുടെ അമേരിക്കൻ ഗവൺമെന്റ് അന്യായമായി തടങ്കലിൽ വച്ചതിന് യുഎന്നും ലോക ജനത ആകെത്തന്നെയും അപലപിച്ചിട്ടുണ്ട്. അമേരിക്കയിലെ കോടതി പോലും ഒരു പുനർവിചാരണ കൽപ്പിച്ചിട്ടുണ്ട്. WFTU അതിന്റെ അംഗസംഘടനകളും അവരുടെ സത്വര മോചനം ആവശ്യപ്പെട്ടു. ക്യൂബൻ റിപ്പബ്ലിക്കനെതിരെ അമേരിക്ക നടത്തുന്ന അന്തർദേശീയ പ്രചരണങ്ങൾക്ക് WFTUവും അംഗസംഘടനകളും യുഎൻ. മനുഷ്യാവകാശ കമ്മീഷനിലും ഐഎൽഒയിലും മറ്റ് യുഎൻ ബോഡികളിലും ശക്തമായി അപലപിച്ചിട്ടുണ്ട്.•



പാർലമെന്റിൽ നിന്നും സസ്പെൻഷൻ കഴിഞ്ഞ് തിരുവനന്തപുരത്ത് സിഐടിയു ആസ്ഥാനത്ത് എത്തിയ സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി സ. എളമരം കരീം എം.പി. ഭാരവാഹിയോഗത്തിൽ വച്ച് സിഐടിയു സംസ്ഥാന പ്രസിഡന്റ് സ. ആനത്തലവട്ടം ആനന്ദൻ ചുവപ്പ് ഷാൾ അണിയിച്ച് സ്വീകരിക്കുന്നു.

# കേരള ബീഡി & സിഗാർ വർക്കേഴ്സ് ഫെഡ. സംസ്ഥാന സമ്മേളനം



കേരള ബീഡി ആന്റ് സിഗാർ വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന സമ്മേളനം കണ്ണൂർ സി.കണ്ണൻ സ്മാരക ഹാളിൽ നടന്നു. സിഐടിയു സംസ്ഥാന വൈസ് പ്രസിഡന്റ് സ. ടി.പി. രാമകൃഷ്ണൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു. ഫെഡറേഷൻ വൈസ് പ്രസിഡന്റ് പി.വി. കുഞ്ഞപ്പൻ അധ്യക്ഷനായി. ടി.പി. ശ്രീധരൻ രക്തസാക്ഷി പ്രമേയവും പി. ശാന്തകുമാരി അനുശോചന പ്രമേയവും അവതരിപ്പിച്ചു. ജനറൽ സെക്രട്ടറി കെ.പി. സഹദേവൻ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. സ്വാഗതസംഘം ചെയർമാൻ കെ. മനോഹരൻ സ്വാഗതം പറഞ്ഞു. ഗ്രൂപ്പ് ചർച്ചയും പൊതുചർച്ചയും നടന്നു. 250 പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു. പുകവലി നിരോധനത്തെ തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട ലക്ഷക്കണക്കിന് ബീഡി തൊഴിലാളികളെ സംരക്ഷിക്കണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു.**പുതിയ ഭാരവാഹികൾ :** എ.കെ. നാരായണൻ (പ്രസിഡന്റ്), കെ.പി. സഹദേവൻ (ജനറൽ സെക്രട്ടറി), എൻ.കെ. അക്ബർ എംഎൽഎ, പി.വി. കുഞ്ഞപ്പൻ, ടി.പി. ശ്രീധരൻ, യു.കെ. മണി, ബേബി ഷെട്ടി, പി. പത്മിനി (വൈസ് പ്രസിഡന്റുമാർ), കെ. ഭാസ്കരൻ, മണ്ടുക്ക് മോഹനൻ, പി. കമലാക്ഷൻ, പി. ശാന്തകുമാരി, എ.വി. താഹിറ, ടി.കെ. ബിന്ദു (ജോ.സെക്രട്ടറിമാർ), കെ. കുഞ്ഞനന്തൻ (ട്രഷറർ).



എ.കെ. നാരായണൻ കെ.പി. സഹദേവൻ കെ.കുഞ്ഞനന്തൻ




ജനുവരി എട്ടിന് ബിടിആർ ഭവനിൽ വച്ച് ചേർന്ന കേരള അഗ്രിക്കൾച്ചറൽ സ്റ്റാഫ് യൂണിയൻ സംസ്ഥാന സമ്മേളനം സിഐടിയു സംസ്ഥാന സെക്രട്ടറി സ. കെ.എസ്. സുനിൽകുമാർ ഉദ്ഘാടനം ചെയ്യുന്നു.




പൊതുമേഖലാ തൊഴിലാളികളുടെ ദേശീയ കൺവൻഷനിൽ സ. കെ.എൻ. ഗോപിനാഥ് സംസാരിക്കുന്നു.